**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-2026)

## അൻപത്തിമൂന്നാമത് റിപ്പോർട്ട്

**(2024 ഒക്ടോബർ മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കേരള കാർഷിക സർവകലാശാലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-2026)

## അൻപത്തിമൂന്നാമത് റിപ്പോർട്ട്

**(2024 ഒക്ടോബർ മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കേരള കാർഷിക സർവകലാശാലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

1189/2024.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 98 |
| അനുബന്ധം II : | | |
| സർക്കാരിൽനിന്നും ലഭിച്ച മറുപടി | .. | 108 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2023-2026)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-26)-യുടെ അൻപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കേരള കാർഷിക സർവകലാശാലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2024 ഒക്ടോബർ മാസം 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2024 ഒക്ടോബർ 7.

# റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കേരള കാർഷിക സർവകലാശാലയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.**

ഓഡിറ്റ് ഖണ്ഡിക

**റിവോൾവിംഗ് ഫണ്ടുകൾ**

കാർഷിക സർവകലാശാലയുടെ ഉദ്ദേശലക്ഷ്യങ്ങൾക്കായി ലഭ്യമായ വിഭവശേഷി വർദ്ധിപ്പിക്കുന്നതിലും കൂടുതൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിലും റിവോൾവിംഗ് ഫണ്ടുകളുടെ പ്രസക്തിയും പ്രായോഗിക ക്ഷമതയുമാണ് അവലോകനത്തിന് വിധേയമാക്കിയത്. 2010-11 മുതൽ 2014-15 വരെയുള്ള പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ടുകൾ സർവകലാശാലയ്ക്കുണ്ടാക്കിയ നേട്ടങ്ങളും നിലവിലെ പ്രവർത്തന സംവിധാനത്തിന്റെ പിഴവുകളും പരിമിതികളും പരിശോധിക്കുകയുണ്ടായി.

കാർഷിക മേഖലയിലെ വിവിധ ഗവേഷണങ്ങൾക്കും പഠന പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സർവകലാശാലയുടെ ഗവേഷണ കേന്ദ്രങ്ങളും മറ്റ് സംരംഭങ്ങളും നിലനിൽക്കുന്നുണ്ട്. ഈ കേന്ദ്രങ്ങളിലെ കൃഷി സ്ഥലങ്ങളുടെയും കാർഷികേതര ഭൂമിയുടെയും പരിപാലനം ഗവേഷണത്തിനാവശ്യമായ ധനസഹായങ്ങൾ കൊണ്ട് മാത്രം സാധിക്കുന്നതല്ല. സർക്കാരിന്റെ പദ്ധതിയേതര ധനസഹായത്തിൽ നിന്നുമാണ് ഇതിനായുള്ള പണം സർവകലാശാല കണ്ടെത്തേണ്ടത്. എന്നാൽ ശമ്പളം/പെൻഷൻ ആനുകൂല്യങ്ങൾക്കുപോലും പദ്ധതിയേതര ധനസഹായം തികയാതെ വരുന്ന സാഹചര്യത്തിൽ യൂണിവേഴ്സിറ്റി അതിന്റെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു. ഇതോടുകൂടി സർവകലാശാല ആഭ്യന്തര ഉൽപ്പാദനത്തിലും വിപണനത്തിലും കൂടുതൽ ശ്രദ്ധചെലുത്തുകയും റിവോൾവിംഗ് ഫണ്ടുകൾ സർവകലാശാലയിൽ വ്യാപകമാകുകയും ചെയ്തു. കഴിഞ്ഞ നാലു വർഷത്തെ വരവു വിവരങ്ങൾ സംക്ഷേപിക്കുമ്പോൾ ആകെ വരവിന്റെ 54.85%വും റിവോൾവിംഗ് ഫണ്ടിൽ നിന്നാണെന്ന് കാണുന്നു.

സർവകലാശാലയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ റിവോൾവിംഗ് ഫണ്ടിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ ഉൾപ്പെടുന്നില്ലെങ്കിലും പല റിവോൾവിംഗ് ഫണ്ടുകളും മുഖേന ഒട്ടനവധി നേട്ടങ്ങൾ സർവകലാശാലയ്ക്കും കാർഷിക സമൂഹത്തിനും കൈവന്നിട്ടുണ്ട്.

2014-15 വർഷത്തെ കണക്ക പ്രകാരം (യൂഫാസ്റ്റ്) കാർഷിക സർവകലാശാലയ്ക്ക് കീഴിൽ 117 റിവോൾവിംഗ് ഫണ്ടുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തന മേഖലകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തന മേഖല | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1. | വിത്ത്, നടീൽ വസ്തുക്കൾ, ഗ്രാഫ്റ്റ്, ലെയർ തൈകൾ ഉൽപ്പാദനം, വിൽപ്പന | 55 |
| 2. | ടിഷ്യൂ കൾച്ചർ തൈകളുടെ ഉൽപ്പാദനം, വിപണനം | 11 |
| 3. | ജൈവ കീട നിയന്ത്രണം, ജൈവ വളങ്ങൾ | 7 |
| 4. | മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ | 7 |
| 5. | മണ്ണ് പരിശോധന | 5 |
| 6. | വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോഴ്സുകൾ | 9 |
| 7. | മറ്റിനങ്ങൾ | 23 |
| | **ആകെ** | **117** |

ഗുണമേന്മയുള്ള വിത്ത്, നടീൽ വസ്തുക്കളുടെ വ്യാപകമായ ഉൽപ്പാദനവും വിതരണവും വഴി കാർഷിക മേഖലയിൽ നേരിട്ട് സ്വാധീനം ചെലുത്താനും ഈ മേഖലയിൽ സവിശേഷമായ നേട്ടങ്ങളുണ്ടാക്കാനും റിവോൾവിംഗ് ഫണ്ട് പ്രവർത്തനങ്ങളിലൂടെ സർവകലാശാല കേന്ദ്രങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

രാസവളങ്ങളും കീടനാശിനികളും വ്യാപകമായ കാർഷിക മേഖലയിൽ ജൈവകീട നിയന്ത്രണം, ജൈവ വളങ്ങളുടെ ഉപയോഗം എന്നിവയിലൂടെ പരിസ്ഥിതി സൗഹാർദ്ദപരമായ കാർഷിക സംസ്കാരം തിരിച്ചു പിടിക്കാനുള്ള എളിയ തോതിലുള്ള ശ്രമങ്ങൾ സർവകലാശാല നടത്തി വരുന്നുണ്ട്.

കാർഷിക ഉൽപ്പന്നങ്ങളിൽ വിവിധ തരത്തിലുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും വിപണനം ചെയ്യുകയും അത്തരം അറിവുകൾ ട്രെയിനിംഗ്, സെമിനാറുകൾ മുതലായവയിലൂടെ കാർഷിക സമൂഹത്തിൽ എത്തിച്ച് പുതിയൊരു തൊഴിൽ/ചെറുകിട വ്യവസായ മേഖലയ്ക്ക് പശ്ചാത്തലമൊരുക്കുകയും ചെയ്യുന്നതിൽ റിവോൾവിംഗ് ഫണ്ടുകളുടെ പ്രവർത്തനം സഹായകമായിട്ടുണ്ട്.

ഗവേഷണം കഴിഞ്ഞാൽ സർവകലാശാലയുടെ അടുത്ത പ്രധാനപ്പെട്ട പ്രവർത്തനം വിജ്ഞാന വ്യാപനം (extension) ആണ്. ഇതിനായുള്ള മുഖ്യ സംവിധാനം കൃഷി വിജ്ഞാന കേന്ദ്രങ്ങളും വിജ്ഞാന വ്യാപന വിഭാഗവുമാണെങ്കിലും മേൽ പരാമർശിച്ച

പ്രവർത്തനങ്ങളിലൂടെ വ്യാപന പ്രക്രിയയിൽ റിവോൾവിംഗ് ഫണ്ടുകൾ പരോക്ഷ സംഭാവനകൾ നൽകി വരുന്നുണ്ട്. സ്ഥിരമായ വിപണന സംവിധാനങ്ങൾ നിലനിർത്തി കർഷകരുമായി നിരന്തര വിനിമയത്തിനുള്ള സാഹചര്യമൊരുക്കാൻ ചില കേന്ദ്രങ്ങളിലെങ്കിലും അവയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.2.1)

1. ഓഡിറ്റ് ഖണ്ഡിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**നിഗമനങ്ങളും ശിപാർശകളും**

**2. റിവോൾവിംഗ് ഫണ്ടുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പ്രത്യേക പരാമർശം കൂടാതെ സമിതി അംഗീകരിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റിവോൾവിംഗ് ഫണ്ടുകളുടെ നിലവിലെ പ്രവർത്തന സംവിധാനത്തിന്റെ പിഴവുകളും പരിമിതികളും**

1971-ലെ കാർഷിക സർവകലാശാലാ നിയമ പ്രകാരമുള്ള സർവകലാശാലയുടെ ലക്ഷ്യങ്ങളും, ഡയറക്ടർ ഓഫ് റിസർച്ചിന്റെ R2/65600/11 തീയതി:22-11-2012 പ്രകാരമുള്ള റിവോൾവിംഗ് ഫണ്ടിന്റെ പ്രവർത്തന മാർഗ്ഗരേഖയിലെ ലക്ഷ്യങ്ങളും തമ്മിൽ പ്രത്യക്ഷമായി പൊരുത്തപ്പെടുന്നില്ല. റിവോൾവിംഗ് ഫണ്ട് പ്രവർത്തനത്തെ സ്റ്റാറ്റ്യൂട്ട് പ്രകാരമോ സർവകലാശാലാ ജനറൽ കൗൺസിൽ/എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനം, സർവകലാശാല ഉത്തരവ് എന്നിവ മുഖേനയോ ഇന്നോളം നിയമപരമാക്കിയിട്ടില്ല. നിലവിൽ സർവകലാശാലയിൽ പ്രവർത്തിച്ചു വരുന്ന റിവോൾവിംഗ് ഫണ്ടുകൾ കേന്ദ്രീകൃതമായ നിയമങ്ങളുടെയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഐകരൂപ്യത്തോടെ നടന്നു വരുന്നവയല്ല. ആയതിനാൽ തന്നെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ, നിയന്ത്രണ സംവിധാനങ്ങൾ, കണക്ക് സൂക്ഷിപ്പ്, പ്രവർത്തന ഫലങ്ങളുടെ വിശ്വാസ്യത എന്നിവ തികച്ചും ആധികാരികതയില്ലാത്തവയായി തുടരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.2.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

3. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**4. സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റിവോൾവിംഗ് ഫണ്ട് പ്രവർത്തന മാർഗ്ഗരേഖ സമഗ്രമല്ല**

**എ) വരവ് അക്കൗണ്ടിംഗ് നിർദ്ദേശത്തിലെ വൈരുദ്ധ്യം**

യൂണിവേഴ്സിറ്റിയിലെ റിവോൾവിംഗ് ഫണ്ട് പ്രവർത്തനവുമായി ബന്ധപ്പെട്ട് ഡയറക്ടർ ഓഫ് റിസർച്ചിന്റെ മാർഗ്ഗരേഖയിൽ പല അവ്യക്തതകളും നിലനിൽക്കുന്നതായി കാണുന്നു. ടി മാർഗ്ഗനിർദ്ദേശത്തിൽ റിവോൾവിംഗ് ഫണ്ടുകളുടെ ലക്ഷ്യത്തിൽ രണ്ടാമതായി രേഖപ്പെടുത്തിയത് ഇങ്ങനെയാണ് "to develop the stations/units financially self sustainable by undertaking commercially viable initiatives and reduce dependence on Government Non-Plan grants". എന്നാൽ ടി മാർഗ്ഗനിർദ്ദേശത്തിൽ തന്നെ sub point V-ൽ ii-ന്റെ സാമ്പത്തിക നടത്തിപ്പുമായി ബന്ധപ്പെട്ട് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ അതത് കേന്ദ്രങ്ങളിൽ ലഭിക്കുന്ന വരവ് തുകകൾ പ്രതിമാസം കംപ്ട്രോളർ അക്കൗണ്ടിലേക്ക് ഒടുക്കാൻ (Corpus amount ഒഴികെ) നിർദ്ദേശിക്കുന്നു. മേൽ സൂചിപ്പിച്ച രണ്ട് കാര്യങ്ങളും പരസ്പര വിരുദ്ധമാണ്.

**ബി) കോർപ്പസ് ഫണ്ട് നിർവചനത്തിലെ അവ്യക്തത**

ഐ.സി.എ.ആർ. പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം (Guidelines for operation of Revolving Fund Schemes at ICAR Institute and SAUs, 1996) ഒരു സവിശേഷ കാർഷിക പ്രവർത്തനത്തിനു രൂപം കൊടുക്കാൻ ആവശ്യമായ സീഡ് മണി എന്ന നിലയ്ക്ക്, ഒറ്റത്തവണ ധനസഹായമായി നൽകുന്ന തുകയാണ് കോർപ്പസ് ഫണ്ട്. ഇത് പ്രവർത്തനക്ഷമമാകുന്നതോടെ സ്വന്തം ലാഭത്തിൽ തുടർപ്രവർത്തനം സാധ്യമാവുകയും കോർപ്പസ് ആവശ്യമെങ്കിൽ തിരികെ ഒടുക്കി തൻകാലിൽ നിൽക്കുകയും ചെയ്യുക എന്നതാണ് ഐ.സി.എ.ആർ. മുന്നോട്ടു വയ്ക്കുന്ന കോർപ്പസ് നിർവചനത്തിന്റെ അന്ത:സത്ത (F.No.6(4)/95-PI&M Dtd:28-5-1996 പ്രകാരമുള്ള ഐ.സി.എ.ആർ. കത്തും അനുബന്ധ മാർഗ്ഗനിർദ്ദേശവും കാണുക). എന്നാൽ സർവകലാശാല മാർഗ്ഗ നിർദ്ദേശം കോർപ്പസ് തുകയെ നിർവചിക്കുന്നത് വാർഷിക ഗ്രാന്റ് വിഹിതത്തിനു തത്തുല്യമായാണ്.

"An amount equal to 50% of annual expenditure of previous years, in case of ongoing RF; and 50% of Budget Estimate of new schemes will be sanctioned as corpus amount by the Comptroller. Corpus amount of the ongoing schemes will be enhanced for smooth functioning of the scheme".

മേൽ നിർദ്ദേശം ഫലത്തിൽ കോർപ്പസ് ഫണ്ടിന്റെയും റിവോൾവിംഗ് ഫണ്ട് എന്ന സ്വയംപര്യാപ്ത സംവിധാനത്തിന്റെയും തെറ്റായ നിർവചനമാണ്. ഐ.സി.എ.ആർ. നിർവചനത്തിന്റെ അടിസ്ഥാനത്തിലും ലാഭ വിഹിതത്തിന്റെ അവശ്യഭാഗം റിവോൾവിംഗ് ഫണ്ടുകളുടെ പ്രവർത്തനത്തുടർച്ചയ്ക്ക് മാത്രമായി മാറ്റത്തക്ക വിധത്തിലും മാർഗ്ഗനിർദ്ദേശത്തിൽ തിരുത്തലുകൾ വരുത്താത്തിടത്തോളം സ്കീമുകൾക്ക് തത്തുല്യമായ ഒരു സംവിധാനം മാത്രമായേ കാർഷിക സർവകലാശാലയിലെ റിവോൾവിംഗ് ഫണ്ടുകൾക്ക് നിലനിൽക്കാനാവൂ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.2.2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

5. പ്രസ്തുത ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**6. സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**റിവോൾവിംഗ് ഫണ്ട് നിയന്ത്രണ സംവിധാനം ഫലപ്രദമല്ല**

റിവോൾവിംഗ് ഫണ്ടുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കേന്ദ്രീകൃത നിയന്ത്രണ സംവിധാനം ഫലപ്രദമായ രീതിയിൽ യൂണിവേഴ്സിറ്റിയിൽ നിലനിൽക്കുന്നതായി കാണുന്നില്ല. റിവോൾവിംഗ് ഫണ്ടുകളുടെ എണ്ണം, അതിന്റെ വരവ്-ചെലവ് കണക്കുകൾ, ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ എന്നിങ്ങനെ യൂണിവേഴ്സിറ്റിയുടെ വാർഷിക കണക്കിൽ രേഖപ്പെടുത്തുന്ന വിശദാംശങ്ങളിൽ മിക്കതിലും തെറ്റായ കണക്കുകളാണ് കാണുന്നത്. ഇത് സൂചിപ്പിക്കുന്നത് നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ ആണ്. നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം മൂന്നു തലത്തിലാണ് റിവോൾവിംഗ് ഫണ്ടുകളുടെ നിയന്ത്രണവും, വിലയിരുത്തലും നടത്തപ്പെടേണ്ടത്.

യൂണിറ്റ് തലം

മേഖലാ തലം

സർവകലാശാല തലം

ഫലപ്രദമായ അവലോകന സംവിധാനത്തിന്റെ അഭാവത്തിൽ റിവോൾവിംഗ് ഫണ്ടുകളുടെ സാമ്പത്തിക വഴക്കവും, ഗുണമേന്മയും യഥാവിധി വിശകലനം ചെയ്യപ്പെടുന്നില്ല. കണക്കു സൂക്ഷിപ്പിലും ഗുണ നിലവാരത്തിലും റിവോൾവിംഗ് ഫണ്ടുകൾ നേരിടുന്ന പല പ്രതിസന്ധികൾക്കും ഇതും ഒരു മുഖ്യകാരണമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.2.2.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

7. പ്രസ്തുത ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**8. പുതുക്കി അംഗീകരിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ഖണ്ഡിക നം.VI-ൽ കർശനമായ നിയന്ത്രണ സംവിധാനങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടി അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തെറ്റായ വാർഷിക കണക്കുകൾ**

റിവോൾവിംഗ് ഫണ്ടുമായി ബന്ധപ്പെട്ട കേന്ദ്രീകൃത നിയന്ത്രണ സംവിധാനങ്ങളുടെ പോരായ്മകളും, റിവോൾവിംഗ് ഫണ്ട് കണക്കെഴുത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന പിഴവുകളും സർവകലാശാലയുടെ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നുണ്ട്. 2013-14, 2014-15 വാർഷിക കണക്കുകളിൽ ഉൾപ്പെട്ട റിവോൾവിംഗ് ഫണ്ടുകളിൽ 25 എണ്ണത്തിൽ ഒരു രൂപ പോലും വരവു വന്നതായി രേഖപ്പെടുത്തിയിട്ടില്ല. ടി വരവു കണക്കുകളുടെ ആകെ തുകയാണ് റിവോൾവിംഗ് ഫണ്ടിന്റെ ആകെ വരവു കണക്കായി 2013-14, 2014-15 വാർഷിക കണക്കുകളിൽ നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം-5 ആയി കൊടുക്കുന്നു.

അനുബന്ധം 5 (1), 5(2) പട്ടികയിലെ റിവോൾവിംഗ് ഫണ്ടുകളിൽ ടി വർഷങ്ങളിൽ യഥാർത്ഥത്തിൽ തുകകൾ വരവ് വന്നിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ വന്ന വരവ് തുകകൾ സർവകലാശാല ആഭ്യന്തര വരുമാനം എന്ന ശീർഷകത്തിലേക്ക് തെറ്റായി രേഖപ്പെടുത്തിയതിനാലാണ് ഈ പിഴവുകൾ സംഭവിച്ചതെന്ന് ടി കേന്ദ്രങ്ങളിലെ കണക്കുകളുടെ പരിശോധനയിൽ വ്യക്തമായി. കണക്കുകൾ തെറ്റായി രേഖപ്പെടുത്തുമ്പോൾ ആയത് പരിശോധിക്കാനും തെറ്റ് തിരുത്താനുമുള്ള നിയന്ത്രണ സംവിധാനം നിലവിലില്ലാത്തതാണ് ഇത്തരം പിഴവുകൾക്ക് കാരണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.2.2.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

9. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**10. കൃത്യമായ അക്കൗണ്ടിംഗ് സംവിധാനം, അത് കർശനമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം എന്നിവ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിൻപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുമുണ്ടെന്ന സർക്കാർ മറുപടി സമിതി അംഗീകരിക്കുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റിവോൾവിംഗ് ഫണ്ടുകളുടെ കണക്കുകൾ-യഥാർത്ഥ ചിത്രം നൽകുന്നില്ല**

മിക്ക കേന്ദ്രങ്ങളിലും വിവിധ പ്രോജക്ടുകളുടെ ഭാഗമായി ഉൽപ്പാദിപ്പിക്കപ്പെട്ട ഉൽപന്നങ്ങൾ വിൽപ്പന നടത്തുമ്പോൾ വരവ് ഇതേ പ്രോജക്ടിൽ തന്നെ ബുക്കു ചെയ്ത് കാണുന്നില്ല. പല കേന്ദ്രങ്ങളിലും ഈ വരവുകൾ അവിടെയുള്ള റിവോൾവിംഗ് ഫണ്ടിന്റെ കണക്കിലാണ് ഉൾപ്പെടുത്താറ്. ഇത്തരത്തിലുള്ള വരവുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള കണക്കുകളാണ് റിവോൾവിംഗ് ഫണ്ടിന്റെ കണക്കുകളായി അവതരിപ്പിക്കപ്പെടുന്നത്. ഇത്തരത്തിലുള്ള തെറ്റായ അക്കൗണ്ടിംഗിലൂടെ ഫലത്തിൽ റിവോൾവിംഗ് ഫണ്ടുകൾക്ക് ഇല്ലാത്ത സ്വയംപര്യാപ്തതയുണ്ടെന്ന് തോന്നിപ്പിക്കുന്നു.

റിവോൾവിംഗ് ഫണ്ട് പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാവിധ ചെലവുകളും ആയതിന്റെ ചെലവിനങ്ങളിൽ ഉൾപ്പെടുത്തി കാണാറില്ല. ഒരു റിവോൾവിംഗ് ഫണ്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ ലഭ്യമായ വസ്തുക്കൾ കേന്ദ്രത്തിന്റെ സ്റ്റോക്കിൽ നിന്നും എടുത്ത് ഉപയോഗിക്കുമ്പോൾ ഈ വസ്തുക്കളുടെ അടിസ്ഥാന വില പ്രസ്തുത റിവോൾവിംഗ് ഫണ്ടിന്റെ ചെലവിൽ ഉൾപ്പെടുത്തുന്നില്ല. അതുകൊണ്ട് തന്നെ റിവോൾവിംഗ് ഫണ്ടുമായി ബന്ധപ്പെട്ട ചെലവുകളുടെ യഥാർത്ഥ ചിത്രമല്ല ആയതിന്റെ രേഖാമൂലമുള്ള കണക്കുകളിൽ ഉൾപ്പെടുത്തുന്നത്.

ലാഭകരം എന്ന തോന്നിപ്പിക്കുന്ന മറ്റ് നിരവധി റിവോൾവിംഗ് ഫണ്ടുകളുടെ കാര്യത്തിലും യാഥാർത്ഥ്യം മറിച്ചാണ്. പശ്ചാത്തല സൗകര്യം, വിഭവങ്ങൾ എന്നിവ സ്റ്റേഷനിൽ നിന്നോ മറ്റ് പദ്ധതികളിൽ നിന്നോ ലഭ്യമാകുന്നതുകൊണ്ട് മാത്രമാണ് അവയിൽ പലതും 'നഷ്ടമില്ലാതെ' നിലനിന്നു പോരുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.2.2.4.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

11. ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാണിച്ച റിവോൾവിംഗ് ഫണ്ടുകളുടെ പ്രവർത്തന സംവിധാനത്തിന്റെ പിഴവുകളും പരിമിതികളും സംബന്ധിച്ച് വിശദാംശം സമിതി ആരാഞ്ഞപ്പോൾ, 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ കണക്കിലെടുത്ത് ജില്ലയിലെ റിവോൾവിംഗ് ഫണ്ടുകളുടെ പ്രവർത്തന സംവിധാനത്തിലുള്ള അപാകതകൾ പരിഹരിച്ച്, പരാമർശങ്ങളിൽ പറഞ്ഞിരിക്കുന്ന എല്ലാ ഘടകങ്ങളുമുൾപ്പെടുത്തി 2018-ൽ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും ആയതിനെ അടിസ്ഥാനപ്പെടുത്തിയാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും കേരള കാർഷിക സർവകലാശാല ജോയിന്റ് രജിസ്ട്രാർ അറിയിച്ചു.

12. റിവോൾവിംഗ് ഫണ്ടിന്റെ പ്രവർത്തനം മാർഗ്ഗനിർദ്ദേശപ്രകാരമാണോ നടക്കുന്നതെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതാണോയെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന്, ഇക്കാര്യം ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതാണെന്ന് കേരള കാർഷിക സർവകലാശാല ജോയിന്റ് രജിസ്ട്രാർ മറുപടി നൽകി.

13. റിവോൾവിംഗ് ഫണ്ടുമായി ബന്ധപ്പെട്ട ഏറെ പ്രശ്നങ്ങൾ 2018-ലെ ഉത്തരവിലൂടെ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നും റിവോൾവിംഗ് ഫണ്ട് വാണിജ്യപരമായി ലാഭകരവും സാമ്പത്തിക സ്ഥിരതയുള്ളതും ആയിരിക്കണമെന്നുള്ളതുകൊണ്ട് എല്ലാ വരവുചെലവ്

കണക്കുകളുമുൾപ്പെടുത്തി പ്രോഫിറ്റ് ആൻഡ് ലോസ് അക്കൗണ്ട് മോഡലിൽ ആയിരിക്കണമെന്നും ഈ രീതിയിൽ പരിശോധിച്ചാൽ ലാഭമോ നഷ്ടമോ വാണിജ്യപരമായ ലാഭമോ ആണോയെന്ന് വിലയിരുത്താൻ സാധിക്കാത്ത സാഹചര്യം നിലവിലുമുണ്ടെന്നും അക്കാര്യം 2018-19-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നും ഭരണപരവും ഘടനാപരവുമായ കുറേക്കാര്യങ്ങൾ ഇതിലൂടെ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നും കൂടാതെ സേവനമൂല്യങ്ങൾ കൃത്യമായി അതിൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ഓഫീസർ ബോധ്യപ്പെടുത്തി.

14. റിവോൾവിംഗ് ഫണ്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കൃത്യമായ കണക്കുകൾ സൂക്ഷിക്കാൻ കഴിയുന്നില്ലെന്നത് പ്രധാനപ്പെട്ടൊരു വിഷയമാണെന്നും കേന്ദ്രത്തിന്റെ സ്റ്റോക്കിൽ നിന്ന് വസ്തുക്കൾ ഉപയോഗിക്കുമ്പോൾ അവയുടെ അടിസ്ഥാന വില പ്രസ്തുത റിവോൾവിംഗ് ഫണ്ടിന്റെ ചെലവിലുൾപ്പെടുന്നില്ലെന്നും 2018-ൽ ഉത്തരവ് പുറപ്പെടുവിച്ച ശേഷവും ഇക്കാര്യങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചിട്ടില്ലെന്നും സമിതി ചൂണ്ടിക്കാണിച്ചു.

15. റിവോൾവിംഗ് ഫണ്ട് സർവകലാശാലയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലുൾ പ്പെട്ടിട്ടില്ലെന്നും സർവകലാശാലയ്ക്ക് അധികവരുമാനമുണ്ടാക്കി എടുക്കുകയെന്നലക്ഷ്യമുണ്ടെങ്കിലും അതിനേക്കാൾ പ്രധാനം അതിലുൾപ്പെട്ട സാമൂഹിക ഉത്തരവാദിത്തമാണെന്നും റിവോൾവിംഗ് ഫണ്ടുകളെല്ലാം തന്നെ കൃഷി അടിസ്ഥാനമാക്കിയുള്ളതാണെന്നും വിത്തുകളും വളങ്ങളും ഉൽപ്പാദിപ്പിച്ച് കൂടുതൽ പേർക്ക് വിൽക്കുന്നതിലൂടെ അധിക ലാഭമുണ്ടാക്കാമെങ്കിലും എത്രത്തോളം ലാഭമുണ്ടാക്കാൻ ശ്രമിക്കുന്നുവോ അത്രയും കൃഷിക്കാരുടെ നഷ്ടമായി മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളൂവെന്നും റിവോൾവിംഗ് ഫണ്ടുകളിൽ നിരവധി തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുള്ളത് സാമൂഹിക ഉത്തരവാദിത്ത മോഡലിലാണെന്നും അതുകൊണ്ടാണ് പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നതെന്നും കേരള കാർഷിക സർവകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു.

16. ചെലവഴിക്കുന്ന തുക മുഴുവൻ നഷ്ടമായി മാറുന്ന സ്ഥിതിയാണുള്ളതെന്നും സാമൂഹിക ഉത്തരവാദിത്തം പരിഗണിക്കുന്നതോടൊപ്പം ലാഭനഷ്ടം മനസ്സിലാക്കാൻ കൃത്യമായ കണക്ക് സൂക്ഷിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

17. വരവുചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് കേരള കാർഷിക സർവകലാശാല രജിസ്ട്രാർ അറിയിച്ചപ്പോൾ പ്രസ്തുത കണക്കുകൾ പരിശോധിച്ചാൽ നഷ്ടമാണോ ലാഭമാണോയെന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി.

18. വളരെ കുറച്ച് കേന്ദ്രങ്ങൾ മാത്രമേ ലാഭനഷ്ടങ്ങളില്ലാതെ പ്രവർത്തിക്കുന്നുള്ളൂവെന്നും ചില കേന്ദ്രങ്ങൾ ഒഴികെ ബഹുഭൂരിപക്ഷം കേന്ദ്രങ്ങളും നല്ല വരുമാനമുണ്ടാക്കുകയും അതിൽനിന്നുള്ള ലാഭവിഹിതം എല്ലാവർഷവും സർവകലാശാലയ്ക്ക് നൽകുകയും ചെയ്യുന്നുണ്ടെന്നും കേരള കാർഷിക സർവകലാശാല ജോയിന്റ് രജിസ്ട്രാർ അറിയിച്ചു.

19. റിവോൾവിംഗ് ഫണ്ടിനത്തിൽ എത്ര രൂപയാണ് ലഭിക്കുന്നതെന്നും ഓരോ വർഷവും വ്യത്യസ്ത തുകയാണോ ലഭിക്കുന്നതെന്നും സമിതി ആരാഞ്ഞപ്പോൾ ഓരോ വർഷവും ലഭിക്കുന്ന ലാഭത്തിന്റെ വിഹിതം എല്ലാ റിവോൾവിംഗ് ഫണ്ടുകളിൽ നിന്നും ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് അടയ്ക്കാറുണ്ടെന്നും യൂണിവേഴ്സിറ്റിയുടെ UFAST എന്ന വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്ന റിവോൾവിംഗ് ഫണ്ടിന്റെ വരവും ചെലവും പരിശോധിച്ചാൽ ഇതുസംബന്ധിച്ച കൃത്യമായ വിവരം ലഭിക്കുമെന്നും കേരള കാർഷിക സർവകലാശാല ജോയിന്റ് രജിസ്ട്രാർ വ്യക്തമാക്കി.

20. രേഖകൾ ഓഡിറ്റ് വകുപ്പിൽ ഹാജരാക്കാത്തതുകൊണ്ടാണ് ഓഡിറ്റ് പരാമർശമുണ്ടായതെന്ന് അഭിപ്രായപ്പെട്ട സമിതി UFAST-നെക്കുറിച്ച് ഓഡിറ്റിലെ ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്താൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് ആരാഞ്ഞു. ആയത് ബോധ്യപ്പെടുത്തിയിട്ടുള്ളതാണെന്ന് കേരള കാർഷിക സർവ കലാശാല ജോയിന്റ് രജിസ്ട്രാർ തദവസരത്തിൽ മറുപടി നൽകി.

21. ഒരു ഉൽപാദന യൂണിറ്റിലെ തൊഴിലാളികളുടെ ശമ്പളം നോൺ പ്ലാൻ ഇനത്തിലാണ് വരുന്നതെന്നും നോൺ പ്ലാൻ ഒരിക്കലും റിവോൾവിംഗ് ഫണ്ടിന്റെ കണക്കിൽ ഉൾപ്പെടുത്താറില്ലെന്നും മനുഷ്യശേഷിക്കുവേണ്ട ചെലവുകൾ കൂടി റിവോൾവിംഗ് ഫണ്ടിന്റെ ചെലവിൽ രേഖപ്പെടുത്തിയാൽ മാത്രമേ യഥാർത്ഥ ചിത്രം വ്യക്തമാകുകയുള്ളൂവെന്നും അതുകൊണ്ടാണ് വിഷയങ്ങൾ കൃത്യമായി നിരീക്ഷിച്ച് പ്രത്യേക പഠനവിധേയമാക്കണമെന്ന് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെടുന്നതെന്നും ഓഡിറ്റ് ഓഫീസർ ബോധ്യപ്പെടുത്തി.

22. 2018-ലെ ഉത്തരവിൽ, ഓരോ റിവോൾവിംഗ് ഫണ്ട് സ്കീമിന്റെയും പ്രവർത്തനം പ്രത്യേകം വിലയിരുത്തി ബന്ധപ്പെട്ട ഓരോ വ്യക്തിക്കും പ്രോത്സാഹനം നൽകുന്ന കാര്യം സർവകലാശാല പരിഗണിക്കുന്നതാണെന്നും വാർഷിക സാമ്പത്തിക കണക്കുകൾ ബാലൻസ് ഷീറ്റ് അടിസ്ഥാനത്തിൽ തയ്യാറാക്കി സർവകലാശാലയ്ക്ക് നൽകേണ്ടതും ആയത് വാർഷിക അവലോകന യോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നുണ്ടെന്നും ഇതുസംബന്ധിച്ച പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലെന്നാണ് ഓഡിറ്റിന്റെ കണ്ടെത്തൽ എന്നും സമിതി വ്യക്തമാക്കി. റിവോൾവിംഗ് ഫണ്ട് യൂണിറ്റുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും അവലോകനം നടത്തുന്നതിനുമായി സ്റ്റേഷൻ, മേഖല, സർവകലാശാല തലങ്ങളിൽ സംവിധാനമൊരുക്കിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു.

23. ഓരോ സാമ്പത്തിക വർഷം കഴിയുമ്പോഴും റിവോൾവിംഗ് ഫണ്ടുകൾ സ്റ്റേഷൻ, മേഖല, സർവകലാശാല തലങ്ങളിലുള്ള മോണിറ്ററിംഗ് നടത്തണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മുൻ വർഷം റിവോൾവിംഗ് ഫണ്ടിന്റെ പ്രവർത്തനത്തിനായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിച്ചതിനുശേഷം ഇക്കാര്യങ്ങൾ കൃത്യമായി നടപ്പാക്കുന്നുണ്ടെന്നും കേരള കാർഷിക സർവകലാശാല ജോയിന്റ് രജിസ്ട്രാർ വ്യക്തമാക്കി.

24. ഇക്കാര്യം ഓഡിറ്റ് വിഭാഗത്തെ ബോധ്യപ്പെടുത്തിയാൽ മാത്രമേ ഓഡിറ്റ് പരാമർശം ഒഴിവാക്കുകയുള്ളൂവെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ഓരോ കേന്ദ്രങ്ങളിലായാണ് റിവോൾവിംഗ് ഫണ്ട് യൂണിറ്റിന്റെ പ്രവർത്തനം നടക്കുന്നതെന്നും കംപ്ട്രോളറുടെ അക്കൗണ്ടിലേയ്ക്ക് UFAST-ൽ വരുന്ന വിശദാംശം അല്ലാതെ മറ്റൊന്നും കിട്ടുകയില്ലെന്നും നഷ്ടത്തിലുള്ള റിവോൾവിംഗ് ഫണ്ടുകൾ തുടരേണ്ടതില്ലെന്ന നിർദ്ദേശമുള്ളതുകൊണ്ട് റിവോൾവിംഗ് ഫണ്ട് യൂണിറ്റിന്റെ പ്രവർത്തനം നടക്കുന്ന 21 സ്റ്റേഷനുകളും കൃത്യമായി പരിശോധിക്കപ്പെടുന്നുണ്ടെന്നും വാർഷിക പരിശോധനയ്ക്കു ശേഷം നഷ്ടത്തിലുള്ള റിവോൾവിംഗ് ഫണ്ട് യൂണിറ്റുകൾ നിർത്തലാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നുണ്ടെന്നും റിവോൾവിംഗ് ഫണ്ട് യൂണിറ്റിന്റെ വിശദാംശം പ്രത്യേക സ്റ്റേഷനുകളിലായി ലഭിക്കുന്നതിനാലാണ് കേന്ദ്രീകൃത അക്കൗണ്ടിൽ പ്രതിഫലിക്കാത്തതെന്നും സ്റ്റേഷൻ ഓഡിറ്റ് വരുമ്പോൾ മാത്രമേ ഇതുസംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭിക്കുന്നുള്ളൂ വെന്നതുകൊണ്ടായിരിക്കാം ഇത്തരമൊരു പരാമർശത്തിന് ഇടയായതെന്നും പല വിവരങ്ങളും ആവശ്യപ്പെട്ടാൽ മാത്രമേ സ്റ്റേഷനിൽ നിന്നും ലഭിക്കുകയുള്ളൂവെന്നും സ്ഥിരം ജീവനക്കാരെക്കൂടാതെ കരാർ ജീവനക്കാരെയും ഉൾപ്പെടുത്തിയാണ് റിവോൾവിംഗ് ഫണ്ട് യൂണിറ്റുകൾ പ്രവൃത്തിക്കുന്നതെന്നും ഇത് സ്വതന്ത്രമായി പ്രവർത്തിക്കുന്നതുകൊണ്ടാണ് കേന്ദ്രീകൃതമായ വിശദാംശം ലഭിക്കാത്തതെന്നും ത്രിതല അവലോകന സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും റിവോൾവിംഗ് ഫണ്ടുകളെ വിലയിരുത്തുന്നതും പുതിയവയ്ക്കുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുന്നതും 2018-ലെ ഉത്തരവിലെ മാർഗ്ഗനിർദ്ദേശ മനുസരിച്ചാണെന്നും ഗവേഷണ വിഭാഗത്തിൽ ആയതിന്റെ യോഗനടപടിക്കുറിപ്പ് ലഭ്യമാണെന്നും ആയത് ഓഡിറ്റ് വിഭാഗത്തിനുകൂടി ലഭ്യമാക്കാമെന്നും കേരള കാർഷിക സർവകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു.

25. 2018-19-ലെ ഓഡിറ്റ് റിപ്പോർട്ടിന്റെ തുടർച്ചയായി കൃത്യമായ കണക്കുകൾ പറയുന്നുണ്ടെന്നും 2016-17-ൽ ആകെയുള്ള 123 റിവോൾവിംഗ് ഫണ്ട് യൂണിറ്റുകളിൽ വരവിൽ കൂടുതൽ ചെലവുള്ള 27 യൂണിറ്റുകളുണ്ടെന്നും (22%)2017-18-ൽ ആകെയുള്ള 131 റിവോൾവിംഗ് ഫണ്ട് യൂണിറ്റുകളിൽ വരവിൽ കൂടുതൽ ചെലവുള്ള യൂണിറ്റുകളുടെ എണ്ണം 30 ആണെന്നും (23%) 2018-ലെ ഉത്തരവ് ഇറക്കിയതിനുശേഷം 2018-19-ൽ ആകെ 130 റിവോൾവിംഗ് ഫണ്ട് യൂണിറ്റുകൾ ഉള്ളതിൽ വരവിൽ കൂടുതൽ ചെലവുള്ളത്

42 യൂണിറ്റുകളാണെന്നും (35%) ഇതിന്റെ കാരണം എന്താണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ഓഫീസർ ആരാഞ്ഞു. പശു, ആട്, കോഴി എന്നിവയുള്ള യൂണിറ്റുകളാണുള്ളതെന്നും സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിലാണ് റിവോൾവിംഗ് ഫണ്ടിന്റെ കീഴിൽ വരുന്ന യൂണിറ്റുകളിൽ പരിശോധന നടത്തുന്നതെന്നും അതിനാൽ നഷ്ടസാധ്യതയുണ്ടെന്നും കറവ തീർന്ന പശുവുണ്ടെങ്കിൽ ആ വർഷം നഷ്ടമായിരിക്കുമെന്നും 50 കോഴികളെ വാങ്ങിയാൽ, വാങ്ങി 6 മാസം കഴിയുമ്പോഴാണത് മുട്ടയിട്ട് തുടങ്ങുന്നതെന്നും ആ സമയത്തും കോഴിത്തീറ്റയുടെ ചെലവ് വരുന്നുണ്ടെന്നും സാമ്പത്തിക വർഷത്തിന്റെ കണക്ക് പരിശോധിക്കുമ്പോഴാണ് നഷ്ടം വരുന്നതെന്നും എന്നാൽ യൂണിറ്റ് ലാഭത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നതെന്നും സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം മേധാവിയായ ഡയറക്ടർ (പ്ലാന്റേഷൻ) വ്യക്തമാക്കി.

26. മൂന്നു മുതൽ അഞ്ചുവരെ വർഷങ്ങളിലെ വരവുചെലവ് കണക്കുകൾ പരിശോധിച്ചാണ് അവലോകനം നടത്തുന്നതെന്നും ഒരു വർഷം വിൽപ്പന നടത്തിയാൽ വരുമാനമുണ്ടാകുന്നത് തൊട്ടടുത്ത വർഷമായിരിക്കുമെന്നും സർക്കാരിന്റെ വാർഷിക പ്ലാനുകൾ മുഖേന വരുമാനം ചെലവഴിക്കുമ്പോൾ ചിലപ്പോൾ റിവോൾവിംഗ് ഫണ്ടിന്റെ കണക്കുകളിൽ ഉൾക്കൊള്ളിക്കേണ്ടി വരുമെന്നും ആ സാഹചര്യത്തിൽ നഷ്ടത്തിന്റെ അളവ് കൂടുതലായിരിക്കുമെന്നും കേരള കാർഷിക സർവകലാശാല രജിസ്ട്രാർ വിശദീകരിച്ചു.

27. ഒരു വർഷത്തെ തുടർച്ചയായ പ്രോജക്ടായതിനാൽ ആയത് ശരിയായിരിക്കാമെന്നും ഓരോ വർഷത്തെയും ബാലൻസ് ക്യാരി ഓവർ ചെയ്ത് ബാലൻസ് ഷീറ്റ് മോഡിലേയ്ക്ക് മാറ്റിയാൽ റിവോൾവിംഗ് ഫണ്ട് യൂണിറ്റ് ലാഭമാണോ നഷ്ടമാണോയെന്നും ആ പ്രോജക്ട് നിലനിർത്താൻ സാധിക്കുമോയെന്നും മനസ്സിലാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

28. വ്യാവസായിക യൂണിറ്റുകൾ തയ്യാറാക്കുന്നതുപോലെ ബാലൻസ് ഷീറ്റ് തയ്യാറാക്കാൻ പ്രസ്തുത യൂണിറ്റുകൾക്ക് സാധിക്കില്ലെന്നും റിവോൾവിംഗ് ഫണ്ടിൽ ബുക്ക് ചെയ്യുന്ന എക്സ്പെൻഡിച്ചറിൽ നിന്നുള്ള വരുമാനം കഴിയുന്നതും റിവോൾവിംഗ് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കേരള കാർഷിക സർവകലാശാല ഡയറക്ടർ (സീഡ്സ്) അറിയിച്ചു.

29. അക്കൗണ്ട് ബുക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണെന്നും അവ ഓഡിറ്റിന് വിധേയമാക്കുമ്പോൾ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന രീതിയിലായിരിക്കണമെന്നും തുടർന്നുവന്ന നടപടിക്രമം ശരിയല്ലാത്തതുകൊണ്ടാണ് 2018-ൽ സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചതെന്നും നിർദ്ദിഷ്ട മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ കുറേ മാറ്റങ്ങളുണ്ടായെന്നും ബാലൻസ് ഷീറ്റ് മോഡിലേയ്ക്ക് മാറുകയാണെങ്കിൽ കൂടുതൽ സുതാര്യതയുണ്ടാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

30. കാർഷിക സർവകലാശാലയും ഓഡിറ്റ് വകുപ്പും പിന്തുടർന്ന അക്കൗണ്ടിംഗ് രീതികളിൽ വൈരുദ്ധ്യങ്ങളുണ്ടെന്ന് ചൂണ്ടിക്കാട്ടിയ സമിതി ഓഡിറ്റ് വകുപ്പും സർവകലാശാലയുമായി ചർച്ച ചെയ്ത് പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും കണക്കുകൾ കൃത്യമാക്കാനും സാധിക്കുന്ന സംവിധാനമുണ്ടാക്കണമെന്ന് നിർദ്ദേശിച്ചു. കാർഷിക സർവകലാശാലയുടെ പദ്ധതികൾ കാലാവധിക്കുള്ളിൽ തീരുന്നതല്ലാത്തതിനാൽ അതിന്റേതായ പ്രായോഗിക പ്രശ്നങ്ങളുണ്ടാകുമെന്നും ആയത് എങ്ങനെ പരിഹരിക്കണമെന്ന് ഓഡിറ്റ് വകുപ്പും സർവകലാശാലയും കൂടി ചർച്ച ചെയ്ത് തീരുമാനമെടുത്തില്ലെങ്കിൽ പ്രസ്തുത രീതി തുടർന്നുകൊണ്ടിരിക്കുമെന്നും തെളിവെടുപ്പിൽ ചൂണ്ടിക്കാട്ടിയ കാര്യങ്ങളോട് യോജിക്കുന്നുണ്ടെങ്കിലും സർവകലാശാല നടത്തുന്ന ഓരോ പ്രവൃത്തിയിലും സൂക്ഷ്മത പുലർത്തുന്നില്ലെന്നും അവലോകനങ്ങൾ കൃത്യമായി നടക്കുന്നില്ലെന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട് എന്ന് പറയുമ്പോൾ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പ്രവൃത്തികൾ നടക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

31. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്താമെന്ന് കേരള കാർഷിക സർവകലാശാല ഡയറക്ടർ (സീഡ്സ്) സമിതിക്ക് ഉറപ്പ് നൽകി.

### നിഗമനങ്ങളും ശിപാർശകളും

**32. റിവോൾവിംഗ് ഫണ്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർവകലാശാലയ്ക്ക് കൃത്യമായ കണക്കുകൾ സൂക്ഷിക്കാൻ കഴിയുന്നില്ലായെന്നത് ഒരു പ്രധാന പോരായ്മയാണെന്ന് സമിതി നിരീക്ഷിക്കുന്നു. അക്കൗണ്ട് ബുക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണെന്നും അവ ഓഡിറ്റിന് വിധേയമാക്കുമ്പോൾ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന രീതിയിലായിരിക്കണമെന്നും ബാലൻസ് ഷീറ്റ് മോഡിലേയ്ക്ക് മാറുകയാണെങ്കിൽ കൂടുതൽ സുതാര്യതയുണ്ടാകുമെന്നും സമിതി വിലയിരുത്തുന്നു.**

**33. കാർഷിക സർവകലാശാലയും ഓഡിറ്റ് വകുപ്പും പിന്തുടർന്ന അക്കൗണ്ടിംഗ് രീതികളിൽ വൈരുദ്ധ്യമുള്ളതിനാൽ ഓഡിറ്റ് വകുപ്പും സർവകലാശാലയും ചർച്ച ചെയ്ത് പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും കണക്കുകൾ കൃത്യമാക്കാനും ഉതകുന്ന സംവിധാനമുണ്ടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗുണമേന്മ ഉറപ്പാക്കുന്നതിലെ പിഴവുകൾ**

പുതിയ ഇനം നടീൽ വസ്തുക്കൾ, മൂല്യവർദ്ധിത ഉൽപന്നങ്ങൾ, സാങ്കേതികോപാധികൾ എന്നിവ ജനകീയമാക്കുന്നതിൽ റിവോൾവിംഗ് ഫണ്ടുകൾ ഗണ്യമായ പങ്ക

വഹിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം വ്യാപകമായി വിതരണം ചെയ്യുമ്പോൾ ഗുണമേന്മ ഉറപ്പാക്കുവാൻ സർവകലാശാല കേന്ദ്രങ്ങൾക്ക് പലപ്പോഴും കഴിയാറില്ല. ഗുണമേന്മാ മാനദണ്ഡങ്ങൾ മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രതിപാദിച്ചു കാണുന്നുമില്ല. സർവകലാശാലയിൽ ഉൽപാദിപ്പിക്കുന്നവയ്ക്ക് പുറമേ സകാര്യ സ്ഥാപനങ്ങളിൽ നിന്നും വിത്ത്, നടീൽ വസ്തുക്കൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ വാങ്ങി കേവലം സാമ്പത്തിക നേട്ടങ്ങൾക്കു വേണ്ടി മാത്രമെന്നോണം സർവകലാശാലയുടെ പേരിൽ വിൽപ്പന നടത്തുന്ന രീതി നിലവിലുണ്ട്. റിവോൾവിംഗ് ഫണ്ട് ലാഭകരമാക്കാനുള്ള ഇത്തരം കുറുക്കു വഴികൾ സർവകലാശാലയ്ക്ക് ആശാസ്യമല്ലെന്ന് ഓഡിറ്റ് കരുതുന്നു.

ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ഗ്രോബാഗിൽ പച്ചക്കറി വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട ഫണ്ടിൽ 2012-13 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിലെ വിവിധ മുനിസിപ്പാലിറ്റികളിലെ തെരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകൾക്കായി കാർഷിക ഗവേഷണ കേന്ദ്രം ആനക്കയത്തിൽ നിന്നും വിതരണം ചെയ്ത ഗ്രോ ബാഗുകളിൽ പോട്ടിങ്ങ് മിക്സ്ചറിന്റെയും പച്ചക്കറി തൈകളുടെയും ഗുണ നിലവാരം ഉറപ്പാക്കുന്നതിൽ കേന്ദ്രത്തിന് വീഴ്ച സംഭവിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പത്രങ്ങളിൽ നിന്നും കേന്ദ്രത്തിന് ലഭിച്ച പരാതികൾ യൂണിവേഴ്സിറ്റിയുടെ വിശ്വാസ്യതയെ ബാധിക്കുന്നതാണ്.

റിവോൾവിംഗ് ഫണ്ട് ലാഭകരമാക്കുക എന്ന ഉദ്ദേശ്യത്തോടെ സ്വകാര്യ നഴ്സറികളിൽ നിന്നും നടീൽ വസ്തുക്കൾ വാങ്ങി വിൽപ്പന നടത്തുന്ന രീതി ചില റിവോൾവിംഗ് ഫണ്ടുകളിൽ കണ്ടുവരുന്നുണ്ട്. വേരുപിടിച്ചു തുടങ്ങിയ തൈകൾ സ്വകാര്യ നഴ്സറികളിൽ നിന്ന് വാങ്ങുകയും ആയത് പോട്ടിങ്ങ് മിക്സ്ചർ നിറച്ച പോളിത്തീൻ ബാഗിൽ നടുകയും വേരുറച്ച് രണ്ടോ മൂന്നോ മാസങ്ങൾക്ക് ശേഷം വാങ്ങിയതിന്റെ പത്തിരട്ടിയോളം വില ചുമത്തി സർവകലാശാലയുടെ പേരിൽ വിൽപ്പന നടത്തുകയുമാണ് ചെയ്തു വരുന്നത്. ഉപഭോക്താവിനെ സംബന്ധിച്ചിടത്തോളം യൂണിവേഴ്സ്റ്റിയുടെ സ്വന്തം ഉൽപ്പന്നം എന്ന വിശ്വാസ്യത ഒരു മുഖ്യ മാനദണ്ഡമായതിനാൽ റിവോൾവിംഗ് ഫണ്ടുകളിൽ നടത്തുന്ന ഇത്തരം ഔട്ട് സോഴ്സിംഗ് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു.

ഫോറസ്ട്രി കോളേജ്, വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന "Mass production and distribution of planting material of woody speices” (6106) എന്ന റിവോൾവിംഗ് ഫണ്ടിന്റെ കീഴിൽ 2013-14 വർഷത്തിൽ നടത്തിയ തേൻ വിൽപ്പനയിൽ, വിൽപ്പന നടത്തിയ മുഴുവൻ തേനും സ്വകാര്യ വ്യക്തികളിൽ നിന്നും വാങ്ങിയതായും അത് കുപ്പികളിൽ നിറച്ച് സർവകലാശാല ലേബൽ ഒട്ടിച്ച് വിൽപ്പന നടത്തിയതായും ഓഡിറ്റ് പരിശോധനയിൽ കണ്ടു.

പൊതു മാർക്കറ്റിൽ നിന്ന് വാങ്ങുന്ന തേനിന്റെ ഗുണമേന്മയിൽ യാതൊരു ഉറപ്പും ഇല്ലാത്ത സാഹചര്യത്തിലാണ് സർവകലാശാല സ്വന്തമായി ഉൽപ്പാദിപ്പിച്ച ഗുണമേന്മയുള്ള തേൻ എന്ന നിലയിൽ ഉപഭോക്താക്കൾ ആയത് വാങ്ങാനെത്തുന്നത്. എന്നാൽ മേൽ നടപടി സർവകലാശാലയിലുള്ള അവരുടെ വിശ്വാസ്യതയെയും ഗുണമേന്മാ മാനദണ്ഡങ്ങളെയും ഇല്ലാതാക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.2.2.5.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, പുറത്തുനിന്നും നടീൽ വസ്തുക്കൾ വാങ്ങി കാർഷിക സർവകലാശാലയുടെ പേരിൽ വിൽക്കരുതെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് കേരള കാർഷിക സർവ കലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) മറുപടി നൽകി.

35. 2020-21 വർഷത്തെ കാർഷിക സർവകലാശാലയുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 1-4-1.2-ൽ ഇതുസംബന്ധിച്ച പരാമർശങ്ങളുണ്ടെന്ന് നിയമസഭ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി സമിതിയെ അറിയിച്ചു.

36. സ്വകാര്യ നഴ്സറിയിൽ നിന്നും വാങ്ങിയുള്ള വിൽപ്പനയിനത്തിൽ 7,22,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നുണ്ടെന്നാണ് ഓഡിറ്റ് പരാമർശമെന്നും സർവകലാശാല ഗവേഷണ വിഭാഗത്തിന്റെ നിർദ്ദേശപ്രകാരം നടീൽ വസ്തുക്കൾ യാതൊരു കാരണവശാലും സ്വകാര്യ നഴ്സറിയിൽ നിന്നും വാങ്ങരുതെന്ന സർക്കുലർ നിലനിൽക്കുമ്പോൾ അതിന് വിരുദ്ധമായി സ്വകാര്യ നഴ്സറിയിൽ നിന്നും വാങ്ങി അടുത്ത ദിവസങ്ങളിൽ ഇരട്ടി വിലയ്ക്ക് വിൽപ്പന നടത്തിയെന്നാണ് ഓഡിറ്റ് പരാമർശം എന്ന് സമിതി ചൂണ്ടിക്കാട്ടി. മാതൃവൃക്ഷങ്ങൾ ഇല്ലാത്തതുകൊണ്ട് ചില സമയത്ത് അങ്ങനെ ചെയ്യുന്നുണ്ടെന്ന കാർഷിക സർവകലാശാലയുടെ വിശദീകരണം ശരിവക്കുകയാണെങ്കിൽ തന്നെ മുൻകൂർ അനുവാദത്തോടു കൂടി മാത്രമേ വാങ്ങാൻ പാടുള്ളൂവെന്ന് അഭിപ്രായപ്പെട്ട സമിതി സർവകലാശാലയുടെ പ്ലാന്റിൽ നിന്നും വിൽക്കുന്ന തൈകൾക്ക് ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള സംവിധാനത്തിന്റെ വിശദാംശം ആരാഞ്ഞു.

37. നിലവിൽ കവുങ്ങിന്റെയും തെങ്ങിന്റെയും വിത്തുകളല്ലാതെ മറ്റൊന്നും പുറത്തുനിന്നും വാങ്ങി വിൽപ്പന നടത്തുന്നില്ലെന്നും മുൻപ് അപ്രകാരം ചെയ്തിട്ടുണ്ടോയെന്ന് പറയാൻ കഴിയില്ലെന്നും നിലവിലത് പൂർണ്ണമായും നിയന്ത്രിക്കപ്പെട്ടിട്ടുണ്ടെന്നും കാർഷിക സർവകലാശാലയുടെ പൂർണ്ണ ഉത്തരവാദിത്തത്തിൽ ഉൽപ്പാദിപ്പിക്കുന്ന നടീൽ

വസ്തുക്കളാണ് ഇവിടെ നിന്നും വിൽക്കുന്നതെന്നും ഗ്രാഫ്റ്റ് ചെയ്യാൻവേണ്ടി തേങ്ങ, അടയ്ക്ക, മാങ്ങയണ്ടി എന്നിവയല്ലാതെ മറ്റൊരു വസ്തുവും പുറത്തുനിന്നുമെടുത്ത് സർവകലാശാലയുടെ ലേബലിൽ നിലവിൽ വിതരണം ചെയ്യുന്നില്ലെന്ന് നൂറ് ശതമാനം ഉറപ്പ് പറയാൻ സാധിക്കുമെന്നും കേരള കാർഷിക സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) സമിതിയെ ബോധ്യപ്പെടുത്തി.

38. ഗ്രാഫ്റ്റ് ചെയ്യുന്നതിനുള്ള തേങ്ങയും അടയ്ക്കയും മാങ്ങയണ്ടിയും പുറത്തു നിന്നെടുക്കുന്നതെന്തിനാണെന്ന് സമിതി ആരാഞ്ഞപ്പോൾ ഗ്രാഫ്റ്റ് ചെയ്യുന്നതിന് ആയിരക്കണക്കിന് മാങ്ങയണ്ടി ആവശ്യമുണ്ടെന്നും സർവകലാശാലയുടെ മെറ്റീരിയൽ വച്ച് ഗ്രാഫ്റ്റ് ചെയ്യുന്നതിനാൽ ഗുണനിലവാരത്തെ ബാധിക്കില്ലെന്നും 15 ലക്ഷം തെങ്ങിൻ തൈകൾ വിതരണം ചെയ്യൽ സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണെന്നും അതിനുവേണ്ടി വിത്തുതേങ്ങ പുറത്തുനിന്നും വാങ്ങിയിരുന്നുവെന്നും വകുപ്പിന്റെ വ്യക്തമായ മാനദണ്ഡപ്രകാരമാണ് മാതൃവൃക്ഷത്തെ തെരഞ്ഞെടുക്കുന്നതും തൈകൾ വിൽപ്പന നടത്തുന്നതുമെന്നും നിലവിൽ തേങ്ങ, അടയ്ക്ക, മാങ്ങയണ്ടി എന്നിവ മാത്രമാണ് പുറത്തുനിന്നും വാങ്ങുന്നതെന്നും കേരള കാർഷിക സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) അറിയിച്ചു. അതുപോലെ ഏറ്റവും പുതിയ വ്യത്യസ്തയിനം അലങ്കാര സസ്യങ്ങളെയും പുറത്തുനിന്നും വാങ്ങേണ്ടിവരുമെന്നും അവയിൽ നിന്നുള്ള തൈകൾ മാത്രമായിരിക്കും വിതരണം ചെയ്യുന്നതെന്നും ഇവ മുമ്പ് പാക്കറ്റുകളിലാക്കി കൊടുത്തിരുന്നത് നിർത്തലാക്കിയെന്നും കാർഷിക സർവകലാശാല സാധാരണ ഫാമുകളിൽ നിന്നും തൈകൾ വാങ്ങി വിൽക്കുന്നുവെന്ന് പറയുന്നത് നാടിന് അപമാനകരമായതുകൊണ്ട് അക്കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു.

39. മേൽ വിഷയവുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിലെ ഒരു സ്ഥാപനത്തിന്റെ പേര് മൂന്ന് ഓഡിറ്റ് പരാമർശങ്ങളിൽ ഉൾപ്പെട്ടത് യാദൃശ്ചികമായി സംഭവിച്ചതാണെന്ന് കരുതാൻ കഴിയില്ലെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ആയത് തെറ്റാണെന്ന് അംഗീകരിക്കുന്ന സാഹചര്യത്തിൽ അന്വേഷണം നടത്താൻ കഴിയില്ലെന്ന നിലപാട് സ്വീകരിക്കുന്നത് എന്തുകൊണ്ടാണെന്നും മുൻകൂർ അനുമതിയോടെ പുറത്തുനിന്നും വാങ്ങി വിതരണം ചെയ്യാമെന്നിരിക്കെ അപ്രകാരം ചെയ്യാതിരുന്നതിന് കാരണമെന്താണെന്നും ആയതിന് ഉത്തരവാദി ആരാണെന്നും ആരാഞ്ഞു.

40. റിവോൾവിംഗ് ഫണ്ട് ലാഭകരമാക്കുന്നതിനായി നടീൽ വസ്തുക്കൾ സ്വകാര്യ നഴ്സറികളിൽ നിന്നും വാങ്ങി ഇരട്ടിവിലയ്ക്ക് വിൽപ്പന നടത്തുന്ന രീതി കണ്ടെത്തിയതായി ഓഡിറ്റ് പരാമർശിച്ചിട്ടുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ഉല്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം സർവകലാശാലയ്ക്കായതിനാൽ പ്രസ്തുത രീതി

ഒരിക്കലും പ്രോത്സാഹിപ്പിക്കില്ലെന്നും സർവകലാശാലയുടെ ലേബലിലാണ് ഇത് വിൽക്കപ്പെടുന്നതെന്നതുകൊണ്ട് പരാതി വരികയാണെങ്കിൽ ഉത്തരവാദി സർവകലാശാല തന്നെയായിരിക്കുമെന്നും ഓരോ വിത്തിന്റെയും അങ്കുരണശേഷിയുടെ അടിസ്ഥാനത്തിലാണ് വില്പനയെന്നും കേരള കാർഷിക സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) ബോധ്യപ്പെടുത്തുകയും മുൻകൂർ അനുമതിയോടെ പുറത്തുനിന്നും തൈകൾ വാങ്ങി വിതരണം ചെയ്യാമെന്നിരിക്കെ അത് ചെയ്യാതിരുന്നതെന്തുകൊണ്ടാണ് എന്നത് സംബന്ധിച്ചും ആയതിന് ഉത്തരവാദി ആരാണ് എന്നത് സംബന്ധിച്ചും അന്വേഷണം നടത്താമെന്ന് സമിതിക്ക് ഉറപ്പുനൽകുകയും ചെയ്തു.

41. ആനക്കയം സെന്ററിൽ നിന്നും വിതരണം ചെയ്ത ഗ്രോ ബാഗുകളിൽ പോട്ടിംഗ് മിക്സ്ചറിന്റെയും പച്ചക്കറി തൈകളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചതായും ഓഡിറ്റ് പരാമർശമുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി.

42. പരാമർശിക്കപ്പെട്ടിരിക്കുന്ന വിഷയങ്ങളിന്മേൽ അന്വേഷണം നടത്തി ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കാമെന്ന് കേരള കാർഷിക സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) ബോധിപ്പിച്ചു.

43. സർവകലാശാല നടത്തുന്ന പ്രവർത്തനങ്ങളിൽ നിലവിൽ നല്ല പുരോഗതിയുണ്ടെന്നും ഇത്തരം തെറ്റുകൾ ആവർത്തിക്കുകയില്ലെന്നും പറഞ്ഞത് അംഗീകരിക്കുന്നെന്നും മറ്റ് വിഷയങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും സമിതി വ്യക്തമാക്കി.

44. ഓഡിറ്റ് പരാമർശം വന്ന ഓരോ കേന്ദ്രത്തെയും കുറിച്ചുള്ള പരാമർശങ്ങൾ കൃത്യമായി അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കാമെന്നും ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കാമെന്നും കേരള കാർഷിക സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) അറിയിച്ചു.

45. 2018-ൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് കാർഷിക സർവകലാശാല വിഷയങ്ങൾ കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും അതനുസരിച്ച് ഓഡിറ്റ് ചെയ്യുമ്പോൾ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ടെന്നും ചില തുകകൾ അതതുവർഷം ചെലവഴിക്കാൻ കഴിയാതെ വരുമ്പോൾ റിവോൾവിംഗ് ഫണ്ട് നഷ്ടത്തിൽ കാണിക്കുന്നുവെന്നും അതിനൊരു സമഗ്രത വേണമെന്നും ഓഡിറ്റ് വിഭാഗം അവരുടെ സമ്പ്രദായമനുസരിച്ചാണ് ഓഡിറ്റ് ചെയ്യുന്നതെന്നും എന്നാൽ സർവകലാശാലയ്ക്ക് റിവോൾവിംഗ് ഫണ്ടുമായി ബന്ധപ്പെട്ട് വിവിധ സ്റ്റേഷനുകളിൽ വിവിധ അക്കൗണ്ടിംഗ് രീതിയാണ് നിലനിൽക്കുന്നതെന്നും ഓഡിറ്റ് ചെയ്യുന്ന സമയത്തുതന്നെ ഓഡിറ്റ് വിഭാഗവുമായി ചർച്ച നടത്തി തീരുമാനമെടുക്കേണ്ടതുണ്ടെന്നും സമിതി വിലയിരുത്തി.

46. സർവകലാശാലകൾ പ്രാദേശിക കേന്ദ്രങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നതിനാൽ ഏകീകൃതമായ സംവിധാനം നിലവിലില്ലാത്തതിനാലും ഓഡിറ്റ് വിഭാഗം ഏകീകൃതമായ സംവിധാനത്തിലാണ് പ്രവർത്തിക്കുന്നതെന്നതിനാലും രണ്ട് വിഭാഗങ്ങളും സംയോജിപ്പിച്ച് പ്രവർത്തിക്കുന്നതെങ്ങനെയെന്ന് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത വിഷയം സംബന്ധിച്ച് ഓഡിറ്റ് വിഭാഗവുമായി ചർച്ച നടത്തി തീരുമാനമെടുക്കാമെന്ന് കേരള കാർഷിക സർവകലാശാല ജോയിന്റ് രജിസ്ട്രാർ മറുപടി നൽകി.

47. സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന സ്ഥാപനമായ കാർഷിക സർവകലാശാലയിൽ റിവോൾവിംഗ് ഫണ്ട് യൂണിറ്റുകൾ 117-ൽ നിന്നും 25 ആയി വെട്ടിക്കുറച്ചത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സർവകലാശാലയിൽ ഓരോ വകുപ്പിനും ഓരോ രജിസ്റ്റർ വീതമുണ്ടെന്നും അവ കൈകാര്യം ചെയ്യുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുകയും അവയിൽ ചിലത് നഷ്ടത്തിലാകുകയും ചെയ്തപ്പോഴാണ് ഒരു മാസ്റ്റർ റിവോൾവിംഗ് ഫണ്ട് മാത്രം ഒരു സ്റ്റേഷനിൽ വയ്ക്കുക എന്ന തീരുമാനം മാനേജ്മെന്റ് തലത്തിലെടുത്തതെന്നും കൂടാതെ, 117-ൽ നിന്നും 25 ആയി കുറയ്ക്കുകയല്ല റിവോൾവിംഗ് ഫണ്ടുകൾ തമ്മിൽ ലയിക്കുകയാണ് ചെയ്തതെന്നും മുൻപ് ഒരു സ്റ്റേഷനിൽ ഒരു റിവോൾവിംഗ് ഫണ്ട് എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുറവ് ചെയ്തിട്ടുണ്ടെന്നും നിലവിൽ നിരവധി മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിൽക്കുന്നതിനുവേണ്ടി പല സ്റ്റേഷനുകളിലും പുതിയതായി റിവോൾവിംഗ് ഫണ്ടുകൾക്ക് അനുമതി കൊടുക്കുന്നുണ്ടെന്നും അതനുസരിച്ച് യൂണിറ്റുകളുടെ എണ്ണം കൂടിവരുന്നുണ്ടെന്നും കേരള കാർഷിക സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) ബോധ്യപ്പെടുത്തി.

48. റിവോൾവിംഗ് ഫണ്ട് യൂണിറ്റുകൾ ആകെ എത്രയെണ്ണമാണ് നിലവിലുള്ളതെന്ന് സമിതി ആരാഞ്ഞപ്പോൾ നിലവിൽ 9 ഐ.സി.ആർ. റിവോൾവിംഗ് ഫണ്ട് യൂണിറ്റുകളും 115 കെ.യു. റിവോൾവിംഗ് ഫണ്ട് യൂണിറ്റുകളും ഒരു ഒ.ഇ.പി. റിവോൾവിംഗ് ഫണ്ട് യൂണിറ്റുമുൾപ്പെടെ 125 ആർ.എഫ്. യൂണിറ്റുകൾ 52 സ്റ്റേഷനുകളിലായുണ്ടെന്ന് കാർഷിക സർവകലാശാല ജോയിന്റ് രജിസ്ട്രാർ സമിതിയെ അറിയിച്ചു.

49. പ്രസ്തുത വിശദീകരണം അംഗീകരിക്കുന്നുവെന്ന് വ്യക്തമാക്കിയ സമിതി, റിവോൾവിംഗ് ഫണ്ട് യൂണിറ്റുകൾ വെട്ടിക്കുറച്ചെന്ന മറുപടി അന്നത്തെ സാഹചര്യത്തിൽ ശരിയായിരുന്നുവെന്ന വാദം സംബന്ധിച്ച രേഖകളുണ്ടോയെന്നും ആയത് പരിശോധിക്കാൻ സാധിക്കുമോയെന്നും ആരാഞ്ഞപ്പോൾ രേഖകളെല്ലാമുണ്ടെന്നും ആവശ്യമെങ്കിൽ പരിശോധിക്കാമെന്നും കേരള കാർഷിക സർവകലാശാല ജോയിന്റ് രജിസ്ട്രാർ മറുപടി നൽകി.

**നിഗമനങ്ങളും ശിപാർശകളും**

**50. കേരള കാർഷിക സർവകലാശാലയ്ക്ക് മുൻകൂർ അനുമതിയോടെ നടീൽ വസ്തുക്കൾ പുറത്തുനിന്നും വാങ്ങി വിതരണം ചെയ്യാമെന്നിരിക്കെ അപ്രകാരം ചെയ്യാതിരുന്നതിനുള്ള കാരണം സംബന്ധിച്ചും ആയതിന് ഉത്തരവാദി ആരാണ് എന്നത് സംബന്ധിച്ചും അന്വേഷണം നടത്തി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**51. സർവകലാശാല നടത്തുന്ന പ്രവർത്തനങ്ങളിൽ നിലവിൽ മെച്ചപ്പെട്ട പുരോഗതിയുണ്ടെന്നും തെറ്റുകൾ ആവർത്തിക്കുകയില്ലെന്നുമുള്ള സർവകലാശാലയുടെ മറുപടി സമിതി അംഗീകരിക്കുന്നു. എന്നിരുന്നാലും ഓഡിറ്റ് പരാമർശം വന്ന ഓരോ കേന്ദ്രത്തെയും സംബന്ധിച്ച പരാമർശങ്ങൾ കൃത്യമായി അന്വേഷിച്ച് അനന്തര നടപടി സ്വീകരിക്കാമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ സമിതിക്ക് സമർപ്പിക്കാമെന്നും തെളിവെടുപ്പ് വേളയിൽ സർവകലാശാല ഗവേഷണ വിഭാഗം ഡയറക്ടർ സമിതി മുൻപാകെ നൽകിയ ഉറപ്പ് പാലിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഇക്കാര്യത്തിൽ താമസംവിനാ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. റിവോൾവിംഗ് ഫണ്ടുമായി ബന്ധപ്പെട്ട് വിവിധ സ്റ്റേഷനുകളിൽ വിവിധ അക്കൗണ്ടിംഗ് രീതിയാണ് സർവകലാശാലയ്ക്ക് നിലനിൽക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ഓഡിറ്റ് ചെയ്യപ്പെടുന്ന സമയത്തുതന്നെ ഓഡിറ്റ് വിഭാഗവുമായി ചർച്ച നടത്തി ഇക്കാര്യത്തിൽ തീരുമാനങ്ങളെടുത്ത് പ്രശ്ന പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സേവന മൂല്യം റിവോൾവിംഗ് കണക്കുകളിൽ പ്രതിഫലിക്കുന്നില്ല**

കാർഷികവും ഗവേഷണാത്മകവുമായ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഉൾപ്പെട്ട ചില റിവോൾവിംഗ് ഫണ്ടുകളുടെ കാര്യത്തിൽ തൽ കേന്ദ്രത്തിലുള്ള ശാസ്ത്രജ്ഞർ, ഫാം ജീവനക്കാർ, തൊഴിലാളികൾ തുടങ്ങിയവരുടെ സേവനം വ്യാപകമായി ഉപയോഗിച്ചു വരുന്നുണ്ട്. എന്നാൽ അവരുടെ സേവന മൂല്യം ടി ഫണ്ടുകളുടെ ചെലവ് ഇനത്തിൽ ഉൾപ്പെടാറില്ല. ആയതിനാൽ ടി ഫണ്ടുകളുടെ കാര്യത്തിൽ കണക്കു പ്രകാരമുള്ള ചെലവിൽ യഥാർത്ഥ ചെലവ് പ്രതിഫലിക്കാതെ പോകുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.2.2.6.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

52. തൊഴിലാളികൾക്ക് എത്ര രൂപ വേതനം നൽകിയെന്നത് റിവോൾവിംഗ് ഫണ്ടിന്റെ വരവുചെലവ് കണക്കുകളിൽ നിന്നും ലഭിക്കുമെന്നും റിവോൾവിംഗ് ഫണ്ടിലാണ് ഫാം ജീവനക്കാരുടെയും ശാസ്ത്രജ്ഞരുടെയും സാങ്കേതിക മികവ് പ്രകടമാകുന്നതെന്നും ഡ്യൂട്ടിയുടെ ഭാഗമായ പ്രവൃത്തിയായതിനാലാണ് മൂല്യം കണക്കാക്കാൻ സാധിക്കാത്തതെന്നും കേരള കാർഷിക സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) വിശദീകരിച്ചു.

53. സർവീസ് വാല്യൂ സാങ്കേതികമായി എങ്ങനെ കണക്കാക്കുമെന്ന് സമിതി ആരാഞ്ഞു. ടെക്നിക്കൽ സ്റ്റാഫിന്റെയോ ശാസ്ത്രജ്ഞന്മാരുടെയോ സേവനമൂല്യങ്ങളെക്കുറിച്ച് ഓഡിറ്റ് പരാമർശത്തിൽ പറയുന്നില്ലെന്നും ഇത്തരം പ്രവർത്തനങ്ങളിൽ നേരിട്ട് ഏർപ്പെടുന്ന തൊഴിലാളികൾക്ക് ശമ്പളം നൽകുന്നത് നോൺ പ്ലാനിലാണ് കാണിക്കുന്നതെന്നും പ്രസ്തുത തുക റിവോൾവിംഗ് ഫണ്ടിന്റെ കണക്കുകളിലും ഉൾപ്പെടുത്തണമെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടിയപ്പോൾ അപ്രകാരം ചെയ്യാമെന്ന് സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ സമിതിക്ക് ഉറപ്പ് നൽകി.

54. രണ്ടുവർഷം വരെ തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന റിവോൾവിംഗ് ഫണ്ടുകൾ നിർത്തലാക്കണമെന്നാണ് പുതിയ മാർഗ്ഗരേഖയിൽ പറയുന്നതെന്നും ഇക്കാര്യങ്ങൾ പരിശോധിക്കാതെ എങ്ങനെയാണ് യൂണിറ്റുകളുടെ ലാഭനഷ്ടങ്ങൾ കണക്കാക്കുന്നതെന്ന് ഓഡിറ്റ് വകുപ്പ് ആരാഞ്ഞപ്പോൾ ആയത് പരിശോധിച്ച് തിരുത്താമെന്ന് സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ വ്യക്തമാക്കി.

55. 2015-16-ലെ ഓഡിറ്റ് പരാമർശങ്ങളാണ് ഇവയിൽ കൂടുതലുമെന്നും ഓഡിറ്റിന്റെ സമയത്ത് തിരുത്തൽ വരുത്താൻ ശ്രമിച്ചിരുന്നെങ്കിൽ പ്രസ്തുത പരാമർശങ്ങൾ അന്നുതന്നെ ഒഴിവാക്കാമായിരുന്നുവെന്നും ചൂണ്ടിക്കാട്ടിയ സമിതി, ഇത്തരം സാഹചര്യം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചു.

56. ഏതെല്ലാം റിവോൾവിംഗ് ഫണ്ടുകളിലാണ് വിഷയമുള്ളതെന്ന് പരിശോധിച്ച് തിരുത്താമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാമെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി.

**നിഗമനങ്ങളും ശിപാർശകളും**

**57. 2015-16 കാലയളവിലെ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഓഡിറ്റ് സമയത്ത് തിരുത്തൽ വരുത്താൻ ശ്രമിച്ചിരുന്നെങ്കിൽ ആയവ അന്നുതന്നെ ഒഴിവാക്കാമായിരുന്നുവെന്ന്**

**സമിതി വിലയിരുത്തുന്നു. ഇത്തരം സാഹചര്യം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ഫാം ജീവനക്കാരുടെയും ശാസ്ത്രജ്ഞൻമാരുടെയും ശമ്പളം നൽകുന്നത് റിവോൾവിംഗ് ഫണ്ടിന്റെ കണക്കുകളിലും ഉൾപ്പെടുത്തണമെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിഗമനങ്ങൾ**

1. സർവകലാശാലയുടെ നിയമ പ്രകാരമുള്ള പ്രഖ്യാപിത ലക്ഷ്യങ്ങളിൽ റിവോൾവിംഗ് ഫണ്ട് പ്രവർത്തനം ഉൾപ്പെടുന്നില്ല.

2. സർവകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായുള്ള വിഭവശേഷിയെ വർദ്ധിപ്പിക്കുന്നതിലും കൂടുതൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിലും റിവോൾവിംഗ് ഫണ്ടുകളെ നിലവിലെ മാതൃകയിൽ ആശ്രയിക്കാനാവില്ല.

3. കാർഷിക മേഖലയിലിടപെടാനും കർഷകരിലേക്ക് നേരിട്ട് ഇറങ്ങി ചെല്ലാനും സർവകലാശാലയുടെ വിജ്ഞാന വ്യാപനം എന്ന ലക്ഷ്യത്തെ പരോക്ഷമായെങ്കിലും ശക്തിപ്പെടുത്താനും റിവോൾവിംഗ് ഫണ്ട് വഴി കഴിയുന്നുണ്ട്.

4. റിവോൾവിംഗ് ഫണ്ട് പ്രവർത്തന മാർഗ്ഗരേഖ പ്രായോഗികമോ സമഗ്രമോ അല്ല.

5. റിവോൾവിംഗ് ഫണ്ട് നിയന്ത്രണ സംവിധാനം ഫലപ്രദമല്ല.

6. റിവോൾവിംഗ് ഫണ്ടിന്റെ കണക്കുകളിൽ യഥാർത്ഥ വരവു ചെലവു വിവരങ്ങൾ പ്രതിഫലിക്കുന്നില്ല.

7. വിപണനം ചെയ്യപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്ന സംവിധാനങ്ങൾ ഫലപ്രദമല്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.2.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

58. സർവകലാശാലകളുടെ നിയമപ്രകാരമുള്ള പ്രഖ്യാപിത ലക്ഷ്യങ്ങളിൽ റിവോൾവിംഗ് ഫണ്ട് എന്ന സംവിധാനം ഉൾപ്പെടുന്നില്ലെന്നാണ് ഓഡിറ്റ് കണ്ടെത്തിയിട്ടുള്ളതെന്ന് വിലയിരുത്തിയ സമിതി, റിവോൾവിംഗ് ഫണ്ടിനെ

സർവകലാശാലയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് ആരാഞ്ഞു. സർവകലാശാലയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ റിവോൾവിംഗ് ഫണ്ട് ഉൾപ്പെടുത്തുന്നതിന് ആക്ട് ഭേദഗതി ചെയ്യേണ്ടിവരുമെന്ന് കേരള കാർഷിക സർവകലാശാല രജിസ്ട്രാർ മറുപടി നൽകി. ആക്ട് ഭേദഗതി ചെയ്യാൻ സർവകലാശാലയുടെ ഭാഗത്തുനിന്ന് നിർദ്ദേശമുണ്ടായോയെന്ന് സമിതി ആരാഞ്ഞതിന്, ആയത് അത്യാവശ്യമുള്ളതായി കാണാത്തതുകൊണ്ടാണ് നിർദ്ദേശിക്കാത്തതെന്ന് കേരള കാർഷിക സർവകലാശാല രജിസ്ട്രാർ മറുപടി നൽകി.

59. അപ്രകാരമുള്ള നിർദ്ദേശമുണ്ടാകാത്തത് ഓഡിറ്റ് പരാമർശത്തിന് വേണ്ടത്ര ഗൗരവം കൊടുക്കാത്തതുകൊണ്ടാണെന്നും അല്ലാത്ത പക്ഷം ഇത്തരമൊരു നിർദ്ദേശം ഇതിനകം ഭരണസമിതിയിൽ വയ്ക്കമായിരുന്നുവെന്നും ഓഡിറ്റ് വിഭാഗത്തിൽ നിന്നും എന്ത് പരാമർശമുണ്ടായാലും പ്രശ്നമല്ലെന്ന മനോഭാവമാണ് സർവകലാശാലയ്ക്കെന്നും സമിതി ചൂണ്ടിക്കാട്ടി. റിവോൾവിംഗ് ഫണ്ട് എന്ന ആശയം കൊണ്ടുവന്നതിനെ തെറ്റ് പറയില്ലെന്നും സാമൂഹിക പ്രതിബദ്ധതയുള്ള കാര്യങ്ങൾ ചെയ്യുന്നതിന് ഫണ്ട് തടസ്സമായി വന്നപ്പോൾ ആയത് പരിഹരിക്കുന്നതിന് ആരുടെയെങ്കിലും മനസ്സിൽ ഉദിച്ച ആശയമാകാമിതെന്നും പ്രസ്തുത ആശയത്തിന് നിയമസാധുത നൽകണമെന്നതാണ് വിഷയമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇതിലൂടെ പൊതുജനങ്ങൾക്ക് ഗുണകരമായ വളരെയേറെ പ്രോജക്ടുകൾ നടപ്പാക്കാൻ സാധിച്ചുവെന്നും സർവകലാശാല നടത്തുന്ന നിയമ വിരുദ്ധമായ പ്രസ്തുത പ്രവൃത്തിയെ നിയമവിധേയമാക്കി ഓഡിറ്റ് പരാമർശത്തിൽ നിന്നും എങ്ങനെ ഒഴിവാക്കാമെന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

60. 1990 കളിൽ രൂപം കൊണ്ട റിവോൾവിംഗ് ഫണ്ട് എന്ന ആശയത്തെ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയത് ഒന്നരവർഷത്തിനുള്ളിലാണെന്ന് സർവകലാശാല ജോയിന്റ് രജിസ്ട്രാർ വ്യക്തമാക്കിയപ്പോൾ സ്റ്റാറ്റ്യൂട്ടിൽ ചേർക്കണമെങ്കിൽ ആക്റ്റിൽ ഭേദഗതി വരുത്തണ്ടേയെന്ന് സമിതി ആരാഞ്ഞു. പദ്ധതി നടപ്പാക്കൽ എന്ന തരത്തിൽ മാത്രം കണ്ടതുകൊണ്ടാണ് സ്റ്റാറ്റ്യൂട്ടിലേയ്ക്ക് പോകാതെ ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി നടപ്പാക്കുന്നതെന്നും അത് നിയമവിരുദ്ധമായി ചെയ്യുന്നുവെന്ന ആശയത്തിലല്ല മറിച്ച് പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന, സാമൂഹ്യ പ്രതിബദ്ധതയോടെ ചെയ്യാൻ സാധിക്കുന്ന പദ്ധതികളുടെ നടപ്പാക്കലായിട്ടാണ് കാണുന്നതെന്നും ഡയറക്ടർ (ഗവേഷണ വിഭാഗം) സമിതിയെ ബോധിപ്പിച്ചു.

61. ഇക്കാര്യങ്ങളിലൊന്നും എതിരഭിപ്രായമില്ലെന്ന് വ്യക്തമാക്കിയ സമിതി, സാമൂഹ്യ പ്രതിബദ്ധതയുള്ള സംവിധാനത്തെ നിയമവിധേയമാക്കി പ്രവർത്തിപ്പിക്കാനുള്ള മാർഗ്ഗം എന്തെന്ന് ആലോചിക്കണമെന്ന് നിർദ്ദേശിച്ചു.

62. സർവകലാശാലയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ റിവോൾവിംഗ് ഫണ്ട് എന്ന ആശയമില്ലെന്നും നടീൽ വസ്തുക്കൾ കർഷക സമൂഹത്തിന് ലഭ്യമാക്കുകയെന്നത് സർവകലാശാലയുടെ ഉത്തരവാദിത്തമായിരുന്നുവെന്നും സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) വ്യക്തമാക്കി.

63. പ്രസ്തുത ന്യായം സർവകലാശാല ഇതുവരെയും പറഞ്ഞിട്ടില്ലെന്നും സർവകലാശാലയുടെ ചട്ടത്തിന്/ആക്റ്റിന് അങ്ങനെയൊരു ഉദ്ദേശ്യമുണ്ടെന്ന വശമാണ് വ്യക്തമാക്കേണ്ടതെന്നും ഇതുമായി ബന്ധപ്പെട്ട പ്രവൃത്തിക്കാണ് അംഗീകാരം വാങ്ങേണ്ടതെന്നും വ്യക്തമാക്കിയ സമിതി, 2018-ലെ ഉത്തരവ് പ്രകാരം റിവോൾവിംഗ് ഫണ്ടുമായി ബന്ധപ്പെട്ട് കുറേ ഇടപെടലുകൾ സർവകലാശാല നടത്തിയിട്ടുണ്ടെന്നതിനാൽ അതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**64. സാമൂഹിക പ്രതിബദ്ധതയുള്ള കാര്യങ്ങൾ ചെയ്യുന്നതിനായി സർവകലാശാല റിവോൾവിംഗ് ഫണ്ട് എന്ന് ആശയം കൊണ്ടുവന്നതിൽ എതിർപ്പ് ഒന്നും ഇല്ലെന്നും എന്നാൽ പ്രസ്തുത ആശയം സർവകലാശാലയുടെ നിയമപ്രകാരമുള്ള പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തി നിയമസാധുത നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശങ്ങളിൽ വേണ്ടത്ര ഗൗരവം നൽകാത്തത് ഇതിന് കാരണമായും സമിതി നിരീക്ഷിക്കുന്നു.**

**65. പൊതുജനങ്ങൾക്ക് ഗുണകരമായ നിരവധി പ്രോജക്ടുകൾ നടപ്പാക്കാൻ സാധിച്ചതും സാമൂഹ്യ പ്രതിബദ്ധതയുള്ളതുമായ റിവോൾവിംഗ് ഫണ്ട് എന്ന സംവിധാനത്തെ നിയമവിധേയമാക്കി പ്രവർത്തിപ്പിച്ച് ഓഡിറ്റ് പരാമർശത്തിൽ നിന്ന് ഒഴിവാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

**66. 2018-ലെ ഉത്തരവുപ്രകാരം റിവോൾവിംഗ് ഫണ്ടുമായി ബന്ധപ്പെട്ട് കുറേ ഇടപെടലുകൾ സർവകലാശാല നടത്തിയിട്ടുണ്ടെന്നതിനാൽ അതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിർദ്ദേശങ്ങൾ**

1. റിവോൾവിംഗ് ഫണ്ട് മാർഗ്ഗരേഖ പരിഷ്ക്കരിച്ച് സമഗ്രവും പ്രായോഗികവുമാക്കേണ്ടതാണ്.

2 റിവോൾവിംഗ് ഫണ്ട് അവലോകനം സംബന്ധിച്ച് സർവകലാശാലയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന ത്രിതല കമ്മിറ്റികളുടെ പ്രവർത്തനം ഫലപ്രദമാക്കേണ്ടതാണ്.

3. റിവോൾവിംഗ് ഫണ്ട് കണക്കുകളിൽ ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാവിധ വരവുചെലവു വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. ഐ.സി.എ.ആർ. സർവകലാശാല മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നതു പോലെ റിവോൾവിംഗ് ഫണ്ടിന്റെ കണക്കുകൾ "Profit & Loss and Balance Sheet" രീതിയിൽ സൂക്ഷിക്കേണ്ടതാണ്. വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്താനുള്ള മാനദണ്ഡങ്ങൾ സർവകലാശാല ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.2.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

67. റിവോൾവിംഗ് ഫണ്ട് അവലോകനം സംബന്ധിച്ച് സർവകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ത്രിതല കമ്മിറ്റികളുടെ നിലവിലെ പ്രവർത്തനം ഫലപ്രദമാണോയെന്ന് സമിതി ആരാഞ്ഞതിന്, കമ്മിറ്റികൾ നിലവിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് കേരള കാർഷിക സർവകലാശാല ഡയറക്ടർ (സീഡ്സ്) മറുപടി നൽകി.

68. ത്രിതല കമ്മിറ്റികളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനും കൃത്യമായി നിരീക്ഷിക്കുന്നതിനും വേണ്ടിയാണ് വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഉൽപാദനത്തിനായി പുതിയ ഡയറക്ടറേറ്റ് ആരംഭിച്ചതെന്നും മുൻപ് ഗവേഷണ വിഭാഗത്തിന്റെ കീഴിലാണ് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്നും കേരള കാർഷിക സർവകലാശാല രജിസ്ട്രാർ വിശദീകരിച്ചു.

69. ത്രിതല അവലോകന സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളതെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ആയത് നേരത്തെ നൽകിയ മറുപടിയാണെന്നും അതിനുശേഷം കൃത്യമായ മറുപടി നൽകിയിട്ടുണ്ടെന്നും സർവകലാശാല രജിസ്ട്രാർ മറുപടി നൽകി.

70. വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**71. പ്രസ്തുത ഖണ്ഡികയ്ക്ക് വകുപ്പ് നൽകിയ മറുപടി സമിതി അംഗീകരിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരള കാർഷിക സർവകലാശാല സ്റ്റാറ്റ്യൂട്ടിൽ ഇല്ലാത്ത തസ്തികകളിലേക്ക് നിയമനങ്ങളും സ്ഥാനക്കയറ്റവും നടത്തുന്നു.**

1971-ലെ കേരള കാർഷിക സർവകലാശാല നിയമത്തിലെ സെക്ഷൻ 7(12) പ്രകാരം സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്തു കൊണ്ട് തസ്തികകൾ സൃഷ്ടിക്കാനും നിയമനം നടത്തുവാനുമുള്ള അധികാരം സർവകലാശാലയ്ക്കുണ്ട്. നിലവിൽ സർവകലാശാലയിൽ നാലുതരം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1. സ്റ്റാറ്റ്യൂട്ടിലുള്ളതും സർക്കാർ ഉത്തരവ്, ശമ്പള പരിഷ്കരണ ഉത്തരവ് എന്നിവ പ്രകാരം അംഗീകരിക്കാത്തതുമായ തസ്തികകൾ.

2. സ്റ്റാറ്റ്യൂട്ടിലുള്ളതും സർക്കാർ ഉത്തരവ്, ശമ്പള പരിഷ്കരണ ഉത്തരവ് എന്നിവ പ്രകാരം അംഗീകാരം ഉള്ളതുമായ തസ്തികകൾ.

3. സ്റ്റാറ്റ്യൂട്ടിൽ ഇല്ലാത്തതും സർക്കാർ പ്രത്യേക ഉത്തരവുകളിലൂടെയോ ശമ്പള പരിഷ്കരണ ഉത്തരവുകളിലൂടെയോ അംഗീകരിച്ചതുമായ തസ്തികകൾ

4. സ്റ്റാറ്റ്യൂട്ടിലില്ലാത്തതും സർക്കാരും ശമ്പളകമ്മീഷനും അംഗീകരിക്കാത്തതുമായ തസ്തികകൾ.

9-ാം ശമ്പള പരിഷ്കരണ ഉത്തരവിലൂടെ ഇത്തരത്തിലുള്ള തസ്തികകളുടെ ഏകോപനം സർക്കാർ ലക്ഷ്യമിട്ടുവെങ്കിലും ബഹു. ഹൈക്കോടതിയുടെ 1-9-2015-ലെ വിധിയിൽ [WPC No.17058/2015 (F)] സ്റ്റാറ്റ്യൂട്ടിലൂടെ ലഭിച്ച തസ്തികകളെ സർക്കാരിന്റെ ശമ്പളപരിഷ്കരണ ഉത്തരവിലൂടെ റദ്ദാക്കാനാവില്ലെന്ന് വിധിച്ചു.

കേരള കാർഷിക സർവകലാശാലയിൽ സ്റ്റാറ്റ്യൂട്ടിലൂടെയല്ലാതെയും തസ്തികകൾ നിലവിൽ വന്നിട്ടുണ്ട്. സർക്കാർ ഉത്തരവുകളിലൂടെയും ശമ്പളപരിഷ്കരണ ഉത്തരവുകളിലൂടെയും ഈ തസ്തികകൾ പലപ്പോഴായി അധികൃതമാക്കപ്പെട്ടു. എന്നിരിക്കിലും നിലവിൽ സ്റ്റാറ്റ്യൂട്ടിൽ ഇല്ലാത്തതും സർക്കാരിന്റെ അനുമതിയില്ലാത്തതുമായ തസ്തികകൾ സർവകലാശാലയിൽ നിലനിൽക്കുന്നുണ്ട്.

സ്റ്റാറ്റ്യൂട്ട് പ്രകാരം നിലവിലില്ലാത്തതും സർവകലാശാലയിൽ നിലനിൽക്കുന്നതുമായ തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. അനധ്യാപക വിഭാഗത്തിലെ 58 കാറ്റഗറികളിലും അധ്യാപക വിഭാഗത്തിലെ 10 കാറ്റഗറികളിലും ഉൾപ്പെടുന്ന വിവിധ തസ്തികകൾ സ്റ്റാറ്റ്യൂട്ട് പ്രകാരം നിലവിലില്ലാത്തതാണ്.

സ്റ്റാറ്റ്യൂട്ടിലുള്ള തസ്തികകൾ മാത്രമാണ് നിയമപരമായിട്ടുള്ളത്. സ്റ്റാറ്റ്യൂട്ടിൽ ഇല്ലാത്ത തസ്തികകളിൽ, സർക്കാർ അംഗീകാരം ഉണ്ടെങ്കിൽ കൂടി സർവകലാശാല ഉദ്യോഗക്കയറ്റം, തസ്തികമാറ്റം എന്നിവ വഴി നിയമനം നടത്തുന്നത് നിയമവിരുദ്ധമാണ്. സർക്കാർ ശമ്പളപരിഷ്കരണ ഉത്തരവിലൂടെ അംഗീകരിച്ച തസ്തികകൾ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സർവകലാശാല കൈക്കൊള്ളേണ്ടതാണ്.

**മറ്റ് അപാകതകൾ**

**2013-14, 2014-15 വർഷങ്ങളിൽ ഉൽപ്പാദിപ്പിച്ച കുരുമുളക് ചെടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് - നഷ്ടം -32,07,060/-**

(കേരള കാർഷിക സർവകലാശാല തൃശ്ശൂർ, അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ, ആനക്കയം - ഓഡിറ്റ് റിപ്പോർട്ട് - 2013-14, 2014-15 ഖണ്ഡിക നം. 3-13-8)

- 2013-14, 2014-15 വർഷങ്ങളിൽ വാങ്ങിയ കുരുമുളക് വള്ളിയുടെ അളവുകളും അതിൽനിന്നും ലഭിക്കേണ്ടിയിരുന്ന കുരുമുളക് തൈകളുടെ എണ്ണവുമായി ഗണ്യമായ വ്യത്യാസം; 32,07,060 ലക്ഷം മൂല്യം വരുന്ന കുരുമുളക് ചെടികൾ സ്റ്റോക്കിൽ വന്നിട്ടില്ല.

- 2013-14, 2014-15 വർഷങ്ങളിൽ ലഭ്യമാകേണ്ടിയിരുന്ന കുരുമുളക് തൈകളുടെ 17% മാത്രം ഉൽപ്പാദിപ്പിക്കപ്പെട്ടു.

- ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി വസ്തുതകളുമായി പൊരുത്തപ്പെടുന്നില്ല.

- ഗവേഷണകേന്ദ്രത്തിൽ നടീൽവസ്തുക്കളുടെ ഉൽപ്പാദനത്തിനുള്ള പോളിഹൗസുകളും മിസ്റ്റ് ചേമ്പർ പോലുള്ള ഹൈടെക് സംവിധാനങ്ങളുമുണ്ടായിട്ടും തൈകളുടെ ഉൽപ്പാദനത്തിലുണ്ടായ കുറവ് ചർച്ചയ്ക്കു വിധേയമാക്കേണ്ടതുണ്ട്.

ഭീമമായ അളവിലുള്ള വിത്ത്, പോളിഹൗസ്, മിസ്റ്റ് ചേമ്പർ പോലുള്ള ഹൈടെക് സംവിധാനങ്ങൾ എന്നിവ തൈഉൽപാദന കേന്ദ്രത്തിലുണ്ട്. കാർഷിക രംഗത്തെ ആധുനിക സൗകര്യങ്ങളെല്ലാം ഉപയോഗിച്ചുകൊണ്ടാണ് ഗവേഷണകേന്ദ്രത്തിൽ കുരുമുളക് തൈ ഉൽപ്പാദനം നടത്തിയതെങ്കിലും 2013-14, 2014-15 വർഷങ്ങളിൽ ലഭിക്കേണ്ടിയിരുന്ന അളവിന്റെ 17% മാത്രമാണ് കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കാനായിട്ടുള്ളത്. ആധുനിക സൗകര്യങ്ങൾ ലഭ്യമായിട്ടും കുരുമുളക് തൈ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞത് സർക്കാർ തലത്തിൽ വിശദമായ പഠനത്തിന് വിധേയമാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 11.4, 11.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

72. 2013-14, 2014-15 വർഷങ്ങളിൽ പല ഉല്പാദനവും നടന്നിരുന്നതുകൊണ്ട് മിസ്റ്റ് ചേമ്പർ പോലുള്ള ആധുനിക സംവിധാനം കുരുമുളക് തൈകളുടെ ഉല്പാദനത്തിൽ പ്രയോഗിക്കാൻ സാധിച്ചില്ലെന്നും ആയതിനാൽ കുരുമുളക് തൈകൾ പുറത്താണ്

വച്ചിരുന്നതെന്നും കുരുമുളക് തൈകൾ നേഴ്സറികളിൽ അടുപ്പിച്ചാണ് വയ്ക്കുന്നതെന്നും കുരുമുളകിന് ദ്രുതവാട്ടരോഗം വന്നുകഴിഞ്ഞാൽ നിയന്ത്രണ സംവിധാനങ്ങൾ സ്വീകരിച്ചാലും നിയന്ത്രണവിധേയമാകണമെന്നില്ലെന്നും പ്രസ്തുത വർഷങ്ങളിൽ അധിക മഴ വന്നതുകൂടി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെന്നും കാലാവസ്ഥ പ്രതികൂലമായതുകൊണ്ട് കൂടിയാണ് രോഗം വന്നതെന്നും രണ്ടാമതായി തൈകൾ ഉല്പാദിപ്പിക്കുന്നത് കാർഷിക സർവകലാശാലയല്ലെന്നും സ്വയം സഹായ സംഘങ്ങളാണെന്നും അവർ ഉല്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള തൈകൾ മാത്രമേ കണക്കിൽ വരുന്നുള്ളുവെന്നും അതും ഉല്പാദിപ്പിക്കുന്നതിന്റെ 35 ശതമാനം കൈമാറാമെന്ന കരാറിലാണ് ചെയ്യുന്നതെന്നുള്ളതു കൊണ്ട് നഷ്ടമില്ലെന്നും സ്വയം സഹായ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന തൈകളിൽ നല്ല തൈകൾ മാത്രമേ സർവകലാശാലയ്ക്ക് നൽകുന്നുള്ളൂവെന്നും ആ വർഷങ്ങളിലെ മഴകൂടി കണക്കിലെടുത്താണ് വ്യാപകമായ നഷ്ടമുണ്ടായതെന്നും പ്രസ്തുത സമയത്തും ഒരു കോടിയിലധികം ഉല്പാദനം നടന്നിട്ടുണ്ടെന്നും അതിനുശേഷം അത്തരത്തിലൊരു പ്രശ്നമുണ്ടായിട്ടില്ലെന്നും സസ്യങ്ങളുടെ കാര്യത്തിൽ പ്രതികൂല കാലാവസ്ഥ കൂടി പരിഗണിക്കണമെന്നും സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) വിശദീകരിച്ചു.

73. മേൽ വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) മറുപടി നൽകി.

74. 2014-15 കാലഘട്ടത്തിലുണ്ടായ സംഭവത്തിൽ പ്രതികൂല കാലാവസ്ഥ അതത് സമയം കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുകയും പ്രസ്തുത സാഹചര്യം മറികടക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച രേഖകളുടെ വിവരം ലഭ്യമാക്കുകയും ചെയ്യേണ്ടിയിരുന്നുവെന്നും മേൽ സാഹചര്യമുണ്ടായിരുന്നുവെന്ന് പിന്നീട് പറയുകയല്ല വേണ്ടതെന്നും അപ്പോൾതന്നെ സ്റ്റേഷൻ മേധാവിയെ വിവരങ്ങൾ ധരിപ്പിച്ച് രേഖപ്പെടുത്തുകയായിരുന്നു വേണ്ടതെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് വ്യക്തമാക്കി. ഡെലിഗേഷൻ ഓഫ് പവർ പ്രകാരം അന്നത്തെ സ്റ്റേഷൻ മേധാവിക്ക് ബുക്ക് വാല്യുവിന്റെ രണ്ട് ശതമാനം തുക എഴുതിത്തള്ളാനുള്ള അവകാശമുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇത്തരം നടപടികളൊന്നും തന്നെ സ്വീകരിക്കുകയോ ഇക്കാര്യങ്ങൾ രേഖകളിൽ രേഖപ്പെടുത്തുകയോ ഇതുസംബന്ധിച്ച വിവരങ്ങൾ റിപ്പോർട്ട് പരിശോധനാവേളയിലോ നിലവിലോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലെന്നും ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്നായിരുന്നു സർക്കാർ നൽകിയ മറുപടിയിൽ പറഞ്ഞിരുന്നതെന്നും ആയത് ലഭ്യമാക്കിയിട്ടില്ലെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് വിശദീകരിച്ചു.

75. പ്രസ്തുത വിവരങ്ങൾ കംപ്ട്രോളർ നൽകിയ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കേരള കാർഷിക സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) സമിതിയെ അറിയിച്ചു.

76. സ്വയം സഹായ സംഘങ്ങൾ (SHGs) തയ്യാറാക്കി വിൽക്കുന്ന തൈകൾ മാത്രമേ സ്റ്റേഷണറിയുടെ സ്റ്റോക്കിൽ ഉൾപ്പെടുത്തുന്നുള്ളുവെന്നും സ്റ്റോക്കിൽ വന്ന തൈകൾ കേടായാൽ അവ ഡിസ്പോസ് ചെയ്ത്, ബുക്ക് വാല്യൂവിന്റെ 2 ശതമാനം എഴുതിത്തള്ളുമെന്നും ആനക്കയം അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ മേധാവി വിവരിച്ചു.

77. പ്രസ്തുത വിശദാംശം തെളിയിക്കുന്ന രേഖകളില്ലെന്നും ഇതുമായി ബന്ധപ്പെട്ട് പഠനം നടത്താൻ കൃഷി വകുപ്പ് സർവകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പഠന റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്നുമുള്ള സമിതിയുടെ അഭിപ്രായത്തിന്, സ്റ്റേഷന്റെ പ്രൊഡക്ഷനിൽ നഷ്ടം വന്നാലാണ് പ്രസ്തുത പ്രക്രിയയ്ക്ക് വിധേയമാകുന്നതെന്നും സ്വയം സഹായ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന ഗുണനിലവാരമുള്ള തൈകൾ മാത്രം സ്റ്റോക്കിലെടുക്കുമ്പോൾ സ്റ്റോക്കിൽ നഷ്ടമുണ്ടാകുന്നില്ലെന്നും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) മറുപടി നൽകി.

78. ഓഡിറ്റിന്റെ പരിശോധനാവേളയിൽ സർവകലാശാലയുടെ സ്റ്റോക്കിലില്ലാത്ത കാര്യം സ്റ്റോക്കിൽ വരേണ്ടതാണെന്ന് സങ്കല്പിച്ച് എഴുതിയതാവാമെന്ന സമിതിയുടെ അനുമാനത്തിന്, മാതൃതൈകൾ (വള്ളികൾ) സ്റ്റേഷന്റെ ഫണ്ടുപയോഗിച്ചു തന്നെയാണ് വാങ്ങിയിരിക്കുന്നതെന്നും ഉല്പാദനചെലവ് റിവോൾവിംഗ് ഫണ്ടിലെ ചെലവിൽ വന്നുകഴിഞ്ഞുവെന്നും ഒരു വള്ളിയിൽ നിന്നും എത്ര തൈകൾ ഉല്പാദിപ്പാക്കാമെന്ന ഓഡിറ്റ് അന്വേഷണത്തിന് ഇത്ര വള്ളിയിൽ നിന്നും ഇത്ര തൈകൾ ഉല്പാദിപ്പിക്കാൻ സാധിക്കുമെന്ന മറുപടി അന്ന് സ്ഥാപനം നൽകിയിരുന്നുവെന്നും പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കാവുന്ന തൈകളുടെ എണ്ണം കണക്കാക്കിയെങ്കിലും സ്റ്റോക്കിൽ അത്രയും തൈകൾ വന്നില്ലെന്നും അതിനുള്ള കാരണം അധിക മഴയാണെന്നാണ് വിശദീകരിച്ചതെന്നും ഇത്തരം സംഭവങ്ങളുണ്ടായാൽ ആയത് കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒരു സംവിധാനമുണ്ടാകേണ്ടതാണെങ്കിലും അത്തരം സംവിധാനങ്ങൾ പരിശോധനാവേളയിൽ ലഭ്യമായിട്ടില്ലെന്നും ഓഡിറ്റ് വകുപ്പ് വ്യക്തമാക്കി. നിലവിൽ അത്തരം സംവിധാനങ്ങളുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഉണ്ടെന്നും നഷ്ടം കൃത്യമായി റിപ്പോർട്ട് ചെയ്ത് അതത് ഘട്ടത്തിൽ തന്നെ എഴുതിത്തള്ളണമെന്ന് നിഷ്കർഷിക്കുന്നുണ്ടെന്നും വലിയ തുകയാണ് നഷ്ടമാകുന്നതെങ്കിൽ അന്വേഷണം നടത്തി മാത്രമേ എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കുകയുള്ളുവെന്നും നിലവിലും അപ്രകാരമാണ് ചെയ്തുവരുന്നതെന്നും സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) മറുപടി നൽകി.

79. ഓഡിറ്റ് ചൂണ്ടിക്കാട്ടിയ രണ്ടുവർഷങ്ങളിൽ മാതൃതൈകൾ വാങ്ങിയ വകയിലും തൈകൾ വിറ്റതിന്റെ 35 ശതമാനം എസ്.എച്ച്.ജി.-കൾക്ക് കൊടുത്ത വകയിലും 6,33,725/- രൂപയാണ് ചെലവായിട്ടുള്ളതെന്നും തൈകൾ വിറ്റതിൽ നിന്നും 8,94,450/- രൂപ ലഭിച്ചിട്ടുണ്ടെന്നും യഥാർത്ഥ ചെലവ് കണക്കാക്കുമ്പോൾ 2,60,725/- രൂപ ലാഭമായാണ് കാണുന്നതെന്നും ആനക്കയം അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ മേധാവി സമിതിയെ ബോധിപ്പിച്ചു.

80. മേൽ വിവരങ്ങളുൾപ്പെടുത്തിയ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

81. വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**82. ഓഡിറ്റ് ചൂണ്ടിക്കാട്ടിയ രണ്ടുവർഷങ്ങളിൽ മാതൃതൈകൾ വാങ്ങിയ വകയിലും തൈകൾ വിറ്റതിന്റെ 35 ശതമാനം എസ്.എച്ച്.ജി.-കൾക്ക് കൊടുത്ത വകയിലും 6,33,725/- രൂപയാണ് ചെലവായിട്ടുള്ളതെന്നും തൈകൾ വിറ്റതിൽ നിന്നും 8,94,450/- രൂപ ലഭിച്ചിട്ടുണ്ടെന്നും യഥാർത്ഥ ചെലവ് കണക്കാക്കുമ്പോൾ 2,60,725/- രൂപ ലാഭമായാണ് കാണുന്നതെന്നും ആനക്കയം അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ മേധാവി അറിയിച്ച സാഹചര്യത്തിൽ ഇതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**83. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**യൂണിവേഴ്സിറ്റി അധികൃതരുടെ ജാഗ്രതയില്ലായ്മ - രണ്ടു വർഷമായി 2334 റബ്ബർമരങ്ങളിൽ നിന്നും ആദായമില്ല - നഷ്ടം 15 ലക്ഷം**

(കേരള കാർഷിക സർവകലാശാല, തൃശ്ശൂർ, സർവകലാശാല എസ്റ്റേറ്റ്, വെള്ളാനിക്കര – ഓഡിറ്റ് റിപ്പോർട്ട് -2013-14, 2014-15, ഖണ്ഡിക 3.6.3)

- യൂണിവേഴ്സിറ്റി അധികൃതരുടെ അശ്രദ്ധ മൂലം 2 വർഷമായി റബ്ബർമരങ്ങളിൽ നിന്നും ആദായമില്ല.
- പുനർലേലത്തിൽ സമർപ്പിച്ച ടെണ്ടർ പരിശോധിച്ചിട്ടില്ല.
- ടെണ്ടർ തുറക്കാൻ അവകാശ അധികാരമുള്ള കമ്മിറ്റി ടെണ്ടർ തുറന്നു പരിശോധിക്കുകയോ റീടെണ്ടർ ചെയ്യുകയോ ചെയ്തില്ല.

കൊക്കോ ഫാം ഏരിയയിലെ 2334 റബ്ബർമരങ്ങളെ ഗ്രൂപ്പ് V എന്ന തിരിച്ച് രണ്ടു വർഷത്തേയ്ക്ക് ആദായമെടുക്കുന്നതിനായി സ്ളോട്ടർ ടാപ്പിങ്ങിന് നൽകുവാൻ തീരുമാനമെടുക്കുകയും 19-12-2013-ൽ നടന്ന ആദ്യ ലേലത്തിൽ ഗ്രൂപ്പ് V-ൽപ്പെട്ട റബ്ബർമരങ്ങൾ ലേലം കൊള്ളാത്തതിനാൽ 30-1-2014-ന് പുനർലേലം നടത്തുകയുമുണ്ടായി. പുനർലേലത്തിൽ ലഭിച്ച ടെണ്ടർ യൂണിവേഴ്സിറ്റി അധികൃതർ തുറന്ന പരിശോധിച്ചിരുന്നില്ല. ഓഡിറ്റ് പരിശോധനയിൽ പ്രസ്തുത ടെണ്ടറിൽ 15 ലക്ഷം രൂപ രേഖപ്പെടുത്തിയിരുന്നുവെന്ന് കണ്ടെത്തി. ടെണ്ടറിന്റെ പുറംഭാഗത്ത് റീടെണ്ടർ നടത്തുന്നതാണെന്ന കാണിച്ച് എസ്റ്റേറ്റ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സമയബന്ധിതമായി റീ-ടെണ്ടർ നടത്തുന്നതിനോ, അതിന്ന സാധ്യമല്ലാത്ത സാഹചര്യത്തിൽ നിലവിൽ ടെണ്ടർ സമർപ്പിച്ച കരാറുകാരന തന്നെ കരാർ നൽകുന്നതിനോ ഉത്തരവാദപ്പെട്ട അധികാരികൾ ശ്രമിച്ചിട്ടില്ല. രണ്ടു വർഷം റബ്ബർമരങ്ങൾ ടാപ്പിംഗ് ഇല്ലാതെ നിലനിർത്തി. ഏകടെണ്ടറിൽ രേഖപ്പെടുത്തിയ കരാർ ഉറപ്പിക്കാത്തതുവഴി 15 ലക്ഷം രൂപ നഷ്ടമായി. ടെൻഡർ ലഭിച്ച വിവരം അതിനുശേഷം കൂടിയ 'എസ്റ്റേറ്റ് ഫലപ്രദമാക്കൽ കമ്മിറ്റി' -യുടെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സർവകലാശാലയുടെ ആസ്തികൾ സംരക്ഷിക്കുന്നതിലും, അവ ഫലപ്രദമായി വിനിയോഗിക്കുന്നതിലും ഉത്തരവാദപ്പെട്ട അധികാരികൾ വരുത്തുന്ന വീഴ്ചയാണ് ഈ അവസ്ഥയ്ക്ക് കാരണമായത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 11.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

84. കൊക്കോ ഗവേഷണ കേന്ദ്രത്തിനായി മാറ്റിവച്ചിരുന്ന സ്ഥലത്തു നിന്നിരുന്നത് 60 വർഷത്തിനുമേൽ പ്രായമായ ഉല്പാദനശേഷിയില്ലാത്ത മരങ്ങളായിരുന്നുവെന്നും ലേലത്തിന് ആദ്യം ഒറ്റ ടെണ്ടർ ലഭിച്ചതിനാലാണ് ആയത് തുറന്ന പരിശോധിക്കാതിരുന്നതെന്നും ഒറ്റ ടെണ്ടർ എടുക്കരുതെന്ന വ്യവസ്ഥയുള്ളതുകൊണ്ട് തുടർവ്യവസ്ഥകൾ പാലിച്ചുകൊണ്ട് രണ്ടാമത് 2014 ജനുവരിയിൽ റീ ടെണ്ടർ ചെയ്യുകയും രണ്ട് വർഷത്തെ കട്ടുംവെട്ട് പൂർത്തിയായ മരങ്ങളൊഴികെ ബാക്കിയെല്ലാം ലേലം ചെയ്യുകയുമുണ്ടായെന്നും അതിലൂടെ

14 ലക്ഷം രൂപയോളം വരുമാനമുണ്ടായിട്ടുണ്ടെന്നും പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും കേരള കാർഷിക സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) വിശദീകരിച്ചു.

85. വകുപ്പ് നൽകിയ പ്രസ്തുത വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**86. കൊക്കോ ഫാം ഏരിയയിലെ റബ്ബർ മരങ്ങളുടെ ലേലം സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വയനാട് പാക്കേജ് പ്രോജക്ട്-ഗുണമേന്മയുള്ള വിത്ത്, നടീൽ വസ്തുക്കളുടെ ഉല്പാദനം-നിർദ്ദിഷ്ട ലക്ഷ്യം പൂർത്തീകരിച്ചില്ല.**

(കേരള കാർഷിക സർവകലാശാല, പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, അമ്പലവയൽ, ഓഡിറ്റ് റിപ്പോർട്ട് 2013-14, 2014-15, ഭാഗം-3, ഖണ്ഡിക 3-25-1)

വയനാടിന്റെ കാർഷികമേഖലയ്ക്ക് ഉണർവും വികസനവും സാധ്യമാക്കുന്നതിനുള്ള വയനാട് പാക്കേജിന്റെ ഭാഗമായി സംസ്ഥാന കൃഷി വകുപ്പ് (ഫാം) ധനസഹായം നൽകിയ പ്രോജക്ടാണ് 'Scaling up production and distribution of quality seeds and planting materials'. വിവിധ വിളകളുടെ ഗുണമേന്മയുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവയുടെ വ്യാപക ഉല്പാദനം ലക്ഷ്യമാക്കിയ പ്രോജക്ടിനായി 1.50 കോടി രൂപ സർക്കാർ ധനസഹായം വകയിരുത്തി. പദ്ധതിയ്ക്കായി 2013-14-ൽ 1.25 കോടി രൂപയും 2014-15-ൽ 20.35 ലക്ഷം രൂപയും ചെലവഴിച്ചു. ഇതേ കാലയളവിൽ ഇതേ ലക്ഷ്യപ്രാപ്തിയ്ക്കായി മറ്റു രണ്ട് പ്രോജക്ടുകളും ഈ കേന്ദ്രത്തിൽ നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. ഈ പ്രോജക്ടുകൾക്ക് 2013-14-ൽ 2.66 കോടി രൂപയും, 2014-15-ൽ 3.48 കോടി രൂപയും ചെലവഴിച്ചു. ഇവയിലെല്ലാം പ്രതിവർഷം ഉല്പാദിപ്പിക്കപ്പെടേണ്ട വിത്ത്, നടീൽ വസ്തുക്കളുടെ ഉല്പാദനലക്ഷ്യം എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിർദ്ദിഷ്ടലക്ഷ്യം കൈവരിക്കുന്നതിന് ഈ പ്രോജക്ടുകൾക്ക് കഴിഞ്ഞിട്ടില്ല. അംഗീകൃത പ്രൊപ്പോസൽ പ്രകാരം പ്രതിവർഷം ഉല്പാദിപ്പിച്ചതും, ഉല്പാദിപ്പിക്കേണ്ടതുമായ വിത്ത്, നടീൽ വസ്തുക്കളുടെ താരതമ്യം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് ലക്ഷ്യങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|
| നം. | ഇനം | പ്രോജക്ട് ശീർഷകങ്ങൾ | | | ആകെ | ഉല്പാദനം | |
| | | 2251 | 9111 | 9338 | | 2013-14 | 2014-15 |
| 1 | കുരുമുളക് തൈകൾ | 500000 | 1000000 | - | 1500000 | 576230 | 797300 |
| 2 | സുഗന്ധദ്രവ്യ ചെടികൾ | 65000 | 100000 | - | 165000 | 83297 | 96756 |
| 3 | ഫലവൃക്ഷങ്ങൾ | 68500 | 100000 | 100000 | 268500 | 56544 | 258000 |
| 4 | കാപ്പി തൈകൾ | 100000 | 300000 | - | 400000 | 82648 | 70284 |
| 5 | നെൽവിത്ത് | - | 30 ടൺ | 5 ടൺ | 35 ടൺ | 8.396 ടൺ | 15.382 ടൺ |
| 6 | തെങ്ങിൻ തൈകൾ | 2000 | 25000 | - | 27000 | 20011 | 17066 |
| 7 | അലങ്കാര ചെടികൾ | 15000 | 100000 | - | 115000 | 14126 | 47730 |
| 8 | പച്ചക്കറി വിത്തുകൾ | 192 കി. | 1.5 ടൺ | 2 ടൺ | 3.6 ടൺ | 1.02 ടൺ | 528.25 കി. |
| 9 | ഇഞ്ചി, മഞ്ഞൾ വിത്ത് | 5 ടൺ | 5 ടൺ | - | 10 ടൺ | 3.03 ടൺ | 1.10 ട ൺ |
| 10 | കവുങ്ങിൻ തൈകൾ | 15000 | 50000 | - | 65000 | 31014 | 26171 |
| 11 | ഫോറസ്റ്റ് ട്രീസ് | 5000 | 200000 | - | 205000 | 76595 | 52822 |

വൻതുക ചെലവഴിക്കുകയും, പോളിഫാം ഹൗസ്, മിസ്റ്റ് ചേമ്പർ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കുകയും ചെയ്തിട്ടും പ്രഖ്യാപിത ലക്ഷ്യത്തിന്റെ 50% പോലും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ അപാകതകൾ സർക്കാർ തലത്തിലുള്ള പരിശോധനയ്ക്കായി ശ്രദ്ധയിൽ കൊണ്ടുവരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016 -17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 11.4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

87. 2013-14-ൽ തുടങ്ങിയ പദ്ധതിയുടെ പ്രാഥമിക നിക്ഷേപം മുഴുവൻ വിനിയോഗിച്ചത് 2000 ചതുരശ്ര മീറ്റർ പോളി ഹൗസുകളുടെയും ഷെയ്ഡ് ഹൗസുകളുടെയും പുനരുദ്ധാരണ പ്രവൃത്തികൾക്കും കൃഷിക്കനുയോജ്യമായി 2000 ചതുരശ്ര മീറ്റർ സ്ഥലം ഒരുക്കുന്നതുൾപ്പെടെയുള്ള പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും വേണ്ടിയായിരുന്നുവെന്ന് കാർഷിക സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) വ്യക്തമാക്കി.

88. ആയത് സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ലെന്നതാണ് പരാമർശമെന്ന് സൂചിപ്പിച്ച സമിതി, സർവകലാശാലയ്ക്ക് പ്രഖ്യാപിത ലക്ഷ്യത്തിന്റെ 50 ശതമാനം പോലും കൈവരിക്കാൻ സാധിച്ചിട്ടില്ലെന്നും പരിശോധന നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടിയുടെ തുടർ വിശദാംശം/ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലെന്നും വ്യക്തമാക്കി. വിത്ത്, നടീൽ വസ്തുക്കളുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മൂന്ന് മുൻ വർഷങ്ങളിലെ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക, കർഷകർക്കുള്ള നേട്ടം, കാർഷിക മേഖലയിലുണ്ടായ മാറ്റം എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ സർവകലാശാലയ്ക്ക് കൃഷി വകുപ്പ് നിർദ്ദേശം നൽകിയെങ്കിലും തുടർനടപടികളുടെ വിശദാംശമോ പഠന റിപ്പോർട്ടോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലെന്നും ആയത് നൽകിയിരുന്നെങ്കിൽ പ്രസ്തുത പരാമർശം ഒഴിവാക്കാമായിരുന്നുവെന്നും സമിതി ചൂണ്ടിക്കാട്ടി.

89. റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ആവശ്യമെങ്കിൽ പ്രത്യേക റിപ്പോർട്ട് ലഭ്യമാക്കാമെന്നും കേരള കാർഷിക സർവകലാശാല, ഡയറക്ടർ (ഗവേഷണ വിഭാഗം) സമിതിയെ അറിയിച്ചു.

90. സർവകലാശാലയുടെ വരവുചെലവുൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമാണ് മുൻപ് സമർപ്പിച്ച റിപ്പോർട്ടിൽ കാണിച്ചിരിക്കുന്നതെന്നും ഉല്പാദനം തുടങ്ങിയശേഷമുള്ള മൂന്നോ നാലോ വർഷങ്ങളിലെ കണക്കെടുത്താൽ മാത്രമേ കൃത്യമായ വിലയിരുത്തൽ സാധിക്കുകയുള്ളൂവെന്നും കൂടാതെ ഇക്കാര്യങ്ങളെല്ലാം ഒരു അന്വേഷണ കമ്മീഷനെ വച്ച് പരിശോധിച്ചശേഷം റിപ്പോർട്ട് നൽകാമെന്ന് കൃഷി (ഫാം) വകുപ്പ് സർക്കാരിന് ഉറപ്പുനൽകിയിരുന്നുവെന്നും ആയത് ഇതുവരെ ലഭ്യമാക്കിയിട്ടില്ലെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് വ്യക്തമാക്കി.

91. ഗുണമേന്മയുള്ള വിത്ത്, നടീൽ വസ്തുക്കളുടെ ഉല്പാദനം എന്നിവ സംബന്ധിച്ച പരിശോധനയ്ക്കായി അന്വേഷണ കമ്മീഷനെ നിയമിച്ചതിനു ശേഷം ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**92. ഗുണമേന്മയുള്ള വിത്ത്, നടീൽ വസ്തുക്കളുടെ ഉല്പാദനം എന്നിവ സംബന്ധിച്ച പരിശോധനയ്ക്കായി അന്വേഷണ കമ്മീഷനെ നിയമിച്ചതിനു ശേഷം ആയത് സംബന്ധിച്ച പഠന റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇൻവോയ്സ് വഴിയുള്ള വിൽപ്പന (ക്രെഡിറ്റ് സെയിൽ) നിയമപരമാക്കിയിട്ടില്ല- 2015-16, 2016-17 വർഷങ്ങളിലായി സർവകലാശാലക്ക് ലഭിക്കാനുള്ളത് 1,86,22,263/- രൂപ**

(കേരള കാർഷിക സർവകലാശാല 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2-1 മുതൽ 2-2-5 വരെ, 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1)

കേരള കാർഷിക സർവകലാശാലയിൽ ഉൽപ്പാദിപ്പിക്കുന്ന ചെടികൾ, വിത്തുകൾ, മറ്റ് നടീൽ വസ്തുക്കൾ എന്നിവയുടെ വിപണനത്തിന്റെ ഭാഗമായി സർക്കാരിന്റെ വിവിധ വകുപ്പുകൾക്കും, സർവകലാശാലയിലെ വിവിധ കേന്ദ്രങ്ങൾ തമ്മിൽ ഇൻവോയ്സുകൾ (ക്രെഡ്രിറ്റ് സെയിൽ) പ്രകാരവുമുള്ള വിൽപ്പനകൾ കാലങ്ങളായി നടക്കുന്നുണ്ട്. എന്നാൽ ഇതിന് നിയതമായ നടപടിക്രമങ്ങളോ, ചട്ടങ്ങളോ സർവകലാശാലയിൽ നിലവിലില്ല. 2015-16, 2016-17 വർഷങ്ങളിലായി 1,86,22,263/- രൂപയാണ് ഈ ഇനത്തിൽ സർവകലാശാലക്ക് ലഭിക്കുവാനുള്ളത്. പ്രതിവർഷം ഭീമമായ തുകകളാണ് ഇത്തരത്തിൽ സർവകലാശാലക്ക് ലഭിക്കുവാനുള്ളത്. എന്നാൽ ഇത് വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ, ലഭിക്കുവാനുള്ള തുകകളുടെ വർഷം തിരിച്ചുള്ള സംക്ഷിപ്തം സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

ഓഡിറ്റ് ഖണ്ഡിക

**ക്രെഡിറ്റ് സെയിൽ വിൽപ്പന നിയമപരമല്ല**

(കേരള കാർഷിക സർവകലാശാല 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2-1)

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 30 പ്രകാരം, "No articles of Government shall be sold on credit except where Special Rules..............." എന്ന് പറയുന്നുണ്ട്. ഇതു പ്രകാരം ഏതെങ്കിലും പ്രത്യേക ഉത്തരവ് പ്രകാരം മാത്രമേ ഇത്തരത്തിലുള്ള വിൽപ്പന രീതികൾ അവലംബിക്കാൻ പാടുള്ളൂ. നമ്പർ 661/17(2)

തീയതി 30-3-2017 പ്രകാരം സർവകലാശാല കംപ്ട്രോളർക്കും, 2015-16 ഓഡിറ്റിന്റെ ഭാഗമായി സർവകലാശാലക്ക് കീഴിലുള്ള എല്ലാ കേന്ദ്രങ്ങൾക്കും നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾ പ്രകാരം സർവകലാശാലക്ക് കീഴിലുള്ള ഇൻവോയ്സ് വഴി (ക്രെഡിറ്റ് സെയിൽ)യുള്ള വിൽപ്പന നിയമപരമാക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ടുകയുണ്ടായി. എന്നാൽ ടി രേഖകൾ സർവകലാശാലയിൽ ഇതുവരെ ലഭ്യമാക്കാത്തതിൽ നിന്നും സർവകലാശാലയിൽ ഇൻവോയ്സ് വഴി (ക്രെഡിറ്റ് സെയിൽ)യുള്ള വിൽപ്പന നിയമപരമാക്കിയിട്ടില്ല എന്ന് ഓഡിറ്റ് അനുമാനിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.1, 3.2.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

93. സർവകലാശാലയിൽ ഇൻവോയ്സ് വഴിയുള്ള വിൽപ്പന രണ്ടുതരത്തിലാണുള്ളതെന്നും ഒന്നാമത്തേത് സർക്കാർ ആവശ്യങ്ങൾക്കുവേണ്ട വിൽപ്പനയാണെന്നും രണ്ടാമത്തേത് സർവകലാശാല സ്റ്റേഷനറികളുടെ വിൽപ്പനയാണെന്നും ഇവ ക്രെഡിറ്റ് സെയിലിലല്ലാതെ സാധ്യമല്ലെന്നും ഇത് കണക്കിൽ പ്രതിഫലിക്കാത്തത് സർവകലാശാല അക്കൗണ്ടിലുള്ള അപാകതയാണെന്നും ആരംഭം മുതൽ സർവകലാശാല സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റമാണ് പിൻതുടരുന്നതെന്നും അതിൽ ക്രെഡിറ്റ് സെയിൽ ഉൾപ്പെടുത്താൻ സാധിക്കില്ലെന്നും ആയതിനാൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിലേയ്ക്ക് മാറുകയാണെന്നും യഥാർത്ഥത്തിലിത് നഷ്ടമല്ലെന്നും സർക്കാരിന്റെ പദ്ധതികൾക്കായി കൃഷി ഭവനിൽ നിന്നും ആവശ്യപ്പെടുമ്പോൾ തുക ലഭിച്ചാലേ സാധന സാമഗ്രികൾ ലഭ്യമാക്കുകയുള്ളൂവെന്ന് പറയാൻ സാധിക്കില്ലെന്നും കൃഷി ഭവനുകൾക്കെല്ലാം സർവകലാശാലയിൽ നിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ വിശദമാക്കി.

94. പ്രസ്തുത കണക്ക് വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ലെന്നതാണ് പരാമർശമെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ അക്കൗണ്ടിംഗിലുള്ള പ്രശ്നമാണ് കാരണമെന്നും സർവകലാശാലക്ക് ഒരു രൂപ പോലും നഷ്ടമുണ്ടാകുന്നില്ലെങ്കിലും പ്രശ്നം പരിഹരിക്കാൻ ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും ക്രെഡിറ്റ് സെയിൽ നിയമപരമാക്കാൻ ചട്ടത്തിൽ ഉൾപ്പെടുത്തുകയാണ് വേണ്ടതെന്നും അതിനുവേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി. സർവകലാശാലയിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങൾക്ക് ക്രെഡിറ്റ് സെയിൽ നടത്തുന്നുണ്ടോയെന്ന് സമിതി

ആരാഞ്ഞതിന്, സ്വകാര്യ സ്ഥാപനങ്ങൾക്കൊന്നും തന്നെ ക്രെഡിറ്റ് സെയിൽ നടത്തുന്നില്ലെന്ന് സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി. സ്റ്റേഷനുകൾ തമ്മിൽ ക്രെഡിറ്റ് സെയിൽ നടത്തുന്നുണ്ടോയെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ആരാഞ്ഞതിന്, സർക്കാരിന്റെ പദ്ധതിയുടെ ഭാഗമായി കൃഷി ഭവനുകൾക്ക് വിൽപ്പന നടത്തുന്നത് ക്രെഡിറ്റ് സെയിലിലൂടെയാണെന്നും നടപ്പുവർഷം മുതൽ ഇവ വാർഷിക കണക്കിലുൾപ്പെടുത്താനും ഇൻവോയിസ് പ്രിന്റ് ചെയ്യാനും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നടപ്പുവർഷം മുതൽ വാർഷിക കണക്കിന്റെ ഭാഗമായി വരുമെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി.

95. ഇൻവോയ്സ് വഴിയുള്ള വിൽപ്പന പ്രകാരം സർവകലാശാലയ്ക്ക് ലഭിക്കാനുള്ള തുക സ്റ്റേഷനുകളിലെ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നുണ്ടെന്ന മറുപടി വാസ്തവമല്ലെന്നാണ് ഓഡിറ്റിന്റെ കണ്ടെത്തലെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ, ഇൻവോയ്സ് വഴിയുള്ള വിൽപ്പന പ്രകാരം സർവകലാശാലയ്ക്ക് ലഭിക്കാനുള്ള തുകകൾ അതത് സ്റ്റേഷനുകളിലെ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നുണ്ടെന്നും സ്റ്റേഷനിൽ നിന്നുള്ള കണക്കുകളാണ് ഓഡിറ്റിംഗിനായി എടുത്തിട്ടുള്ളതെന്നും കേരള കാർഷിക സർവകലാശാല ഫിനാൻസ് ഓഫീസർ ആന്റ് കംപ്ട്രോളർ വിശദീകരിച്ചു.

96. സർവകലാശാലയിൽ സൂക്ഷിക്കുന്നത് രജിസ്റ്ററുകൾ മാത്രമായതിനാൽ കണക്കുകളിൽ ലഭിക്കാനുള്ള തുകയും കൊടുക്കാനുള്ള തുകയും വരില്ലെന്നും അതിനാലാണ് ഒരു വർഷം ഒരു കോടി രൂപയോളം ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമ്പോഴും യഥാർത്ഥത്തിൽ ലഭിച്ച തുകയും ലഭിക്കാനുള്ള തുകയും എത്രയെന്ന് വ്യക്തമാകാത്തതെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സൂചിപ്പിച്ചു.

97. ഡബിൾ എൻട്രി സിസ്റ്റം പിൻതുടർന്നാൽ മാത്രമേ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താൻ സാധിക്കുവെന്നും കണക്കുകൾ ഉണ്ടെങ്കിലും സിംഗിൾ എൻട്രി സിസ്റ്റം പിന്തുടരുന്നതുകൊണ്ട് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താൻ കഴിയുന്നില്ലെന്ന സാങ്കേതിക പ്രശ്നം മാത്രമേയുള്ളൂവെന്നും കുറച്ച് പരിമിതികളുണ്ടെങ്കിലും നടപ്പുവർഷം മുതൽ നവീകരിക്കുകയും ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറുകയും ചെയ്യുമെന്നും നിലവിലെ സിസ്റ്റമനുസരിച്ച് സർവകലാശാലയ്ക്ക് നഷ്ടമുണ്ടായിട്ടില്ലെന്നും ഇൻവോയ്സ് വഴിയാണ് വിൽപ്പന നടത്തുന്നതെന്നും പ്രസ്തുത വിൽപ്പന വേണ്ടെന്നുവയ്ക്കാൻ കഴിയില്ലെന്നും ക്രെഡിറ്റ് സെയിൽ അതത് സ്റ്റേഷനുകളിലെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്നും ബാലൻസ് ഷീറ്റ് തയ്യാറാക്കുമ്പോൾ കിട്ടാനുള്ള തുകകൾ അസറ്റ് സൈഡിൽ രേഖപ്പെടുത്തുന്നതുകൊണ്ടാണ് സർവകലാശാലയുടെ വാർഷിക കണക്കിൽ വരാത്തതെന്നും ക്രെഡിറ്റ് സെയിൽ നടത്തിയ തുകകൾ ക്രമേണ തിരിച്ച് ലഭിച്ചുകൊണ്ടിരിക്കുകയാണെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ സമിതിക്ക് മറുപടി നൽകി.

98. തെങ്ങിൻതൈ വിതരണം പോലുള്ള ചില കേസുകളിൽ കോടിക്കണക്കിന് രൂപയാണ് ലഭിക്കാനുള്ളതെന്നും ചിലപ്പോൾ തുടർ വർഷത്തിലെ മാർച്ച്-ഏപ്രിൽ മാസങ്ങൾക്ക് ശേഷമാവും ലഭിക്കുകയെന്നും സ്റ്റേഷനുകളിൽ വിവിധ കേന്ദ്രങ്ങളിൽ നിന്നും പണം തുടർച്ചയായി അക്കൗണ്ടിലേയ്ക്ക് വന്നുകൊണ്ടിരിക്കുമെന്നും കാലതാമസം വരുമെന്ന് മാത്രമേയുള്ളൂവെന്നും സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) വിശദമാക്കി.

99. 2015-16, 2016-17 വർഷങ്ങളിൽ ഇത്തരത്തിൽ സർവകലാശാലയ്ക്ക് 1,86,22,263/- രൂപ ലഭിക്കാനുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ പ്രസ്തുത തുക ലഭിച്ചിട്ടുണ്ടെന്ന് ഫിനാൻസ് ഓഫീസർ &കംപ്ട്രോളർ മറുപടി നൽകി. ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയാൽ പ്രശ്നത്തിന് പരിഹാരമാകുമോയെന്ന് സമിതി ആരാഞ്ഞതിന്, വാർഷിക കണക്കിൽ വരുന്നില്ലെന്ന പ്രശ്നത്തിന് പരിഹാരമാകുമെന്നും ബാലൻസ് ഷീറ്റിൽ വന്നു കഴിഞ്ഞാൽ തുക കിട്ടുന്നതിനനുസരിച്ച് ഡെബിറ്റ് ചെയ്യാൻ സാധിക്കുമെന്നും ഒരിക്കലും അത് പൂജ്യത്തിലേക്ക് പോകില്ലെന്നും ആയത് അസെറ്റ് സൈഡിൽ തന്നെയായിരിക്കുമെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ ബോധിപ്പിച്ചു.

100. രണ്ട് വർഷം മുമ്പ് ഇത്തരം പരാമർശം വന്നതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്റ്റേഷനിൽ നിന്നും കിട്ടാനുള്ള ഇൻവോയ്സും കിട്ടിയ ഇൻവോയ്സ് തുകയും നടപടിക്രമത്തിന്റെ റിപ്പോർട്ടുമെല്ലാം വാങ്ങിയിരുന്നുവെന്നും അതനുസരിച്ച് നടപടി സ്വീകരിച്ചതിന്റെ ഫലമായി ഏപ്രിൽ-മേയ് മാസങ്ങൾ കഴിഞ്ഞപ്പോൾ 90 ശതമാനം തുകയും ലഭിച്ചുവെന്നും കാലതാമസം വരുമെന്നേയുള്ളൂവെന്നും സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) വിശദീകരിച്ചു. മേൽ വിശദീകരിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് ലഭ്യമാക്കണമെന്നും കൂടാതെ സർവകലാശാലയുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് നവീകരിക്കുമ്പോൾ ഭാവിയിൽ ഇത്തരം പ്രശ്നമുണ്ടാകില്ലെന്ന വിവരം റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

101. സർവകലാശാലയിലെ ഒരു സ്റ്റേഷനിൽ നിന്നും മറ്റൊരു സ്റ്റേഷനിലേയ്ക്ക് വർഷങ്ങൾക്ക് മുമ്പ് നടത്തിയ വിൽപ്പനയിൽ എത്ര രൂപ കിട്ടാനുണ്ടെന്നോ എത്ര തുക ബാക്കിയുണ്ടെന്നോ അറിയില്ലെന്നും അമ്പലവയൽ പോലുള്ള ചില സ്റ്റേഷനുകളിൽ നിന്നും ലക്ഷക്കണക്കിന് രൂപ ലഭിക്കാനുണ്ടെന്നും അവിടുത്തെ സ്റ്റോക്ക് രജിസ്റ്ററിൽ കണക്കുകൾ കാണിച്ചിട്ടില്ലെന്നും മണ്ണുത്തിയിലെ ഒരു സ്റ്റേഷനിൽ നിന്ന് അമ്പലവയലിലേയ്ക്ക് ഒരു ഉൽപന്നം കൊടുക്കുമ്പോൾ അമ്പലവയലിലെ സ്റ്റോക്ക് രജിസ്റ്ററിൽ ഇത് രജിസ്റ്റർ ചെയ്യുന്നില്ലെന്നും സ്റ്റോക്ക് രജിസ്റ്ററിൽ വരാത്തതിനാൽ തുക നൽകാൻ സാധിക്കാതെ

വരുന്നുവെന്നും ഇതുപോലെ കൃഷി വകുപ്പിൽ നിന്നും ഉൽപ്പന്നങ്ങൾ പുറത്തേക്ക് കൊടുക്കുന്നുണ്ടെന്നും അതിനുള്ള കൃത്യമായ കണക്ക് ഒരു സ്റ്റേഷനിലും കാണുന്നില്ലെന്നും കൃഷി വകുപ്പിൽ നിന്നും ഫണ്ട് കൈമാറ്റം ചെയ്യുകയേയുള്ളൂവെന്നും ഏത് കൃഷി ഭവനിൽ നിന്നാണ് പണം വന്നതെന്നതിന്റെ കണക്ക് സൂക്ഷിച്ചിട്ടില്ലെന്നും ഇതു സംബന്ധിച്ച് കൃഷി വകുപ്പിനും കൂടി നിർദ്ദേശം നൽകണമെന്നാണ് സമിതിയോട് അഭ്യർത്ഥിക്കാനുള്ളതെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വിശദീകരിച്ചു.

102. കൃഷി വകുപ്പ് വിചാരിച്ചാൽ മാത്രമേ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂവെന്നും വകുപ്പ് ട്രഷറിയിൽ ബിൽ കൊടുക്കുമ്പോൾ സർവകലാശാലയുടെ അക്കൗണ്ടിലേക്ക് പണം വരുന്നുണ്ടെങ്കിലും അതിന്റെ ഉറവിടമേതെന്ന് അറിയാൻ സാധിക്കുന്നില്ലെന്നും ആയതിന്മേലുള്ള വ്യക്തമായ വിവരം കൃഷി വകുപ്പ് ലഭ്യമാക്കിയാൽ മാത്രമേ ഉറവിടമേതെന്ന് അറിയാൻ സാധിക്കുകയുള്ളൂവെന്നും കാർഷിക സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ വിശദീകരണം നൽകി.

103. സർവകലാശാലയിൽ നിന്നും മറ്റ് കേന്ദ്രങ്ങൾക്ക് വിൽക്കുന്ന ഉൽപന്നങ്ങൾ സംബന്ധിച്ച കണക്കുകൾ സർവകലാശാലയുടെ കൈവശമില്ലെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് സമിതിയെ ബോധിപ്പിച്ചു.

104. പ്രസ്തുത ആരോപണം തെറ്റാണെന്നും മുൻ വർഷങ്ങളിൽ ഒരു കോടി രൂപയുടെ ഇൻവോയ്സ് സെയിൽ കോക്കനട്ട് കൗൺസിലിന് നടത്തിയിരുന്നുവെന്നും കൂടാതെ കൃഷിഭവനുകൾക്ക് ഇൻവോയിസ് നൽകിയാൽ ആദ്യം ഗുണഭോക്തൃ സംഭാവനയും പിന്നീട് ബാക്കിയുള്ള തുകയും നിക്ഷേപിക്കുമെന്നും ഇതിലൂടെ ഇൻവോയിസിന്റെ യഥാർത്ഥ തുക ലഭിക്കില്ലെന്നും സർവകലാശാലയ്ക്ക് അറിയിപ്പ് നൽകാതെ കൃഷി ഭവൻ ട്രഷറിയിൽ തുക നിക്ഷേപിക്കുമെന്നും ഇൻവോയിസുകൾ കൊടുത്ത് പരിഹരിക്കാൻ ബുദ്ധിമുട്ടുണ്ടെന്ന വിവരം രണ്ടുവർഷമായി കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി വരികയാണെന്നും തൃശ്ശൂർ ജില്ലയിൽ നിന്നും മാർച്ച് മാസം വരെയുള്ള ഇൻവോയിസുകൾ ശേഖരിച്ചിട്ടുണ്ടെന്നും സർവകലാശാല ഡയറക്ടർ (സീഡ്സ്) വിശദമാക്കി.

105. കൃഷി വകുപ്പ് സെക്രട്ടറി കൂടിയായ വൈസ് ചാൻസലർക്ക് പ്രസ്തുത പ്രശ്നത്തിന് എന്ത് പരിഹാരമാണ് നിർദ്ദേശിക്കാനുള്ളതെന്ന് സമിതി ആരാഞ്ഞപ്പോൾ, പർച്ചേസിംഗ് ഓഫീസർ ആയത് പരിഹരിച്ച് കൃത്യമായി അറിയിപ്പ് നൽകുകയാണെങ്കിൽ മേൽ വിഷയം വരില്ലെന്നും ബഡ്ജറ്റ് ലൈനിന് പുറത്ത് ഒരു സസ്പെൻസ് അക്കൗണ്ട് തുടങ്ങി തുക നിക്ഷേപിച്ച് പ്രശ്നം പരിഹരിക്കാമെന്നും സർവകലാശാല വൈസ് ചാൻസലർ മറുപടി നൽകി.

106. ഓഡിറ്റ് വകുപ്പും സർവകലാശാലയും പിന്തുടരുന്ന അക്കൗണ്ടിംഗ് സമ്പ്രദായത്തിലുള്ള വൈരുദ്ധ്യമാണ് പ്രസ്തുത പ്രശ്നങ്ങൾക്ക് പ്രധാന കാരണമെന്ന് ചൂണ്ടിക്കാട്ടിയ സമിതി ആയത് പരിഹരിക്കണമെന്നും യോഗത്തിൽ പരിഹരിക്കാവുന്ന വിഷയമാണെങ്കിൽ ഓഡിറ്റ് വിഭാഗത്തിന്റെ കൂടി സമ്മതപ്രകാരം തീർപ്പാക്കാവുന്നതാണെന്നും മറ്റ് വിഷയങ്ങൾ റിപ്പോർട്ടാക്കി നിയമസഭയ്ക്ക് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചു.

107. കാർഷിക സർവകലാശാലയുടെ പ്രോജക്ടുകളെല്ലാം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളായതിനാൽ സമയപരിധിയില്ലെന്നും എന്നാൽ ഓഡിറ്റ് വാർഷിക സ്വഭാവമുള്ളതാണെന്നും സർവകലാശാലയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നുണ്ടെന്നും ആയത് സംബന്ധിച്ച കണക്കുകളുണ്ടെന്നും എന്നാൽ ഓഡിറ്റിന്റെ കണക്കുമായി ഒത്തുചേരുന്നില്ലെന്നും സമിതി വിലയിരുത്തി. പ്രസ്തുത പ്രശ്നം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്ന് സമിതി ആരാഞ്ഞപ്പോൾ കേരളത്തിലെ എല്ലാ സർവകലാശാലകൾക്കും നിയതമായൊരു അക്കൗണ്ടിംഗ് സമ്പ്രദായമില്ലെന്നുള്ളതാണ് അടിസ്ഥാന പ്രശ്നമെന്നും ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയാൽ ഒരു പരിധിവരെ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നും ആധുനിക അക്കൗണ്ടിംഗ് സിസ്റ്റമെല്ലാം ഡബിൾ എൻട്രിയാണെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മറുപടി ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**108. സർവകലാശാല പിന്തുടർന്നു വരുന്ന അക്കൗണ്ടിംഗ് സിസ്റ്റം, സർവകലാശാലയുടെ വാർഷിക കണക്കുകൾ സംബന്ധിക്കുന്ന ഏറ്റവും പുതിയ വിവരങ്ങൾ തുടങ്ങിയവ അടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്നും പ്രസ്തുത റിപ്പോർട്ടിൽ സർവകലാശാലയുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് നവീകരിക്കുമ്പോൾ ഭാവിയിൽ ഇൻവോയിസ് പ്രകാരം കിട്ടാനുള്ള തുകകൾ സംബന്ധിച്ച പ്രശ്നമുണ്ടാകില്ലെന്ന വിവരം ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**109. ഓഡിറ്റ് വകുപ്പും സർവകലാശാലയും പിന്തുടരുന്ന അക്കൗണ്ടിംഗ് സമ്പ്രദായത്തിലുള്ള വൈരുദ്ധ്യമാണ് ഓഡിറ്റ് ചൂണ്ടിക്കാട്ടിയിട്ടുള്ള പ്രശ്നങ്ങൾക്ക് പ്രധാന കാരണമെന്ന് സമിതി വിലയിരുത്തുന്നു. ആയത് ഓഡിറ്റ് വിഭാഗത്തിന്റെ കൂടി സമ്മതപ്രകാരം തീർപ്പാക്കണമെന്നും മറ്റ് വിഷയങ്ങൾ റിപ്പോർട്ടാക്കി സമിതിക്ക് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**110. കേരളത്തിലെ എല്ലാ സർവകലാശാലകൾക്കും നിയതമായൊരു അക്കൗണ്ടിംഗ് സമ്പ്രദായമില്ലെന്നുള്ളതാണ് അടിസ്ഥാന പ്രശ്നമെന്നും ഡബിൾ എൻട്രി**

**സിസ്റ്റത്തിലേയ്ക്ക് മാറിയാൽ ഒരു പരിധിവരെ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകിയ സാഹചര്യത്തിൽ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മറുപടി ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നടപടിക്രമങ്ങളിൽ അവ്യക്തത**

(കേരള കാർഷിക സർവകലാശാല 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2-2)

ഇൻവോയ്സുകൾ വഴിയുള്ള വിൽപ്പന സംബന്ധിച്ച നടപടിക്രമങ്ങളിൽ അവ്യക്തത നിലനിൽക്കുന്നതായി കാണുന്നു.

- സർവകലാശാലയിലെ ഒരു കേന്ദ്രത്തിന് ഇൻവോയ്സുകൾ വഴി ആർക്കൊക്കെ ഉൽപ്പന്നങ്ങൾ നൽകാവുന്നതാണ്-
- എത്ര തുകവരെ ഇത്തരത്തിൽ വിൽപ്പന നടത്താവുന്നതാണ്-
- ക്രെഡിറ്റ് സെയിൽ തീർപ്പാക്കാനുള്ള കാലാവധി എത്ര ദിവസമാണ്-
- കാലാവധി കഴിഞ്ഞ ഇത്തരം തുകകൾ തിരിച്ചു പിടിക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്.

മേൽ പറഞ്ഞ കാര്യങ്ങളിലെല്ലാം കൃത്യമായ മാനദണ്ഡങ്ങൾ തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നുണ്ടോ എന്നതിൽ അവ്യക്തത നിലനിൽക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

111. സർവകലാശാലയിലെ ഒരു കേന്ദ്രത്തിന് ഇൻവോയ്സുകൾ വഴി ആർക്കൊക്കെ ഉൽപ്പന്നങ്ങൾ നൽകാമെന്നും എത്ര തുക വരെ ഇത്തരത്തിൽ വിൽപ്പന നടത്താമെന്നും ക്രെഡിറ്റ് സെയിൽ തീർപ്പാക്കാനുള്ള കാലാവധി എത്ര ദിവസമാണെന്നും കാലാവധി കഴിഞ്ഞ തുക തിരിച്ചുപിടിക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്

ആയത് സംബന്ധിച്ച മാനദണ്ഡം തയ്യാറാക്കി സർക്കുലറായോ ഉത്തരവായോ പുറപ്പെടുവിക്കാമെന്ന് സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി.

112. മാനദണ്ഡം തയ്യാറാക്കിയശേഷം ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**113. സർവകലാശാലയിലെ ഒരു കേന്ദ്രത്തിന് ഇൻവോയ്സുകൾ മുഖേന ആർക്കൊക്കെ ഉൽപന്നങ്ങൾ നൽകാമെന്നും എത്ര തുക വരെ ഇത്തരത്തിൽ വിൽപ്പന നടത്താമെന്നും ക്രെഡിറ്റ് സെയിൽ തീർപ്പാക്കാനുള്ള കാലാവധി എത്ര ദിവസമാണെന്നും കാലാവധി കഴിഞ്ഞ തുക തിരിച്ചുപിടിക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നുമുള്ള കാര്യങ്ങൾക്ക് മാനദണ്ഡം തയ്യാറാക്കിയശേഷം ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇൻവോയ്സുകൾ വഴിയുള്ള വിൽപ്പന ഇനത്തിൽ സർവകലാശാലക്ക് ലഭിക്കുവാനുള്ള തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല**

(കേരള കാർഷിക സർവകലാശാല 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2-3, 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1)

ഇൻവോയിസുകൾ വഴിയുള്ള വിൽപ്പനയിലൂടെ പ്രതിവർഷം ഭീമമായ തുകകൾ സർവകലാശാലക്ക് ലഭിക്കേണ്ടതായുണ്ട്. എന്നാൽ ടി തുകകളുടെ കണക്കുകൾ സർവകലാശാല വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല. വാർഷിക കണക്കുകളിൽ ഉൾപ്പെടാത്തതുകൊണ്ട് തന്നെ സർവകലാശാലക്ക് ലഭിക്കാനുള്ള തുകകളുടെ വിവരങ്ങൾ നിരീക്ഷിക്കുന്നതിലും, തുടർ നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച ഉണ്ടാകാനിടയുണ്ട്. സർവകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ വർഷങ്ങളോളം പഴക്കമുള്ള തീർപ്പാക്കാനുള്ള ഇൻവോയ്സുകൾ നിലനിൽക്കുന്നതായി കാണുന്നു.

വാർഷിക കണക്കിൽ ഉൾപ്പെടാത്തതു കൊണ്ട് തന്നെ ടി ഇനത്തിൽ സർവകലാശാലക്ക് നാളിതുവരെയായി ലഭിക്കാനുള്ള ആകെ തുക എത്രയെന്നുള്ള കണക്കുകളും ലഭ്യമല്ല. 2015-16, 2016-17 വർഷങ്ങളിൽ മാത്രമായി സർവകലാശാലക്ക് ലഭിക്കുവാനുള്ളത് 1,86,22,263/- രൂപയാണ്. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

**2015-16**

| ക്രമ നമ്പർ | കേന്ദ്രത്തിന്റെ പേര് | ലഭിക്കുവാനുള്ള തുക |
|---|---|---|
| 1 | കെ.വി.കെ., അമ്പലവയൽ | 7,49,261/- |
| 2 | ഒലേരികൾച്ചർ ഡിപ്പാർട്ട്മെന്റ് | 12,113/- |
| 3 | സീഡ് ടെക്നോളജി, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര | 2,74,580/- |
| 4 | കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം | 17,80,334/- |
| 5 | അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി | 14,250/- |
| 6 | അഗ്രിക്കൾച്ചർ മൈക്രോബയോളജി & അഗ്രിക്കൾച്ചർ മീറ്റിറോളജി | 86,000/- |
| 7 | കെ.വി.കെ., മലപ്പുറം | 3,98,875/- |
| 8 | പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി | 4,43,647/- |
| 9 | കെ.വി.കെ., കണ്ണൂർ | 76,040/- |
| 10 | ആർ.എ.ആർ.എസ്., അമ്പലവയൽ | 77,26,149/- |
| 11 | സെൻട്രൽ നഴ്സറി, വെള്ളാനിക്കര | 3,20,767/- |
| **ആകെ** | | **1,18,82,016/-** |

**2016-17**

| ക്രമ നമ്പർ | കേന്ദ്രത്തിന്റെ പേര് | ലഭിക്കുവാനുള്ള തുക |
|---|---|---|
| (1) | (2) | (3) |
| 1 | പ്ലാന്റ് പ്രൊപ്പഗേഷൻ & നഴ്സറി മാനേജ്മെന്റ് യൂണിറ്റ്, വെള്ളാനിക്കര | 47,100/- |
| 2 | കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ | 19,100/- |
| 3 | കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം | 3,66,396/- |
| 4 | ഡിപ്പാർട്ട്മെന്റ് ഓഫ് ഒലേരിക്കൾച്ചർ, വെള്ളാനിക്കര | 49,120/- |
| 5 | റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ, പീലിക്കോട് | 5,03,996/- |
| 6 | അഗ്രിക്കൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്റർ | 30,945/- |

| (1) | (2) | (3) |
|---|---|---|
| 7 | കാർഷിക വിജ്ഞാന കേന്ദ്രം, വയനാട് | 27,21,939/- |
| 8 | മെക്കാനിക്കൽ സബ്ഡിവിഷൻ, വെള്ളാനിക്കര | 44,035/- |
| 9 | ഡിപ്പാർട്ട്മെന്റ് ഓഫ് മൈക്രോബയോളജി, വെള്ളാനിക്കര | 2,04,787/- |
| 10 | കാർഷിക കോളേജ്, പടന്നക്കാട് | 3,20,225/- |
| 11 | കെ.എ.യു. പ്രസ്സ്, മണ്ണുത്തി | 11,65,810/- |
| 12 | ആരോമാറ്റിക് ആന്റ് മെഡിസിനൽ പ്ളാന്റ്, ഓടക്കാലി | 18,406/- |
| 13 | കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് & ടെക്നോളജി, തവനൂർ | 43,595/- |
| 14 | വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ | 18,025/- |
| 15 | ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊസ്സസിംഗ് ടെക്നോളജി, വെള്ളാനിക്കര | 35,815/- |
| 16 | കോക്കനട്ട് മിഷൻ, പടന്നക്കാട് | 6,68,990/- |
| 17 | പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ | 4,81,963/- |
| | **ആകെ** | **67,40,247/-** |

ഇത്രയും ഭീമമായ തുക വാർഷിക കണക്കുകളിൽ ഉൾപ്പെടാതെ പോവുന്നത് ഗൗരവമേറിയ വിഷയമാണ്. ലഭിക്കാനുള്ള തുകകൾ സംബന്ധിച്ച് വർഷാന്ത്യകണക്കുകൾ തയ്യാറാക്കേണ്ടതും, തീർപ്പാക്കാൻ ബാക്കി കിടക്കുന്ന തുകകൾ കാരി ഫോർവേഡ് ചെയ്യേണ്ടതും, സമയപരിധി നിശ്ചയിച്ചുകൊണ്ട് തീർപ്പാക്കേണ്ടതുമാണ്. കൂടാതെ ഈ മേഖലയിൽ ശക്തമായ നിയന്ത്രണ സംവിധാനം കൊണ്ടുവരേണ്ടതുമാണ്.

ഓഡിറ്റ് ഖണ്ഡിക

**അപാകതകൾ**

(കേരള കാർഷിക സർവകലാശാല 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2-4)

ഇൻവോയ്സുകളുടെ അച്ചടി സംബന്ധിച്ച് ആധികാരികത നിലനിൽക്കുന്നതായി കാണുന്നില്ല. ഇൻവോയ്സുകൾ വഴി വിൽപ്പന നടക്കുന്ന എല്ലാ കേന്ദ്രങ്ങളും അവിടെ തന്നെയാണ് ഇൻവോയ്സുകൾ അച്ചടിക്കുകയോ, കമ്പ്യൂട്ടർ പ്രിന്റ് വഴി തയ്യാറാക്കുകയോ ചെയ്യുന്നത്. കൂടാതെ ഇതിന് ഒരു ഏകീകൃത സ്വഭാവം നിലനിൽക്കുന്നതായും കാണുന്നില്ല. ഒരു വർഷം ഒരു കേന്ദ്രത്തിൽ അച്ചടിക്കുന്ന ഇൻവോയ്സുകൾ, ആയതിന്റെ സ്റ്റോക്ക് എന്നിവ സംബന്ധിച്ച വിവരങ്ങൾ പല കേന്ദ്രങ്ങളിലും സൂക്ഷിക്കുന്നില്ല. ഇത്തരത്തിലുള്ള

ഒരു അയഞ്ഞ സംവിധാനത്തിൽ തെറ്റായ പ്രവണതകൾ ഉണ്ടാകാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

● ഇൻവോയ്സ് വിൽപ്പന നിയമപരമാക്കുകയും ആയത് സംബന്ധിച്ചുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്യുക.

● റസീറ്റ് സമ്പ്രദായം പോലെതന്നെ ഇൻവോയ്സുകളും കംപ്ട്രോളർ കീഴിൽ കേന്ദ്രീകൃതമായി അച്ചടിച്ച്, ബുക്ക് നമ്പറും, പേജ് നമ്പറും ചേർത്ത് വിതരണം ചെയ്യുന്ന രീതികൾ അവലംബിക്കുക.

● ഇൻവോയ്സുകൾ തീർപ്പാക്കാനുള്ള സമയപരിധി നിശ്ചയിക്കുക.

● ലഭിക്കാനുള്ള തുകകളുടെ സംക്ഷിപ്തം വർഷമനുസരിച്ച് തയ്യാറാക്കുകയും, കാരി ഫോർവേഡ് ചെയ്ത് സൂക്ഷിക്കുകയും ചെയ്യുക.

തൽസ്ഥിതി വിവരം ആരാഞ്ഞുള്ള കത്തിന് സർവകലാശാല മറുപടി നൽകിയില്ലെന്ന് കേരള കാർഷിക സർവകലാശാല ഓഡിറ്റ് ജോയിന്റ് ഡയറക്ടറുടെ 16-8-2018-ലെ കെ.എസ്.എ.എ.ജി.യു.ആർ. 2/652/18 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.4, 3.2.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

114. സർവകലാശാല തയ്യാറാക്കുന്ന സർക്കുലറിൽ ഇതുസംബന്ധിച്ച വിവരങ്ങൾ കൂടി ഉൾപ്പെടുത്താമെന്ന് കാർഷിക സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ സമിതിയെ ബോധിപ്പിച്ചു.

115. ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**116. ഇൻവോയിസ് വഴിയുള്ള വിൽപ്പനയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ചും ഓഡിറ്റ് നിർദ്ദേശത്തിന്മേലും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ അംഗീകാരമില്ലാതെ അധ്യാപക തസ്തികകളിൽ നിയമനം നടത്തിയതിന്റെ വിശദാംശം.**

സർക്കാർ അംഗീകാരമില്ലാതെ വിവിധ സർവകലാശാലകൾ അധ്യാപക തസ്തികകളിൽ നിയമനം നടത്തിയതിന്റെ വിവരം, നിയമനം നടത്തിയ സാഹചര്യം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ അനുവാദം വേണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല**

കേരള കാർഷിക സർവകലാശാലയിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിൽ നിന്നും നേരിട്ട് അനുവാദം വാങ്ങേണ്ടതായി 1971-ലെ കേരള കാർഷിക സർവകലാശാല നിയമം അനുശാസിക്കുന്നില്ല. ആ നിലയ്ക്ക് കാർഷിക സർവകലാശാലയിൽ സർക്കാർ അംഗീകാരമില്ലാത്ത തസ്തികകൾ ഇല്ല എന്നു വിലയിരുത്താവുന്നതാണ്. 1971-ലെ കേരള കാർഷിക സർവകലാശാല നിയമം സെക്ഷൻ 7(11) പ്രകാരം സർവകലാശാലയിൽ ടീച്ചിംഗ്, റിസർച്ച്, എക്സ്റ്റെൻഷൻ എഡ്യൂക്കേഷൻ തസ്തികകൾ സൃഷ്ടിക്കാൻ സർവകലാശാലയ്ക്ക് അധികാരമുണ്ട്. മേൽ നിയമത്തിലെ സെക്ഷൻ 7(12) പ്രകാരം ഭരണപരമായ തസ്തികകളും സൃഷ്ടിക്കാവുന്നതാണ്. സെക്ഷൻ 16(ജി), (എച്ച്) എന്നിവ പ്രകാരം നിയമനാധികാരം നിറവേറ്റുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്. സർവകലാശാല സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്തുകൊണ്ടാണ് ഇത്തരത്തിൽ തസ്തികകൾ സൃഷ്ടിക്കേണ്ടത്. എന്നാൽ സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്യാതെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്ന കീഴ്വഴക്കം സർവകലാശാലയിൽ നിലവിലുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.1, 6.1.(f))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

117. സർവകലാശാലയിലെ 58 അനധ്യാപക തസ്തികകളും 10 അധ്യാപക തസ്തികകളും സ്റ്റാറ്റ്യൂട്ട് പ്രകാരം നിലവിലില്ലാത്തതാണെന്ന ഓഡിറ്റ് പരാമർശത്തിന് 10 അധ്യാപക തസ്തികകളിലേയ്ക്ക് നിയമനമോ സ്ഥാനക്കയറ്റമോ നൽകിയിട്ടില്ലെന്നും ഭരണസമിതിയുടെ അനുവാദത്തോടുകൂടി തസ്തിക സൃഷ്ടിച്ചിട്ടുണ്ടെങ്കിലും അതിൽ മറ്റ് കോളേജുകളിലെ പ്രൊഫസർമാർ അധിക ചാർജ്ജായാണ് ജോലി ചെയ്യുന്നതെന്നും

ഭരണപരമായ സൗകര്യത്തിനുവേണ്ടി ഉണ്ടാക്കിയ തസ്തികയിൽ നിയമനമോ സ്ഥാനക്കയറ്റമോ നടത്തിയിട്ടില്ലെന്നും ആയതിനാൽ 10 അധ്യാപക തസ്തികകളെക്കുറിച്ചുള്ള പരാമർശത്തിൽ വൈരുദ്ധ്യമുണ്ടെന്നും ഭരണപരമായ സൗകര്യത്തിനായി തസ്തിക സൃഷ്ടിക്കാനുള്ള അധികാരം ഭരണസമിതിക്കുണ്ടെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും കേരള കാർഷിക സർവകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു.

118. ഓഡിറ്റിന്റെ സമയത്ത് പ്രസ്തുത വിവരം ഓഡിറ്റ് വിഭാഗത്തെ ബോധ്യപ്പെടുത്തിയിരുന്നെങ്കിൽ പരാമർശം ഒഴിവാക്കാമായിരുന്നുവെന്ന് സമിതി ചൂണ്ടിക്കാട്ടിയത് അംഗീകരിച്ച കേരള കാർഷിക സർവകലാശാല രജിസ്ട്രാർ, രണ്ടാമത്തെ പരാമർശം 58 അനധ്യാപക തസ്തികകളുടെ നിയമനം നടത്തുന്നത് സംബന്ധിച്ചാണെന്നും സർക്കാരിന്റെ ശമ്പള പരിഷ്കരണ ഉത്തരവിൽ കേരള കാർഷിക സർവകലാശാലയ്ക്ക് അനുവദിച്ച തസ്തികകളും അതിൽ പറഞ്ഞിരിക്കുന്ന ശമ്പളവുമാണ് നൽകുന്നതെന്നും ഇവ ചട്ടത്തിലില്ലെന്നുള്ളതാണ് അവസാന പരാമർശമെന്നും മിക്കവാറും എല്ലാ ചട്ടങ്ങളുടെയും കരടായിട്ടുണ്ടെന്നും 2015-ൽ അനുമതിക്കായി ഗവർണർക്ക് അയച്ചിരുന്നുവെങ്കിലും മിക്കതും തിരിച്ചുവന്നിട്ടില്ലെന്നും 2015-ൽ അയച്ച ഒരു കരട് ചട്ടത്തിന് 2023 ജൂൺ 6-ാം തീയതിയാണ് അനുമതി ലഭിച്ചതെന്നും അനുമതി ലഭിക്കാനുള്ള കാലതാമസമാണ് സ്റ്റാറ്റ്യൂട്ടുകളില്ലാതെ വരുന്നതിന് കാരണമെന്നും വിശദീകരിച്ചു.

119. തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ അനുമതി വേണമെന്ന് സർവകലാശാലയുടെ നിയമത്തിൽ പറയുന്നില്ലെന്നും പ്രസ്തുത അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാണെന്നും അപ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാകുമ്പോൾ തസ്തികയെ സംബന്ധിച്ച് ചട്ടത്തിൽ വ്യവസ്ഥ ചെയ്യണമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. രണ്ട് രീതിയിലുള്ള തസ്തികകളുണ്ടെന്നും ഒന്നാമത്തേത് സ്റ്റാറ്റ്യൂട്ടിലുണ്ടെങ്കിലും സർക്കാരിന്റെ ശമ്പളപരിഷ്കരണത്തിലോ ഉത്തരവിലോ സൂചിപ്പിക്കാത്തതായിരിക്കുമെന്നും ഉദാഹരണമായി ബോട്ട് ഡ്രൈവർ എന്ന തസ്തിക ചട്ടത്തിലുണ്ടെങ്കിലും ശമ്പള പരിഷ്കരണത്തിൽ വരുന്നില്ലെന്നും ആയതിന് ഇപ്പോൾ ലഭിച്ച മറുപടി ശമ്പള പരിഷ്കരണ ഉത്തരവിൽ ഉൾപ്പെടുത്തുന്നതിന് നടപടിയായിട്ടുണ്ടെന്നാണെന്നും എന്നാൽ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിലും പ്രസ്തുത തസ്തിക ഉൾപ്പെടുത്തിയിട്ടില്ലെന്നും നേരെ മറിച്ച് സ്റ്റാറ്റ്യൂട്ടിലില്ലാതെ ശമ്പള പരിഷ്കരണ ഉത്തരവിൽ വരുമ്പോഴും ഇതൊരു പ്രശ്നമാണെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു. സർക്കാരിന്റെ കീഴിലുള്ള ഏജൻസിയായി ഓഡിറ്റർ പ്രവർത്തിക്കുമ്പോൾ രണ്ടിന്റെയും വൈരുദ്ധ്യങ്ങൾ ചൂണ്ടിക്കാണിക്കേണ്ടതായി വരുമെന്നും ഒരാൾ കോടതിയെ സമീപിച്ചാൽ ചട്ടത്തിലുള്ള തസ്തികയ്ക്ക് നിയമപരിരക്ഷ കിട്ടുമെന്നും എന്നാൽ ഓഡിറ്ററിന് സർക്കാർ ഉത്തരവിലില്ലെന്ന് പറയേണ്ടി വരുമെന്നും ഓഡിറ്റ് പറയുന്നത് ചട്ടത്തിലുണ്ടെങ്കിൽ ആയതിന് നിയമ

പരിരക്ഷ കിട്ടുമെന്നും മറ്റുള്ളത് സർക്കാർ ഉത്തരവിൽകൂടി വന്നാൽ മതിയെന്നാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

120. എട്ട് വർഷം മുമ്പ് അയച്ച കരട് ചട്ടത്തിന് ഒരാഴ്ച മുൻപാണ് അനുമതി ലഭിച്ചതെന്നും അനുമതിയില്ലാത്തിടത്തോളം മറ്റൊന്നും ചെയ്യാൻ സാധിക്കില്ലെന്നും അനുമതി ലഭിക്കുന്നതുവരെ കാത്തിരിക്കുകയേ നിർവ്വാഹമുള്ളൂവെന്നും സർവകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു.

121. അനുമതിക്കായി അയച്ച കരട് ചട്ടങ്ങളെല്ലാം തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്  എട്ടുവർഷമായിട്ടും 5 എണ്ണത്തിന് മാത്രമേ അനുമതി ലഭിച്ചിട്ടുള്ളൂവെന്നും മറ്റുള്ളവ തിരികെ ലഭിക്കാനുണ്ടെന്നും കേരള കാർഷിക സർവ കലാശാല ഡയറക്ടർ മറുപടി നൽകി.

122. അനുമതി ലഭിക്കാത്തത് കൃത്യമായി തുടർ നടപടി സ്വീകരിക്കാത്തതു കൊണ്ടാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അഭിപ്രായപ്പെട്ടപ്പോൾ തുടർ നടപടികൾ കൃത്യമായി സ്വീകരിച്ചിട്ടുണ്ടെന്നും ഫയൽ പരിശോധിച്ചാൽ ആയത് മനസ്സിലാകുമെന്നും എല്ലാ സർവകലാശാലകളിലും മേൽപ്രശ്നം നിലനിൽക്കുന്നുണ്ടെന്നും സ്ഥിര തസ്തിക രൂപീകരിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അവകാശമുണ്ടെങ്കിലും രൂപീകരിക്കുന്ന തസ്തികയ്ക്ക് ചാൻസലറുടെ അനുമതി ലഭിക്കുന്ന മുറയ്ക്കു മാത്രമേ തസ്തികയ്ക്കുവേണ്ട മുഴുവൻ നടപടിക്രമവുമാകുകയുള്ളൂവെന്നും അനുമതി ലഭിച്ചില്ലെങ്കിലും പ്രശ്നമില്ലെന്നും സൃഷ്ടിക്കുന്ന തസ്തികകൾ സ്ഥിരം തന്നെയാണെന്നും എന്നാൽ പെൻഷൻ പോലുള്ള കാര്യങ്ങൾക്ക് വാലിഡിറ്റിയില്ലെന്നും എന്നാൽ കാലാകാലങ്ങളിൽ സർവകലാശാല ഉത്തരവിറക്കി അവരുടെ കരിയർ പ്രോഗ്രഷൻ നടത്തേണ്ടി വരുമെന്നും സർവകലാശാല വൈസ് ചാൻസലർ വ്യക്തമാക്കി.

123. തസ്തികയ്ക്ക് അനുമതി ലഭിക്കുന്നതുവരെ ഓഡിറ്റ് പരാമർശം തുടരുമെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ സർവകലാശാലയുടെ പ്രധാനപ്പെട്ട തസ്തികകൾ ചട്ടത്തിൽപ്പെടുത്തണ മെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് രജിസ്ട്രാർ സമിതിയോട് അഭ്യർത്ഥിച്ചു.

124. പ്രസ്തുത പരാമർശം ഒഴിവാക്കണമെങ്കിൽ ഇതുസംബന്ധിച്ച കൃത്യമായ വിശദീകരണമുൾക്കൊള്ളുന്ന റിപ്പോർട്ട് സർക്കാരിൽ നിന്നും ലഭിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

125. അനുമതി ലഭിക്കുന്നതിനുവേണ്ട നടപടികൾ കാർഷിക സർവകലാശാല സ്വീകരിച്ചിട്ടുണ്ടെന്നും ആയത് വീണ്ടും തുടർ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടുകൂടി പരാമർശം ഒഴിവാക്കാൻ കഴിയുമോയെന്ന് രജിസ്ട്രാർ ആരാഞ്ഞപ്പോൾ ചട്ടപ്രകാരമുള്ള

തസ്തികകൾ മാത്രമേ അംഗീകരിക്കാൻ കഴിയുകയുള്ളൂവെന്നും പിന്നീട് വരുന്ന തസ്തികകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അനുവാദമില്ലാതെ ഒന്നും ചെയ്യാൻ കഴിയുകയില്ലെന്നും എപ്പോഴെങ്കിലും അനുമതി ലഭിക്കുമെന്ന് കരുതി പരാമർശം ഒഴിവാക്കാൻ സാധിക്കില്ലെന്നും സമിതി വ്യക്തമാക്കി.

126. തസ്തിക സൃഷ്ടിക്കുകയെന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാര മായതിനാൽ 'സർക്കാരിന്റെ അനുമതിയില്ലാത്ത തസ്തിക'യെന്നു പറയുന്നത് നിയമപരമായി ശരിയല്ലെന്ന് രജിസ്ട്രാർ സമിതിയെ ബോധിപ്പിച്ചു.

127. തസ്തിക രൂപീകരണം സർവകലാശാലയുടെ അധികാരപരിധിയിൽ വരുന്നതാണെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് തസ്തിക രൂപീകരിച്ചതെന്നും അനുമതി ലഭിക്കുന്നതിലെ കാലതാമസമാണുണ്ടായിട്ടുള്ളതെന്നും ചൂണ്ടിക്കാട്ടി ഓഡിറ്റിന് മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

128. സ്റ്റാറ്റ്യൂട്ട് രൂപീകരണം സംബന്ധിച്ച നടപടികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**129. കാർഷിക സർവകലാശാലയിലെ അധ്യാപക/അനധ്യാപക തസ്തികകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച കൃത്യമായ വിശദീകരണമുൾക്കൊള്ളുന്ന റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു.**

**130. തസ്തിക രൂപീകരണം സർവകലാശാലയുടെ അധികാരപരിധിയിൽ വരുന്നതാണെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് തസ്തിക രൂപീകരിച്ചതെന്നും അനുമതി ലഭിക്കുന്നതിലെ കാലതാമസമാണുണ്ടായിട്ടുള്ളതെന്നും ചൂണ്ടിക്കാട്ടി ഓഡിറ്റ് വകുപ്പിന് മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**131. പുനർ നാമകരണം/പുനർ വിന്യാസം ചെയ്യുന്ന തസ്തികകളിൽ സ്റ്റാറ്റ്യൂട്ട് രൂപീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ പരാമർശിച്ചിട്ടുള്ളതും ശമ്പളപരിഷ്കരണ ഉത്തരവിലോ സർക്കാർ അനുമതിയിലോ ഉൾപ്പെടാത്തതും ആയ തസ്തികകളുടെയും സേവനത്തിലുള്ളവരുടെയും വിവരം**

സർവകലാശാലകളുടെ സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും സർക്കാർ അനുമതി നൽകാത്തതും കാലാകാലങ്ങളിലുള്ള ശമ്പളപരിഷ്കരണ ഉത്തരവുകളിൽ ഉൾപ്പെടാത്തതും ആയ നിരവധി തസ്തികകൾ നിലനിൽക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**കേരള കാർഷിക സർവകലാശാല**

സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ബോട്ട് ഡ്രൈവറുടെ തസ്തിക പരാമർശിച്ചിട്ടുണ്ടെങ്കിലും ശമ്പളപരിഷ്കരണ ഉത്തരവിലോ സർക്കാർ അനുമതിയിലോ ആയത് ഉൾപ്പെട്ടിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.III, 6.111(d)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

132. ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം കാർഷിക സർവകലാശാലയ്ക്ക് അനുവദിച്ചു നൽകിയിട്ടില്ലാത്തതും ചട്ടത്തിലുള്ളതുമായ ബോട്ട് ഡ്രൈവറുടെ തസ്തികയിലേയ്ക്ക് പബ്ലിക് അണ്ടർ ടേക്കിംഗ് എന്ന നിലയിൽ ആവശ്യമെങ്കിൽ നിയമനം നടത്താമെന്നും എന്നാൽ തസ്തിക അനുവദിച്ച് നൽകാത്തതിനാൽ ബോട്ട് ഡ്രൈവറെ നിയമിച്ചിട്ടില്ലെന്നും ലൈസൻസുള്ള സ്ഥിരം തൊഴിലാളിയെ വച്ച് കുമരകത്തെ ബോട്ട് പ്രവർത്തിപ്പിക്കുന്നുണ്ടെന്നും നിയമനം നടത്താത്തതിനാൽ മറ്റ് പ്രശ്നങ്ങൾ ഇല്ലെന്നും കാർഷിക സർവകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു.

133. അപകടങ്ങൾ സംഭവിച്ചാൽ ബോട്ട് ഡ്രൈവർ ഇല്ലെന്നത് പ്രശ്നമായി വരില്ലേയെന്ന് സമിതി ആരാഞ്ഞതിന് ലൈസൻസുള്ള സ്ഥിരം തൊഴിലാളിയെക്കൊണ്ട് അവിടത്തെ ആവശ്യങ്ങൾ നടത്തുന്നുണ്ടെന്നും കൂടാതെ ഒരു ബോട്ട് ഡ്രൈവറെ നിയമിക്കുന്നതിനുവേണ്ടി സർക്കാരിലേയ്ക്ക് ശിപാർശ നൽകിയെങ്കിലും ആയതിന്മേൽ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ലെന്നും പ്രസ്തുത തസ്തിക വേണമെന്ന് ശമ്പള പരിഷ്കരണ കമ്മീഷനോട് യോഗത്തിൽ ആവശ്യപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്തിട്ടുണ്ടെന്നും അനോമലി എന്ന നിലയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും രജിസ്ട്രാർ സമിതിക്ക് മറുപടി നൽകി.

134. വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**135. വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക സർവകലാശാലയിലെ ബോട്ട് ഡ്രൈവർ തസ്തികയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ പ്രതിപാദിച്ചിട്ടില്ലാത്തതും ശമ്പളപരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതും സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതുമായ തസ്തികകളുടെയും സേവനത്തിലുള്ളവരുടെയും വിവരം**

ശമ്പളപരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതും സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതുമായ നിരവധി തസ്തികകളെ സംബന്ധിച്ച് സർവകലാശാല സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ പ്രതിപാദിച്ചിട്ടില്ല. അത്തരം തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

**കാർഷിക സർവകലാശാല**

**അധ്യാപക തസ്തികകൾ**

| ക്രമ നമ്പർ | തസ്തികകളുടെ വിവരം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഡയറക്ടർ ഓഫ് പ്ലാനിംഗ് | 1 |
| 2 | ഡയറക്ടർ ഓഫ് അക്കാഡമിക് & പി. ജി. സ്റ്റഡീസ് | 1 |
| 3 | കംപ്ട്രോളർ ഓഫ് എക്സാമിനേഷൻ | 1 |
| 4 | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് | 16 |
| 5 | അസോസിയേറ്റ് ഡയറക്ടർ ഓഫ് എക്സ്റ്റെൻഷൻ | 2 |
| 6 | അസോസിയേറ്റ് ഡീൻ | 3 |

ഭരണതലത്തിലും അധ്യാപക തലത്തിലുമുള്ള തസ്തികകൾ സർവകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായിരുന്നിട്ടും പ്രസ്തുത തസ്തികകൾ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നതിനോ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനോ ഉള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

**അനധ്യാപക തസ്തികകൾ**

| ക്രമ നമ്പർ | തസ്തികകളുടെ വിവരം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ജോയിന്റ് രജിസ്ട്രാർ/സീനിയർ ഡെപ്യൂട്ടി കംപ്ട്രോളർ/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ് I | 4 |
| 2 | ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി കംപ്ട്രോളർ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ് I | 7 |
| 3 | ടെക്നിക്കൽ സൂപ്പർവൈസർ ഗ്രേഡ് I/ സീനിയർ ടെക്നിക്കൽ സൂപ്പർവൈസർ | 3 |
| 4 | ട്രെയിനിംഗ് അസിസ്റ്റന്റ്/ടെക്നിക്കൽ അസിസ്റ്റന്റ് | 13 |
| 5 | ചീഫ് സെക്യൂരിറ്റി ഓഫീസർ | 1 |
| 6 | വെഹിക്കിൾ സൂപ്പർവൈസർ (HDV) | 2 |
| 7 | വെഹിക്കിൾ സൂപ്പർവൈസർ (LDV) | 1 |
| 8 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 0 |
| 9 | ആയ | 0 |
| 10 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 0 |
| 11 | ഹൈസ്കൂൾ അസിസ്റ്റന്റ് | 0 |
| 12 | ലൈൻമാൻ | 0 |
| 13 | നഴ്സറി സ്കൂൾ ടീച്ചർ | 0 |
| 14 | സ്പെഷ്യലിസ്റ്റ് ടീച്ചർ | 0 |
| 15 | സ്രാങ്ക് (*) | 0 |
| 16 | ടെക്നിക്കൽ അസിസ്റ്റന്റ്/ടെക്നിക്കൽ ഓഫീസർ | 0 |
| 17 | ടെക്നീഷ്യൻ/ ടെക്നിക്കൽ സൂപ്പർവൈസർ | 0 |
| 18 | യു. പി. സ്കൂൾ അസിസ്റ്റന്റ് | 0 |

* ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ചവ കൂടാതെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, സെക്ഷൻ ഓഫീസർ - ഹയർ ഗ്രേഡ്, ഓഫീസ് സൂപ്രണ്ട് - ഹയർ ഗ്രേഡ്, ക്ലാസ് ഫോർ ഗ്രേഡ് -I, റഫറൻസ് അസിസ്റ്റന്റ് - ഹയർ ഗ്രേഡ്, അസിസ്റ്റന്റ് എഞ്ചിനീയർ - ഹയർ ഗ്രേഡ്, ഡ്രൈവർ സീനിയർ ഗ്രേഡ് & സെലക്ഷൻ ഗ്രേഡ് എന്നിങ്ങനെ ഉയർന്ന ഗ്രേഡ് നൽകുന്ന തസ്തികകളൊന്നും തന്നെ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.IV, 6.IV.(c)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

136. പ്രസ്തുത ഓഡിറ്റ് പരാമർശം തൊട്ടുമുമ്പുള്ള പരാമർശവുമായി ബന്ധപ്പെട്ട് വരുന്നതാണെന്ന് കാർഷിക സർവകലാശാല രജിസ്ട്രാർ സൂചിപ്പിച്ചു.

137. ഓഡിറ്റ് ഉത്തരവുകൾ അടിസ്ഥാനമാക്കി പെൻഷൻ ആനുകൂല്യം കൊടുക്കാൻ സാധിക്കില്ലെന്നുപറയുന്ന സാഹചര്യത്തിൽ കോടതിയിൽ നിന്നും അനുകൂലമായ വിധി സമ്പാദിക്കുകയാണ് ചെയ്യാറുള്ളതെന്നും ആയതിനുള്ള പഴുതടയ്ക്കേണ്ടതുണ്ടെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടി.

138. നിയമം എതിരാകുമ്പോൾ കോടതിയിൽ നിന്നും അനുകൂല വിധി സമ്പാദിക്കുന്ന തെങ്ങനെയെന്ന് സമിതി ആരാഞ്ഞതിന്, നിലവിൽ ചട്ടത്തിലില്ലെന്നുള്ളതുകൊണ്ട് ഇതുവരെ ഒരു കേസിലും കക്ഷിക്ക് അനുകൂലമായി വിധി കോടതിയിൽ നിന്നും ലഭിച്ചിട്ടില്ലെന്ന് സർവകലാശാല രജിസ്ട്രാർ മറുപടി നൽകി. ശ്രീ. യു. ദിവാകർ, സയന്റിഫിക് ഓഫീസർ, ശ്രീ. എ. ജെ. ആന്റോ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ടതില്ലെന്ന് ഓഡിറ്റ് വ്യക്തമാക്കിയിട്ടും കോടതിയിൽ പോയി അനുകൂല വിധി സമ്പാദിച്ചിട്ടുണ്ടെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് സൂചിപ്പിച്ചപ്പോൾ ആയത് സ്റ്റാറ്റ്യൂട്ടിലില്ലെന്ന പേരിലല്ലെന്നും പ്രസ്തുത തസ്തികകളെല്ലാം സർക്കാരിൽ അനുമതിക്കായി പോയിട്ടുള്ളതാണെന്നും കാർഷിക സർവകലാശാല രജിസ്ട്രാർ വ്യക്തമാക്കി.

139. അനുമതി ലഭിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ തുടരണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്നും സമിതി തീരുമാനിച്ചു. പ്രസ്തുത നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണെന്ന് രജിസ്ട്രാർ ബോധിപ്പിച്ചു

**നിഗമനങ്ങളും ശിപാർശകളും**

**140. ശമ്പളപരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതും സർക്കാർ അനുമതി ലഭിച്ചിട്ടില്ലാത്തതുമായ തസ്തികകൾക്ക് സർക്കാരിൽ നിന്നും അനുമതി ലഭിക്കാൻ വേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റാറ്റ്യൂട്ടിലും ഓർഡിനൻസിലും യു.ജി.സി. വ്യവസ്ഥകളിലും നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളില്ലാത്ത ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകിയതിന്റെ വിവരം**

**ശമ്പളപരിഷ്കരണ ഉത്തരവുകളെ മറികടന്നുകൊണ്ട് ഉയർന്ന സ്കെയിൽ അനുവദിച്ചു.**

ജി.ഒ.(പി.) നം. 86/2011/ഫിൻ. തീയതി 26-2-2011 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം സെലക്ഷൻ ഗ്രേഡ് HDV ഡ്രൈവർമാരുടെ ശമ്പളസ്കെയിൽ 9190-15510-ൽ നിന്നും 14620-25280 ആയി പരിഷ്കരിച്ചു. എന്നാൽ 1-4-2011-ന് മുമ്പ് സർവ്വീസിലുള്ള ജീവനക്കാർക്ക് 2004 ശമ്പളപരിഷ്കരണം മൂലം ലഭിച്ച ആനുകൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് BG/A2/1911/2011 തീയതി 17-2-2014 പ്രകാരം സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും, 16180-29180 എന്ന ശമ്പള സ്കെയിൽ ടി വിഭാഗം ജീവനക്കാർക്ക് അനുവദിക്കുകയും ചെയ്തു. തുടർന്ന് ജി. ഒ. (പി.) നം. 10/2016/ഫിൻ. തീയതി 21-1-2016 പ്രകാരമുള്ള ശമ്പളപരിഷ്കരണ ഉത്തരവിൽ സെലക്ഷൻ ഗ്രേഡ് HDV ഡ്രൈവർമാരുടെ ശമ്പളസ്കെയിൽ 14620-25280-ൽ നിന്നും 27800-59400 ആയിട്ടാണ് പുതുക്കിയിട്ടുള്ളതെങ്കിലും 16180-29180 എന്ന ശമ്പളസ്കെയിലിന് തുല്യമായ 30700-65400 എന്ന ശമ്പളസ്കെയിലാണ് സർവകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു നൽകിയത്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.V, 6.V.(vii).a]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

141. 17-2-2014-ൽ യു.ജി.സി.യുടെ നിർദ്ദേശപ്രകാരം കംപ്ട്രോളർ ഉത്തരവിറക്കിയതിന്റെ അടിസ്ഥാനത്തിലാണ് പരാമർശത്തിലുള്ള തസ്തിക അനുവദിച്ചിട്ടുള്ളതെന്നും ആയതിന്റെ കാരണം 2009-ലെ ശമ്പള പരിഷ്കരണം വന്നപ്പോൾ 2004-ലെ പരിഷ്കരണത്തിൽ കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെട്ട് താഴ്ന്ന സ്കെയിലിലെത്തി എന്നതാണെന്നും സർക്കാർ ഒരു നിശ്ചിത നിരക്കിൽ അനുവദിച്ചിട്ടുണ്ടായിരുന്ന വർദ്ധനവ് കിട്ടാത്ത അവസ്ഥ വന്നപ്പോൾ തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേയ്ക്ക് നിവേദനം നൽകിയെങ്കിലും അത് അനുവദിച്ച് നൽകിയില്ലെന്നും പ്രസ്തുത സാഹചര്യത്തിൽ വൈസ് ചാൻസലർ അദ്ദേഹത്തിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് അനുവദിച്ചതാണെന്നും സർവകലാശാല രജിസ്ട്രാർ വിശദമാക്കി.

142. പ്രസ്തുത നടപടി അധിക സാമ്പത്തിക ബാധ്യതയ്ക്ക് ഇടയാക്കിയില്ലെന്നും അധിക തുക നൽകുകയാണെങ്കിൽ തിരിച്ചുപിടിക്കുമെന്ന നിബന്ധനവച്ചാണ് തുക അനുവദിച്ചതെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

143. വകുപ്പ് നൽകിയ വിശദീകരണം അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

**നിഗമനങ്ങളും ശിപാർശകളും**

**144. വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളപരിഷ്കരണ ഉത്തരവുകളെ മറികടന്നുകൊണ്ട് ഉയർന്ന സ്കെയിൽ അനുവദിച്ചു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അനധികൃതമായി അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചു.**

കാർഷിക സർവകലാശാലയിലെ അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്കുള്ള നിയമനത്തിന് യു.ജി.സി. നിഷ്കർഷിച്ചിരിക്കുന്ന യോഗ്യത നെറ്റ്-ഉം 55% മാർക്കോടെയുള്ള MLISC ബിരുദം അല്ലെങ്കിൽ 55% മാർക്കോടെയുള്ള ആർട്ട്സ്/ സയൻസ്/കൊമേഴ്സ്/തത്തുല്യ ബിരുദാനന്തര ബിരുദവും 55% മാർക്കോടെയുള്ള ലൈബ്രറി സയൻസ്/ഇൻഫർമേഷൻ സയൻസ്/ഡോക്യുമെന്റേഷൻ/തത്തുല്യ പ്രൊഫഷണൽ ബിരുദവുമാണ്. യു.ജി.സി.യുടെ 22-9-2006-ലെ നം. എഫ്-3-1/94 (PS)-7 നമ്പർ കത്ത് പ്രകാരം എം.ഫിൽ ബിരുദം നേടിയവർക്ക് അസിസ്റ്റന്റ് ലൈബ്രേറിയനായുള്ള നിയമനത്തിന് നെറ്റ് യോഗ്യത നേടണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിരുന്നു.G.O.(Ms.) No.87/91/ Hedn. തീയതി. 9-4-1991 പ്രകാരം 1-4-1990-ന് മുമ്പ് സർവീസിലുള്ള ലൈബ്രറി അസിസ്റ്റന്റ്/റഫറൻസ് അസിസ്റ്റന്റുമാർക്ക് യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതയുണ്ടെങ്കിൽ അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ്-2 ആയി സ്ഥാനക്കയറ്റം നൽകാവുന്നതാണ്. എന്നാൽ MLISC ബിരുദം മാത്രം യോഗ്യതയുണ്ടായിരുന്ന ശ്രീ. ആർ. മനോഹർ എന്ന ജീവനക്കാരന് റഫറൻസ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് ലൈബ്രേറിയനായി 12-12-1997 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി. ടിയാൻ എം. ഫിൽ യോഗ്യത നേടിയ 22-2-2008-ൽ മാത്രമേ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളൂ വെന്നിരിക്കെ ക്രമവിരുദ്ധമായി അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിൽ നിയമനം നല്കി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.V.(vii).b]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

145. അനധികൃതമായി സ്ഥാനക്കയറ്റം അനുവദിച്ചതായുള്ള ഓഡിറ്റിന്റെ കണ്ടെത്തൽ ശരിയായിരുന്നുവെന്നും പുനർനിർണ്ണയം നടത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും സർവകലാശാല രജിസ്ട്രാർ അറിയിച്ചു. അതുപ്രകാരം അധികമായി കൊടുത്ത ആനുകൂല്യങ്ങൾ തിരിച്ചുപിടിച്ചോയെന്നും തിരിച്ചുപിടിച്ചിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടു. ആവശ്യപ്പെടുന്ന രേഖകൾ യഥാസമയം ലഭ്യമാകുന്നില്ലെന്നത് പ്രധാന പ്രശ്നമാണെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ കൂട്ടിച്ചേർത്തു.

146. അധികമായി നൽകിയ തുക തിരിച്ചുപിടിച്ചിട്ടുണ്ടെന്നും ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമെന്നും സമാന സ്വഭാവമുള്ള മറ്റ് കേസുകളുണ്ടെങ്കിൽ അധിക തുക തിരിച്ചുപിടിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്നും രജിസ്ട്രാർ ബോധിപ്പിച്ചു.

147. ലോക്കൽ ഫണ്ട് ഓഡിറ്റുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യാൻ പ്രത്യേകമായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. ആയതിന് പ്രത്യേക സെക്ഷനുണ്ടെന്നും എന്നാൽ സെക്ഷനുകളിൽ നിന്നും റിപ്പോർട്ടുകൾ ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നുവെന്ന പ്രശ്നമുണ്ടെന്നും സർവകലാശാല രജിസ്ട്രാർ മറുപടി നൽകി. ഇതൊക്കെ സർവകലാശാലയുടെ ഭരണപരമായ പ്രശ്നങ്ങളാണെന്ന് അഭിപ്രായപ്പെട്ട സമിതി ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കണമെന്ന കർശന നിർദ്ദേശം ഓരോ സ്റ്റേഷനിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ആയത് ലഭ്യമാക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. യു.ജി.സി. റഗുലേഷൻസ് അനുസരിച്ച് രൂപീകരിച്ചിട്ടുള്ള കമ്മിറ്റി പ്രവർത്തനക്ഷമമാണോയെന്ന് സമിതി ആരാഞ്ഞതിന്, കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും പകുതി പേരുടെ വിവരങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളൂവെന്ന ഭാഗിക റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളതെന്നും ആയത് ഒരിക്കൽക്കൂടി പരിശോധിക്കാമെന്നും യു.ജി.സി. മാനദണ്ഡങ്ങളെല്ലാം പാലിച്ച് അപേക്ഷകൾ യു.ജി.സി. വ്യവസ്ഥകൾ പ്രകാരം സെലക്ഷൻ കമ്മിറ്റിയിൽ വച്ചിട്ടാണ് നടപ്പുവർഷം അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നടത്തിയതെന്നും രജിസ്ട്രാർ മറുപടി നൽകി.

148. വകുപ്പ് നൽകിയ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

**നിഗമനങ്ങളും ശിപാർശകളും**

**149. ഓഡിറ്റ് വകുപ്പ് ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കണമെന്ന കർശന നിർദ്ദേശം ഓരോ സ്റ്റേഷനിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകണമെന്നും ആയത് ലഭ്യമാക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**150. അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**താൽക്കാലിക ജീവനക്കാരുടെ നിയമനം നേരിട്ട് നടത്തുന്നു**

കാർഷിക സർവകലാശാലയിലെ അധ്യാപക/അനധ്യാപക തസ്തികയിലെ താൽക്കാലിക നിയമനം പലതും നേരിട്ടാണ് നടത്തുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം | നിയമന രീതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | അസി. പ്രൊഫസർ | 85 | നേരിട്ട് |
| 2 | അസിസ്റ്റന്റ് | 12 | നേരിട്ട് |
| 3 | ആയ | 4 | നേരിട്ട് |
| 4 | അസി. എഞ്ചിനീയർ (മെക്കാനിക്കൽ) | 1 | നേരിട്ട് |
| 5 | ബൈൻഡർ | 6 | നേരിട്ട് |
| 6 | ക്ലാസ് IV | 19 | നേരിട്ട് |
| 7 | ക്ലറിക്കൽ അസിസ്റ്റന്റ്, ലാബ് അസിസ്റ്റന്റ് Gr.III | 8 | എംപ്ലോയ്മെന്റ് -3<br>നേരിട്ട്-5 |
| 8 | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 3 | നേരിട്ട് |
| 9 | കമ്പോസിറ്റർ | 3 | നേരിട്ട് |
| 10 | ഡ്രൈവർ LDV | 22 | എംപ്ലോയ്മെന്റ്-1<br>നേരിട്ട് -21 |
| 11 | ഡ്രൈവർ HDV | 3 | നേരിട്ട് |
| 12 | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 1 | നേരിട്ട് |
| 13 | ഫാം ഓഫീസർ (അഗ്രി) | 39 | എംപ്ലോയ്മെന്റ്-2<br>നേരിട്ട്-37 |

| (1) | (2) | (3) | (4) |
|---|---|---|---|
| 14 | ഹോസ്റ്റൽ മാനേജർ | 2 | നേരിട്ട് |
| 15 | ഹൈസ്കൂൾ അസിസ്റ്റന്റ് | 7 | എംപ്ലോയ്മെന്റ് |
| 16 | ലൈബ്രറി അസിസ്റ്റന്റ് | 10 | എംപ്ലോയ്മെന്റ് -5<br>നേരിട്ട് -5 |
| 17 | ലൈൻമാൻ | 1 | നേരിട്ട് |
| 18 | മേട്രൺ | 1 | നേരിട്ട് |
| 19 | നഴ്സറി സ്കൂൾ അസിസ്റ്റന്റ് | 4 | എംപ്ലോയ്മെന്റ് |
| 20 | ഓവർസീയർ | 17 | എംപ്ലോയ്മെന്റ്-2<br>നേരിട്ട്-15 |
| 21 | പമ്പ് ഓപ്പറേറ്റർ | 3 | നേരിട്ട് |
| 22 | പ്രൂഫ് റീഡർ | 1 | നേരിട്ട് |
| 23 | പ്രിന്റർ | 4 | നേരിട്ട് |
| 24 | സ്പെഷലിസ്റ്റ് ടീച്ചർ | 3 | എംപ്ലോയ്മെന്റ് |
| 25 | ടെക്നീഷ്യൻ | 11 | നേരിട്ട് |
| 26 | ട്രേഡ് അസിസ്റ്റന്റ് | 6 | നേരിട്ട് |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.V.(VII)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

151. താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയായിരിക്കണമെന്ന സർക്കുലറിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്റ്റേഷനുകളിലും ഇതു സംബന്ധിച്ച കർശന നിർദ്ദേശം നൽകുകയും രണ്ടുമൂന്ന് വർഷമായി ആയത് കൃത്യമായി പാലിക്കുകയും ചെയ്യുന്നുണ്ടെന്നും മുമ്പ് താൽക്കാലിക ജീവനക്കാരെ നേരിട്ട് നിയമിച്ചിരുന്നുവെന്നും അധ്യാപക തസ്തികയിൽ ഒരു വർഷത്തേയ്ക്കുള്ള കരാറടിസ്ഥാനത്തിൽ യു.ജി.സി. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നിയമനം നടത്തുന്നുണ്ടെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

152. പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**153. താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയായിരിക്കണമെന്ന ഉത്തരവ് കൃത്യമായി പാലിക്കുന്നുണ്ട് എന്നും അധ്യാപക തസ്തികയിൽ വർഷാവർഷം**

**കരാറടിസ്ഥാനത്തിൽ UGC മാർഗ്ഗനിർദ്ദേശപ്രകാരമാണ് നിയമനം നടത്തുന്നത് എന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അനർഹമായും ഓഡിറ്റിന്റെ അംഗീകാരമില്ലാതെയും ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയതിന്റെ വിവരം**

**കേരള കാർഷിക സർവകലാശാല**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ജീവനക്കാരന്റെ പേര്/തസ്തിക | വിരമിച്ച തീയതി | അധിക വിവരങ്ങൾ |
|---|---|---|---|---|
| 1 | 2016-17 | ശ്രീ. യു. ദിവാകർ സയന്റിഫിക്ക് ഓഫീസർ | 30-11-13 | കോടതി വിധിയുടെ അടിസ്ഥാനത്തിൽ നൽകി |
| 2 | 2018-19 | ശ്രീ. ജെ.ആന്റോ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 30-4-03 | പെൻഷൻ ആനുകൂല്യങ്ങൾ ആദ്യം ഓഡിറ്റ് ശിപാർശ പ്രകാരമാണ് നൽകിയത്. 3-ാം സമയബന്ധിത ഗ്രേഡ് നൽകിയ കോടതി വിധിയുടെ അടിസ്ഥാന ത്തിൽ ഓഡിറ്റ് ശിപാർശ യില്ലാതെ പെൻഷൻ ആനുകൂല്യങ്ങൾ പുനർ നിർണ്ണയിച്ച് നൽകി. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.XII, 6.XIV]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

154. കോടതിയിൽ വരുന്ന വ്യവഹാരങ്ങളിൽ സർവകലാശാല ഫലപ്രദമായി ഇടപെടാറുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, നിലവിൽ കോടതി വ്യവഹാരങ്ങളിൽ കൃത്യമായി ഇടപെടുകയും നിരീക്ഷിക്കുകയും ഇതിനായി പ്രത്യേക ലീഗൽ സെൽ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് സർവകലാശാല രജിസ്ട്രാർ മറുപടി നൽകി. കോടതി വ്യവഹാരങ്ങൾ ഫലപ്രദമായി പ്രതിരോധിക്കുന്നില്ലെന്ന സാഹചര്യമുണ്ടോയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന്, നിലവിൽ പ്രസ്തുത സാഹചര്യമില്ലെന്ന് രജിസ്ട്രാർ വ്യക്തമാക്കി.

155. കോടതി 80 ശതമാനം പെൻഷൻ ആനുകൂല്യം അനുവദിക്കാൻ ഉത്തരവിട്ടപ്പോൾ സർവകലാശാല 100 ശതമാനവും നൽകിയത് എങ്ങനെയെന്നും

അധികമായി കൈപ്പറ്റിയ തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു.

156. ഇക്കാര്യങ്ങൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാമെന്ന് സർവകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**157. കോടതി 80 ശതമാനം പെൻഷൻ ആനുകൂല്യം അനുവദിക്കാൻ ഉത്തരവിട്ടപ്പോൾ സർവകലാശാല 100 ശതമാനവും നൽകിയത് എങ്ങനെയെന്നത് സംബന്ധിച്ചും അധികമായി കൈപ്പറ്റിയ തുക തിരിച്ചുപിടിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

കാർഷിക സർവകലാശാലയിൽ നിയമപരമായി പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല. പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനാവശ്യമായ തുക നോൺ പ്ലാൻ ഫണ്ടിൽ നിന്നുമാണ് ചെലവഴിക്കുന്നത്. സർവകലാശാലയുടെ വാർഷിക കണക്ക് പ്രകാരം കഴിഞ്ഞ 3 വർഷങ്ങളിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **തുക** |
|---|---|
| 2017-18 | 157,35,58,400 |
| 2016-17 | 146,64,89,200 |
| 2015-16 | 127,46,82,600 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.XXII)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.


158. സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**159. കാർഷിക സർവകലാശാലയിലെ പെൻഷൻ ഫണ്ട് സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർവകലാശാലകളോടുള്ള ബന്ധത്തിലെ അധികാരസ്ഥാനങ്ങൾ**



(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം-1, അധ്യായം 2.1, ഓഡിറ്റ് ഖണ്ഡിക 21)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

160. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സമിതി പരിഗണിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**161. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് പ്രത്യേക പരാമർശമില്ല.**

ഓഡിറ്റ് ഖണ്ഡിക

**കേരള കാർഷിക സർവകലാശാല കണക്കുസൂക്ഷിപ്പും കണക്കുപറച്ചിലും**

സർവകലാശാലകൾക്കു ബാധകമായ നിയമ വ്യവസ്ഥകൾ പ്രകാരം വിവിധ രേഖകളുമായുള്ള ബന്ധത്തിൽ ഉത്തരവാദിത്തങ്ങൾ

| | **എന്ത്** | **എന്തിന്** | **ആര്** | **ഉപാധികൾ** | **നിയമം/ സ്റ്റാറ്റ്യൂട്ട്** |
|---|---|---|---|---|---|
| ബജറ്റ് | തയ്യാറാക്കുന്നത് | | വൈസ് ചാൻസലറുടെ മേൽനോട്ടത്തിൽ കംപ്ട്രോളർ | | ആക്ട് ചാപ്റ്റർ 4, സെക്ഷൻ 31(2) |
| | അവതരിപ്പിക്കൽ | | വൈസ് ചാൻസലർ | | |
| | ബജറ്റ് പരിശോധന | എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് Advise നൽകുന്നതിനായി | ഫിനാൻസ് കമ്മിറ്റി | | ആക്ട് ചാപ്റ്റർ 7, സെക്ഷൻ 46(b) |
| | ഫിനാൻസ് കമ്മിറ്റി, എക്സി. കമ്മിറ്റി,ജനറൽ കൗൺസിൽ എന്നിവരുടെ മുന്നിൽ അവതരിപ്പിക്കൽ | ബജറ്റ് അംഗീകാരം നൽകുന്നതിനായി | വൈസ് ചാൻസലർ | | സ്റ്റാറ്റ്യൂട്ട് SRO 859/74, 2 |

| | | | | | |
|---|---|---|---|---|---|
| വാർഷിക കണക്കുകൾ | തയ്യാറാക്കൽ | | വൈസ് ചാൻസലറുടെ മേൽനോട്ടത്തിൽ കംപ്ട്രോളർ | | ആക്റ്റ് ചാപ്റ്റർ 9, സെക്ഷൻ 57(1) |
| വാർഷിക റിപ്പോർട്ട് | തയ്യാറാക്കി ജനറൽ കൗൺസിലിനു സമർപ്പിക്കുന്നത് സമർപ്പിക്കുന്നതിന് | | വൈസ് ചാൻസലറുടെ മേൽനോട്ടത്തിൽ ജനറൽ കൗൺസിൽ മുഖേന എക്സിക്യൂട്ടിവ് കമ്മിറ്റി | വാർഷിക മീറ്റിംഗിന് ഒരു മാസം മുൻപായി | ആക്റ്റ് ചാപ്റ്റർ 9, സെക്ഷൻ 57(1) |
| | പരിഗണനയ്ക്ക് ശേഷം നിർദ്ദേശങ്ങളോട് കൂടിയോ അല്ലാതെയോ സർക്കാരിന് സമർപ്പിക്കുന്ന | | ജനറൽ കൗൺസിൽ | | ആക്റ്റ് ചാപ്റ്റർ 9, സെക്ഷൻ 57(2) |
| | നിയമസഭയ്ക്ക് സമർപ്പിക്കൽ | പരിഗണനയ്ക്കായി | സർക്കാർ | മാർച്ച് 31-ന് മുൻപായി | ആക്റ്റ് ചാപ്റ്റർ 9, സെക്ഷൻ 57(2) |
| ഓഡിറ്റ് | വാർഷികകണക്കുകൾ തയ്യാറാക്കി ഓഡിറ്റിനായി നൽകുന്നത് | ഓഡിറ്റിനായി നൽകുന്നതിനായി | വൈസ് ചാൻസലർ | | ആക്റ്റ് ചാപ്റ്റർ 7, സെക്ഷൻ 47(1) |
| | വാർഷിക കണക്കുകളുടെയും ഓഡിറ്റ് റിപ്പോർട്ടിന്റെയും പ്രസിദ്ധീകരണം | ജനറൽ കൗൺസിൽ എക്സി. കമ്മിറ്റി, ചാൻസലർ | വൈസ് ചാൻസലർ | | ആക്റ്റ് ചാപ്റ്റർ 7, സെക്ഷൻ 47(3) |
| | വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും തുടർനടപടി പത്രികയുമായി സർക്കാരിന് സമർപ്പിക്കുന്ന | | എക്സി. കമ്മിറ്റി | | ആക്റ്റ് ചാപ്റ്റർ 7, സെക്ഷൻ 47(4) |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം-3, അനുബന്ധം 4.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

162. വാർഷിക കണക്കുകൾ വൈസ് ചാൻസലർ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിച്ച് ജനറൽ കൗൺസിലിന് സമർപ്പിക്കേണ്ടതും അവ ജനറൽ കൗൺസിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്നും എന്നാൽ സർവകലാശാല അങ്ങനെ ചെയ്യുന്നില്ലെന്നതാണ് ഓഡിറ്റ് പരാമർശമെന്നും സമിതി വ്യക്തമാക്കി.

163. ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കാനായി വൈസ് ചാൻസലറുടെ പ്രത്യേക അനുമതിയോടെയാണ് വാർഷിക കണക്കുകൾ സർക്കാരിന് സമർപ്പിക്കുന്നതെന്നും തുടർന്നുള്ള ഭരണസമിതി യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്യുമെന്നും സർവകലാശാല ഫിനാൻസ് ഓഫീസ് & കംപ്ട്രോളർ സമിതിയെ അറിയിച്ചു.

164. എത്ര മാസത്തിലൊരിക്കലാണ് ജനറൽ കൗൺസിൽ യോഗം ചേരുന്നതെന്ന് സമിതി ആരാഞ്ഞതിന്, നാലുമാസം കൂടുമ്പോഴാണെന്ന് രജിസ്ട്രാർ മറുപടി നൽകിയപ്പോൾ നിയമത്തിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായാണ് നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടി.

165. എല്ലാ വർഷവും മുൻകൂറായി വൈസ് ചാൻസലറുടെ അംഗീകാരത്തോടുകൂടി വാർഷിക കണക്കിന്റെ പകർപ്പ് നൽകുമെങ്കിലും എക്സിക്യൂട്ടീവ് കമ്മിറ്റിക്കുശേഷം ജനറൽ കൗൺസിലിൽ വച്ച് അംഗീകാരം വാങ്ങിയ വാർഷിക കണക്കിന്റെ പകർപ്പ് വീണ്ടും സർക്കാരിനും ഓഡിറ്റ് വകുപ്പിനും നൽകാറുണ്ടെന്ന് രജിസ്ട്രാർ സമിതിയെ അറിയിച്ചു.

166. ഓഡിറ്റ് ചെയ്തശേഷമുള്ള ഓഡിറ്റ് റിപ്പോർട്ടും അക്കൗണ്ട്സും ഓഡിറ്റ് റിപ്പോർട്ടിന്റെ പരിഹാര നടപടിയുമടക്കം സർക്കാരിലേയ്ക്ക് അയയ്ക്കണമെന്നാണ് ആക്റ്റിൽ പറയുന്നതെന്നും ഇത്തരത്തിൽ ജനറൽ കൗൺസിൽ അംഗീകരിച്ച രേഖകളൊന്നും പരിശോധനയ്ക്കായി ലഭിക്കാറില്ലെന്നും ഓഡിറ്റ് വകുപ്പ് വ്യക്തമാക്കി.

167. ജനറൽ കൗൺസിൽ അംഗീകരിച്ച വാർഷിക കണക്കിന്റെ പകർപ്പ് സർക്കാരിനും ഓഡിറ്റ് വകുപ്പിനും നൽകാറുണ്ടെന്നും ഓഡിറ്റ് വകുപ്പിന് ലഭിച്ചിട്ടില്ലെങ്കിൽ ഒരു പകർപ്പുകൂടി നൽകാമെന്നും ആദ്യം നൽകിയ പകർപ്പിൽ നിന്നും ഒരു മാറ്റവുമില്ലാത്തതിനാൽ നൽകാത്തതാണോയെന്ന് അറിയില്ലെന്നും രജിസ്ട്രാർ വിശദീകരിച്ചു.

168. ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി തയ്യാറാക്കിയാൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച് ജനറൽ കൗൺസിൽ പരിശോധിക്കേണ്ടതല്ലേയെന്ന് സമിതി ആരാഞ്ഞതിന്, കമ്മിറ്റികൾ തമ്മിലുള്ള കാലയളവിലെ വ്യത്യാസം കാരണം ചിലപ്പോൾ ജനറൽ കൗൺസിൽ യോഗം നടക്കാറില്ലെന്നും റിപ്പോർട്ട് സമർപ്പിക്കാൻ കാലതാമസം വരുത്തേണ്ടെന്ന് കരുതി വൈസ് ചാൻസലറുടെ അംഗീകാരം വാങ്ങി പകർപ്പ് സമർപ്പിക്കാറുണ്ടെന്നും പിന്നീടത് എക്സിക്യൂട്ടീവ് കമ്മിറ്റിയും ജനറൽ കൗൺസിലും അംഗീകരിക്കാറുണ്ടെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി.

169. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**170. വാർഷിക കണക്കുകൾ വൈസ് ചാൻസലർ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിച്ച് ജനറൽ കൗൺസിലിന് സമർപ്പിക്കേണ്ടതും അവ ജനറൽ കൗൺസിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നിരിക്കെ സർവകലാശാല അങ്ങനെ ചെയ്യുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു.**

**171. ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള നടപടി റിപ്പോർട്ട് വൈസ് ചാൻസലറുടെ അംഗീകാരം വാങ്ങി സമർപ്പിക്കുകയും പിന്നീട് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ജനറൽ കൗൺസിലിന്റെയും സാധൂകരണം തേടുകയും ചെയ്യുമെന്ന വിവരം ഉൾപ്പെടുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**സർവകലാശാല അക്കൗണ്ടിംഗ് ചട്ടങ്ങൾ ആവിഷ്കരിക്കേണ്ടതാണ്**

[കേരള കാർഷിക സർവകലാശാല 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക : 1-3-1]

| | | |
|---|---|---|
| ലക്ഷ്യം | | നിലവിലുള്ള അക്കൗണ്ടിംഗ് സംവിധാനത്തിലുള്ള പോരായ്മകളുടെ പരിശോധന |
| മാനദണ്ഡം | i) | കേരള കാർഷിക സർവകലാശാല നിയമം 1971 |
| | ii) | കേരള കാർഷിക സർവകലാശാല സ്റ്റാറ്റ്യൂട്ട് |

സർവകലാശാലയ്ക്ക് സ്വന്തമായി 'ഫിനാൻഷ്യൽ ആൻഡ് അക്കൗണ്ട് റൂൾസ് ' നിലവിലില്ല. അതുകൊണ്ട് തന്നെ സർവകലാശാലയുടെ നിയമ-സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകൾ, സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിംഗ് നിയമങ്ങൾ എന്നിവ അനുവർത്തിച്ചാണ് വാർഷിക കണക്കുകൾ തയ്യാറാക്കുന്നത്. സ്റ്റാറ്റ്യൂട്ട് ഭേദഗതി നോട്ടിഫിക്കേഷൻ നമ്പർ

ജിഎ/8762/എ 3/83 തീയതി 29-9-1983 പ്രകാരം "the financial and Account Rules followed by Government of Kerala shall mutatis mutandis be followed by the University prescribes and adopts its own Financial and Account Rules in the place of Government Rules" എന്നാണ് വാർഷിക കണക്ക് സംബന്ധിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്. വികേന്ദ്രീകൃതമായ സാമ്പത്തികക്രമവും, സങ്കീർണ്ണമായ പ്രവർത്തന മേഖലകളും നിലനിൽക്കുന്നതിനാൽ സിംഗിൾ എൻട്രി (ക്യാഷ് ബേയ്സ്ഡ്) അക്കൗണ്ടിങ്ങ് രീതി അവലംബിച്ചുകൊണ്ട് നിലവിൽ തയ്യാറാക്കുന്ന വാർഷിക കണക്കുകൾ അപൂർണ്ണമാണ്. കൂടാതെ സർവകലാശാലയിൽ അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ നിലവിൽ വന്നതോടുകൂടി അക്കൗണ്ടിംഗ് ചട്ടങ്ങൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

**നിലവിലുള്ള പോരായ്മകൾ**

- സിംഗിൾ എൻട്രി അവലംബിച്ചാണ് വാർഷിക കണക്കുകൾ തയ്യാറാക്കുന്നതെങ്കിലും കണക്കുകൾക്ക് ആധാരമാകേണ്ട ക്യാഷ് ബുക്കുകൾ സർക്കാർ നിർദ്ദേശിച്ച മാതൃകയിലല്ല തയ്യാറാക്കി സൂക്ഷിക്കുന്നത്. ഒരു സ്ഥാപനത്തിന്റെ എല്ലാ വരവുകളും ചെലവുകളും നിലവിലെ ക്യാഷ് ബുക്ക് സംവിധാനത്തിൽ ലഭ്യമല്ല.
- 2017-18 വാർഷിക ബജറ്റുപ്രകാരം 96 സ്റ്റേഷനുകൾ സർവകലാശാലയ്ക്ക് കീഴിൽ വരുന്നുണ്ട്. വികേന്ദ്രീകൃതമായ ഒരു സാമ്പത്തിക ക്രമം നിലനിൽക്കുന്നതുകൊണ്ട് തന്നെ സർവകലാശാലയും സ്റ്റേഷനുകളും തമ്മിലും സ്റ്റേഷനുകൾ പരസ്പരവുമുള്ള സാമ്പത്തിക ഇടപാടുകൾ വളരെ സങ്കീർണ്ണമാണ്. ഇതുമൂലമുള്ള അപാകതകൾ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നുണ്ട്.
- സർവകലാശാലയിലും സ്റ്റേഷനുകളിലും കണക്കെഴുത്തുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്ന രജിസ്റ്ററുകളും, കണക്കെഴുത്തു രീതികളും ഏകീകൃതമല്ല.
- 2011-12-ൽ UFAST എന്ന അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ ആവിഷ്കരിച്ചതോടെ കണക്കെഴുത്തിൽ സങ്കീർണ്ണതകൾ കൂടുകയാണ് ചെയ്തത്. കണക്കെഴുത്തുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന അടിസ്ഥാന ഡാറ്റകളുടെ എൻട്രിതലം തൊട്ട് എന്തൊക്കെ റിപ്പോർട്ടുകൾ ക്രിയേറ്റുചെയ്യപ്പെടണം, ഏതൊക്കെ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണം തുടങ്ങിയ കാര്യങ്ങളിലെല്ലാം അവ്യക്തത തുടരുന്നു. അക്കൗണ്ടിംഗ് ചട്ടങ്ങൾ രൂപീകരിക്കുകയും അതിനെ ആധാരമാക്കി അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ ആവിഷ്കരിക്കുകയും ചെയ്താൽ ഇത്തരത്തിലുള്ള പ്രാഥമിക വിഷയങ്ങളിൽ അവ്യക്തത നിലനിൽക്കുകയില്ല.

- സർവകലാശാല നിയമത്തിലോ, സ്റ്റാറ്റ്യൂട്ടിലോ ഭേദഗതി വരുത്താതെയും സ്വന്തമായ അക്കൗണ്ടിംഗ് ചട്ടങ്ങൾ ആവിഷ്കരിക്കാതെയും സിംഗിൾ എൻട്രി കണക്കെഴുത്ത് രീതി പിൻതുടരുന്ന സർവകലാശാല ഡബിൾ എൻട്രി അക്കൗണ്ടിംഗ് രീതിയിലുള്ള സോഫ്റ്റ്വെയർ ഉപയോഗിക്കുന്നത് അശാസ്ത്രീയമാണ്.

- സർവകലാശാലയും സ്റ്റേഷനുകളും തമ്മിലും, സ്റ്റേഷനുകൾ പരസ്പരവുമുള്ള ഫണ്ട് ട്രാൻസ്ഫറുകൾ കണക്കിൽ രേഖപ്പെടുത്തുന്നതിൽ ഏകീകൃത സ്വഭാവമില്ല. ഇന്റേർണൽ പേയ്മെന്റ്, കോൺട്രാ എൻട്രികൾ, അഡ്ജസ്റ്റ്മെന്റ് എൻട്രികൾ എന്നിവയിലും പൊതുമാനദണ്ഡമോ പൊതുസ്വഭാവമോ ഇല്ല. ഇത് വാർഷിക കണക്കിൽ ഗുരുതരമായ അപാകതകൾക്ക് കാരണമായിട്ടുണ്ട്.

- ക്രെഡിറ്റ് സെയിൽ വഴി സർവകലാശാലയ്ക്ക് ലഭിക്കുവാനുള്ള ഭീമമായ തുകകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തുവാൻ നിലവിലുള്ള കണക്കെഴുത്ത് രീതിയിൽ സാധിക്കുന്നില്ല.

- മേൽ സൂചിപ്പിച്ച പോരായ്മകൾ വാർഷിക കണക്കിലെ അപാകതകൾക്ക് കാരണമാവുന്നുണ്ട്. 2017-18 വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

- വാർഷികക്കണക്ക് സർവകലാശാലയുടെ എല്ലാ വരവുചെലവു വിവരണങ്ങളെയും സമഗ്രമായി പ്രതിഫലിപ്പിക്കുന്നില്ല.

- സർവകലാശാലയും വിവിധ സ്റ്റേഷനുകളും തയ്യാറാക്കുന്ന വാർഷിക കണക്കുകൾക്ക് ഐക്യരൂപ്യമില്ല.

- വിവിധ അക്കൗണ്ടുകളുടെ ക്യാഷ് ബുക്കിലെയും വാർഷിക കണക്കിലെയും മുന്നിരിപ്പ്, നീക്കിയിരിപ്പ്, റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ എന്നിവ തമ്മിൽ വ്യത്യാസം നിലനിൽക്കുന്നുണ്ട്.

- കോൺട്രാ എൻട്രികൾ, ഇന്റേർണൽ പേയ്മെന്റുകൾ, എന്നിവ രേഖപ്പെടുത്തിയതിലെ അപാകതകൾ വാർഷിക കണക്കിലും പ്രതിഫലിക്കുന്നുണ്ട്.

- വാർഷിക കണക്കിൽ ലയബിലിറ്റി ഇനത്തിൽ രേഖപ്പെടുത്തിയ തുകകളുടെ ഷെഡ്യൂളുകൾ പോലും ലഭ്യമല്ല.

- ഒരേ വരവുതുക ഒന്നിലേറെ ഇടങ്ങളിൽ അക്കൗണ്ട് ചെയ്യുക വഴി വരവിനത്തിൽ ഇരട്ടിപ്പുണ്ടായിട്ടുണ്ട്.

**നിർദ്ദേശങ്ങൾ**

- സർവകലാശാലയുടെ എല്ലാവിധ സാമ്പത്തിക പ്രവർത്തനങ്ങളെയും ഉൾക്കൊള്ളുന്ന രീതിയിൽ സ്വന്തമായി അക്കൗണ്ട് ചട്ടങ്ങൾ രൂപീകരിക്കുക.
- അക്കൗണ്ട് ചട്ടങ്ങളെ ആധാരമാക്കികൊണ്ടും സർവകലാശാലയുടെ വികേന്ദ്രീകൃത സാമ്പത്തിക ഘടന പരിഗണിച്ചുകൊണ്ടും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പരിഷ്കരിക്കുക.

മേൽ സൂചിപ്പിച്ചിരിക്കുന്ന സർവകലാശാലകളെ കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പ്, കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യ വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നീ വകുപ്പുകളുടെ കീഴിലുള്ള സർവകലാശാലകളുടെ വാർഷിക കണക്കുകൾ പരിപാലിക്കുന്നതിന് ആവശ്യമായ അക്കൗണ്ട്സ് റൂൾസ്, ബജറ്റ് റൂൾസ് നിലവിലില്ല.

**ശിപാർശ**

എല്ലാ സർവകലാശാലകളുടെയും നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് പ്രായോഗിക തലത്തിൽ ചട്ടങ്ങൾ ഏകോപിപ്പിക്കുന്ന രീതിയിൽ സർക്കാർ തലത്തിൽ സർവകലാശാലകളുടെ അക്കൗണ്ട്സും, ബജറ്റിലും ഡൊമൈൻ എക്സ്പെർട്ടുകളെ ഉൾപ്പെടുത്തി മാന്വലുകൾ തയ്യാറാക്കുന്നതായിരിക്കും ഉചിതം. അതോടൊപ്പം എല്ലാ സർവകലാശാലകളുടെയും വാർഷിക കണക്കുകൾ, ആസ്തികൾ, ബാധ്യതകൾ എല്ലാം ഓൺലൈൻ ഡിജിറ്റൽ എൻവയോൺമെന്റിലൂടെ തയ്യാറാക്കാനുള്ള സൗകര്യം ഏർപ്പെടുത്തുവാനും അതോടൊപ്പം ഡിജിറ്റൽ ഫോർമാറ്റിൽ ലഭിക്കുന്ന അക്കൗണ്ടിംഗ് & ബജറ്റിംഗ് ഡേറ്റകൾ തുടർ വർഷങ്ങളിൽ ഡേറ്റാ അനലെറ്റിക് സംവിധാനത്തിലൂടെ വിലയിരുത്തി ഭാവി പദ്ധതി ആവിഷ്കരണത്തിനായി കൃത്യമായും ഉപയോഗിക്കുന്ന തരത്തിൽ വികസിപ്പിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം-1, അദ്ധ്യായം 2, ഓഡിറ്റ് ഖണ്ഡിക 2.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

172. പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ചും തുടർനടപടിയെ സംബന്ധിച്ചും സമിതി ആരാഞ്ഞതിന്, അക്കൗണ്ടിംഗ് ചട്ടങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള തീരുമാനമായിട്ടുണ്ടെന്നും നിലവിൽ ഇന്ത്യയിൽ ഹരിയാന കാർഷിക സർവകലാശാല പിന്തുടരുന്ന അക്കൗണ്ടിംഗ് സിസ്റ്റം ചില ഭേദഗതികളോടെ കാർഷിക സർവകലാശാലയും സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അതിനായി കമ്മിറ്റി രൂപീകരിക്കുകയും വൈസ് ചാൻസലർ

മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നും ആയതിനായി അംഗങ്ങളെ നാമനിർദ്ദേശം ചെയ്യേണ്ടതുണ്ടെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി.

173. സർവകലാശാല അക്കൗണ്ടിംഗ് ചട്ടങ്ങൾ ആവിഷ്കരിച്ച് പ്രസ്തുത വിവരങ്ങൾ ഉൾപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

174. നടപടി പൂർത്തീകരിക്കുന്നമുറയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കാമെന്ന് സർവ്വകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി.

**നിഗമനങ്ങളും ശിപാർശകളും**

**175. അക്കൗണ്ടിംഗ് ചട്ടങ്ങൾ ആവിഷ്കരിക്കുന്നതിന് സർവകലാശാല തീരുമാനിച്ചിട്ടുണ്ടെന്നും ഹരിയാന കാർഷിക സർവകലാശാല പിന്തുടരുന്ന അക്കൗണ്ടിംഗ് സിസ്റ്റം ചില ഭേദഗതികളോടെ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. അക്കൗണ്ടിംഗ് ചട്ടങ്ങൾ ആവിഷ്കരിച്ച് പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പെൻഷൻ ഫണ്ട് രൂപീകരണം**

**[കേരള കാർഷിക സർവകലാശാല ഓഡിറ്റ് റിപ്പോർട്ട് 2018-19 ഖണ്ഡിക.1.2.5]**

1971-ലെ കേരള കാർഷിക സർവകലാശാല നിയമം അധ്യായം 7, വകുപ്പ് 44(1)-ൽ പെൻഷൻ ഫണ്ട് രൂപീകരണത്തെക്കുറിച്ച് പരാമർശിച്ചിട്ടുള്ളത് ഇപ്രകാരമാണ്. " The University shall constitute for the benefit of the officers, teachers, clerical staff and other employees of the University such pension, insurance and provident funds as it may deem fit in such manner and subject to such conditions as may be prescribed" എന്നാൽ പെൻഷൻ ഫണ്ട് രൂപീകരണം, നടത്തിപ്പ് എന്നിവ സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വിശദമായി പ്രസ്തുത നിയമത്തിൽ പ്രതിപാദിക്കുകയോ ആയതിനായി സ്റ്റാറ്റ്യൂട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പ്രതിമാസം സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതിയേതര (നോൺ-പ്ലാൻ) ഗ്രാന്റിൽ നിന്നും സർവകലാശാലയുടെ ആഭ്യന്തര വരുമാനത്തിൽ നിന്നുമാണ് പെൻഷൻ ചെലവുകൾ നിർവഹിക്കുന്നത്.

പെൻഷൻ ഫണ്ട് ആയി ഒരു ട്രഷറി അക്കൗണ്ട് (ടി.പി.എ. അക്കൗണ്ട് നമ്പർ-722) നിലവിലുണ്ട്. മറ്റ് സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ള സർവകലാശാല

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ, സ്ഥിരം തൊഴിലാളികൾക്കുവേണ്ടി സർവകലാശാല അടവാക്കുന്ന പെൻഷൻ വിഹിതം, സ്ഥിരനിക്ഷേപങ്ങളിൽ നിന്നുമുള്ള പലിശ എന്നിവയാണ് ഈ അക്കൗണ്ടിലെ വരവിനങ്ങൾ. ഈ അക്കൗണ്ടിൽ നിന്നും നിശ്ചിത തുക മാറ്റി സ്ഥിരനിക്ഷേപമായി ട്രഷറിയിൽ തന്നെ നിക്ഷേപിക്കുന്നുമുണ്ട്. ഒരു കരുതൽ നിക്ഷേപമായി നിലനിർത്തിയിരിക്കുന്ന ഈ അക്കൗണ്ടിൽ നിന്നും മറ്റ് ചെലവുകളില്ല. 2019 ജനുവരി മാസം മുതൽ പ്രതിമാസം 13 ലക്ഷം രൂപ വീതം കംപ്ട്രോളറുടെ അക്കൗണ്ടിൽ നിന്നും ഈ ടി.പി. അക്കൗണ്ടിലേക്ക് കൈമാറുന്നുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം-1, അദ്ധ്യായം 2, ഓഡിറ്റ് ഖണ്ഡിക 2.5.(b)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

176. നിലവിൽ പെൻഷൻ ഫണ്ട് തുടരുന്നുണ്ടെന്നും ധനകാര്യ വകുപ്പ് മരവിപ്പിച്ചതിനാൽ പെൻഷൻ ഫണ്ടിൽ നിന്നും ആനുകൂല്യങ്ങളൊന്നും നൽകുന്നില്ലെങ്കിലും എല്ലാ മാസവും നിശ്ചിത തുക ഫണ്ടിൽ നിക്ഷേപിക്കുന്നുണ്ടെന്നും സർവകലാശാല രജിസ്ട്രാർ വിശദീകരിച്ചു.

177. വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**178. വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയുടെ പെൻഷൻ ഫണ്ട് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പ്ലാൻ ഫണ്ട് ട്രഷറിയിൽ നിന്നും പിൻവലിച്ച് വിനിയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ കിടക്കുന്നതും, വിനിയോഗത്തിലെ മറ്റ് അപാകതകളും**

[കേരള കാർഷിക സർവകലാശാല ഓഡിറ്റ് റിപ്പോർട്ട് 2018-19 ഖണ്ഡിക 1.3.1]

| | |
|---|---|
| ലക്ഷ്യം | സർവകലാശാലയിലെ പ്ലാൻ ഫണ്ട് വിനിയോഗം കാര്യക്ഷമമാണോ എന്നുള്ള പരിശോധന |
| മാനദണ്ഡം | i) കേരള കാർഷിക സർവകലാശാലാ നിയമം , സ്റ്റാറ്റ്യൂട്ട്.<br>ii) പ്ലാൻ ഫണ്ട് അനുവദിച്ചുകൊണ്ടുള്ള പ്രതിവർഷ ഉത്തരവുകൾ |

ഫണ്ടുകൾ വിനിയോഗിക്കുമ്പോൾ ആയത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ സർവകലാശാലയ്ക്ക് പലപ്പോഴും സാധിക്കുന്നില്ല. ലഭിച്ച തുക കൃത്യമായി അക്കൗണ്ട് ചെയ്യൽ, സമയ ബന്ധിതമായി ബജറ്റ് അലോക്കേഷൻ അനുവദിക്കൽ, കൃത്യമായ സമയത്തിനുള്ളിലുള്ള അതിന്റെ വിനിയോഗം എന്നീ പ്രാഥമിക സാമ്പത്തിക നടപടിക്രമങ്ങളാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്. പദ്ധതിലക്ഷ്യങ്ങൾ ഒഴിച്ചുള്ള ഘടകങ്ങൾ മാത്രമായി പരിശോധിച്ചതിൽ ഇവയിലെല്ലാം തന്നെ അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു.

### 1-3-1-1 ഫണ്ട് തിരിച്ചുള്ള കണക്കുകൾ കൃത്യമല്ല

സർവകലാശാലയുടെ വരവ്-ചെലവുകളുടെ ഫണ്ടുതിരിച്ചുള്ള വിവരങ്ങൾ മാത്രമാണ് അതത് വർഷങ്ങളിലെ വാർഷിക കണക്കിൽ ലഭ്യമായിട്ടുള്ളത്. നീക്കിയിരിപ്പിലെ ഫണ്ടുതിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. വിവിധ ഫണ്ടുകളുടെ അടിസ്ഥാനത്തിൽ മുന്നിരിപ്പ്-നീക്കിയിരിപ്പ് വിശദാംശങ്ങൾ സൂക്ഷിക്കാത്തതുകൊണ്ടുതന്നെ ഫണ്ടുതിരിച്ചുള്ള അക്കൗണ്ടിങ്ങ് സമഗ്രമല്ല. ഈയൊരു സാഹചര്യത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തെ പ്ലാൻ ഫണ്ടിനത്തിൽ ലഭിച്ച വരവും ചെലവും അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ 60.56 കോടി രൂപ ഈയിനത്തിൽ നീക്കിയിരിപ്പ് കാണുന്നു. ഇതിൽ ഏതെല്ലാം ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമല്ല. സർവകലാശാലയിൽ പ്രവർത്തിക്കുന്ന ഓൾ ഇന്ത്യാ കോർഡിനേറ്റഡ് പ്രോജക്ടുകളുടെ 25% തുക പ്ലാൻ ഫണ്ടിൽ നിന്നാണ് വിനിയോഗിക്കുന്നത്. എന്നാൽ ഈ ഇനത്തിൽ കൈമാറിയ തുകകൾ വാർഷികക്കണക്കിൽ ലഭ്യമല്ല. അതുകൊണ്ട് തന്നെ കൃത്യമായ നീക്കിയിരിപ്പ് തുക വ്യക്തവുമല്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം-1, അദ്ധ്യായം 2, ഓഡിറ്റ് ഖണ്ഡിക 2.12(a)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

179. സർവകലാശാലയുടെ വരവുചെലവുകളുടെ ഫണ്ട് തിരിച്ചുള്ള വിവരങ്ങൾ മാത്രമാണ് അതത് വർഷങ്ങളിലെ വാർഷിക കണക്കുകളിൽ ലഭ്യമായിട്ടുള്ളതെന്നും നീക്കിയിരുപ്പിലെ ഫണ്ട് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ലെന്നുമുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ, അക്കൗണ്ടിംഗ് സിസ്റ്റത്തിലെ പ്രശ്നമാണ് കാരണമെന്നും ബാലൻസ് ഷീറ്റിൽ അസെറ്റ്സ് കാണിക്കാൻ മാർഗ്ഗമില്ലെന്നും നിലവിലെ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ മാറ്റം വരുത്തി പ്രശ്നം എത്രയും വേഗം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ വിശദീകരണം നൽകി.

180. അക്കൗണ്ടിംഗ് സിസ്റ്റത്തിലെ അപാകത പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**181. സർവകലാശാലയുടെ വരവ് ചെലവ് കണക്കുകളുടെ അതത് വർഷങ്ങളിലെ ഫണ്ട് തിരിച്ചുള്ള ശരിയായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നിലവിലെ അക്കൗണ്ടിംഗ് സിസ്റ്റത്തിലെ അപാകത പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**1-3-1-2 പ്ലാൻ ഫണ്ട് വിനിയോഗം തൃപ്തികരമല്ല**

സംസ്ഥാന സർക്കാരിൽ നിന്നും പ്ലാൻ ഫണ്ടിനത്തിൽ(പദ്ധതി ധനസഹായം) സർവകലാശാലയ്ക്ക് ലഭ്യമായ ധനസഹായത്തിന്റെ വിനിയോഗനടപടികൾ തൃപ്തികരമല്ല. കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ ഈ ഇനത്തിൽ ലഭിച്ച തുകയിൽ 60.56 കോടി രൂപ വിവിധ അക്കൗണ്ടുകളിൽ നീക്കിയിരുപ്പുകളായി നിലനിൽക്കുന്നുണ്ട്. (25% എ.ഐ.സി.ആർ.പി. വിഹിതം ഉൾപ്പെടെ)

| **വർഷം** | **ലഭിച്ച തുക** | **ചെലവ്** | **നീക്കിയിരിപ്പ്** |
|---|---|---|---|
| 2014 -15 | 31,36,71,300 | 21,54,98,543 | 9,81,72,757 |
| 2015 -16 | 29,17,41,400 | 23,94,85,458, | 5,22,55,942 |
| 2016 -17 | 42,24,50,000 | 20,77,35,224 | 21,47,14,776 |
| 2017-18 | 38,90,50,000 | 14,24,40,818 | 24,66,09,182 |
| 2018 -19 | 15,00,00,000 | 15,60,82,949 | (-)60,82,949 |
| **ആകെ** | **1,56,69,12,700** | **96,12,42,992** | **60,56,69,708** |

**വിനിയോഗത്തിലെ കാലതാമസം**

ലഭിച്ച ധനസഹായങ്ങൾ സമയബന്ധിതമായി വിനിയോഗിക്കുവാൻ സർവകലാശാലയ്ക്ക് സാധിക്കുന്നില്ല. പ്രതിവർഷ പദ്ധതി പ്രവർത്തനങ്ങൾക്കായി വർഷാരംഭത്തിന് മുൻപെ വിശദമായ ആസൂത്രണത്തിലൂടെ തയ്യാറാക്കുന്ന പ്രോജക്ട് പ്രൊപ്പോസലുകൾ സർവകലാ ശാലയുടെ തന്നെ വിവിധ ഘട്ടങ്ങളിലൂടെയുള്ള പരിശോധന പൂർത്തിയാക്കിയാണ് സംസ്ഥാന സർക്കാരിന് മുന്നിലെത്തുന്നത്. ഈ പ്രൊപ്പോസലുകൾ സംസ്ഥാന ബജറ്റിലൂടെ

അംഗീകരിക്കപ്പെടുകയും ധനസഹായം ലഭ്യമാവുകയും ചെയ്യുന്നു. ഇത്തരത്തിൽ നിർദ്ദിഷ്ട കാലയളവിലേക്കുള്ള പ്രോജക്ടുകളുടെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബജറ്റിലൂടെ ലഭ്യമാകുന്ന ധനസഹായം വിനിയോഗിക്കുന്നതിലെ കാലതാമസം മൂലം പ്രോജക്ട് പ്രവർത്തനങ്ങൾ വർഷങ്ങളോളം നീണ്ടുപോവുന്നത് ഗൗരവതരമായ വിഷയമാണ്. സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങൾ അനിശ്ചിതമായി നീണ്ടു പോകുന്നതുകൊണ്ടുതന്നെ സർവകലാശാലയുടെ പ്രതിവർഷാടിസ്ഥാനത്തിലും മറ്റുമുള്ള ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ സാധിക്കാതെവരുന്നു. കേരളത്തിന്റെ കാർഷിക മേഖലയെക്കുറിച്ചുള്ള പഠന ഗവേഷണങ്ങളും അതുവഴി കാർഷിക സമൂഹത്തിന്റെ വളർച്ചയുമാണ് സംസ്ഥാന ധനസഹായത്തിന്റെ പൊതുതത്വം. എന്നാൽ ഫണ്ടു വിനിയോഗത്തിലെ കാലതാമസം ഇത്തരത്തിലുള്ള പൊതുലക്ഷ്യങ്ങളെ സ്ഥിരമായി വൈകിപ്പിക്കുന്നുണ്ട്.

**2017-18-ൽ ലഭിച്ച പ്ലാൻ ഫണ്ടും, 2018-19 വരെ ഇതിൽ നിന്നുള്ള ചെലവും**

| 2017-18 | |
|---|---|
| ആകെ ലഭിച്ച തുക | 38.90 കോടി |
| 2017-18 മുതൽ<br>2018-19 വരെ ചെലവാക്കിയ തുക | 11.12 കോടി(20000 മുതൽ 20127 വരെയുള്ള ശീർഷകങ്ങളിലെ രണ്ട് വർഷങ്ങളിലായി ബുക്കു ചെയ്തിരിക്കുന്ന ആകെ ചെലവ്) |
| ശതമാനം | 28.50% |

**2018-19-ൽ ലഭിച്ച പ്ലാൻ ഫണ്ടും, ഇതിൽ നിന്നുള്ള ചെലവും**

| 2018-19 | |
|---|---|
| ആകെ ലഭിച്ച തുക | 15.00 കോടി |
| 2018-19-ൽ ചെലവാക്കിയ തുക | 1.97 കോടി |
| ശതമാനം | 13.14% |

2017-18 വർഷത്തിൽ ലഭിച്ച തുകയുടെ 28.5% മാത്രമാണ് രണ്ട് വർഷം പിന്നിട്ടിട്ടും വിനിയോഗിച്ചിരിക്കുന്നത്. ഫണ്ടുകൾ ലഭിക്കുവാൻ വൈകുന്നത് അതത് വർഷങ്ങളിലെ

വിനിയോഗത്തെ സ്വാധീനിക്കാറുണ്ടെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും ലഭിച്ചതിന്റെ പകുതിപോലും ചെലവഴിക്കാൻ സാധിക്കാത്തത് പ്രോജക്ടുകളുടെ ആസൂത്രണത്തിലെയും നടത്തിപ്പിലെയും അതിന്റെ നിയന്ത്രണ സംവിധാനത്തിലെയും പിഴവുകൾ തന്നെയാണ്. 2018-19 വർഷത്തിൽ ലഭിച്ചതിൽ നാമമാത്രമായ തുകയാണ് ചെലവഴിച്ചിട്ടുള്ളത്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം-1, അദ്ധ്യായം 2, ഓഡിറ്റ് ഖണ്ഡിക 2.12(b)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

182. സർക്കാരിൽ നിന്നും പ്ലാൻ ഫണ്ടിനത്തിൽ സർവകലാശാലയ്ക്ക് ലഭ്യമായ ധനസഹായത്തിന്റെ വിനിയോഗ നടപടികൾ തൃപ്തികരമല്ലെന്നും ധനവിനിയോഗത്തിൽ കാലതാമസമുണ്ടെന്നുമുള്ള ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, സർക്കാരിൽ നിന്നും പ്ലാൻ ഫണ്ടിനത്തിൽ സർവകലാശാലയ്ക്ക് തുക ലഭിച്ചുകൊണ്ടിരുന്നത് 2016-17 വരെ ബാങ്ക് അക്കൗണ്ടിലൂടെയായിരുന്നുവെന്നും അഗ്രി (ഫാംസ്) ആണ് ഡി.ഡി.ഒ. എന്നും 2017-18 ലാണിത് പൂർണ്ണമായും ട്രഷറി വഴിയാക്കിയതെന്നും വിനിയോഗിക്കാത്ത തുകയ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കൊടുത്തെന്നുള്ള പരാമർശം സാങ്കേതിക പ്രശ്നം മൂലം സംഭവിക്കുന്നതാണെന്നും സർവകലാശാലയുടെ ഫണ്ട് ഡ്രോയിംഗ് അതോറിറ്റി കൃഷി (ഫാംസ്) വകുപ്പാണെന്നും സർവകലാശാല ഗുണഭോക്താവാണെന്നും ഗുണഭോക്താവിനായി തുക കൈമാറി നൽകുന്നതാണെന്നും ഗുണഭോക്താവ് എന്ന നിലയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റ് മാത്രമാണതെന്നും മൂന്ന് വർഷത്തേയ്ക്കുള്ള കാർഷിക നടപടിക്രമത്തിൽ ആദ്യ വർഷം കിട്ടിയ പ്ലാൻ ഫണ്ടിന് പൂർണ്ണമായും വിനിയോഗ സർട്ടിഫിക്കറ്റ് കൊടുക്കാതെ നിവൃത്തിയില്ലെന്നും പ്രസ്തുത തുക തുടർ വർഷങ്ങളിൽ ഉപയോഗിച്ചേ മതിയാകുവെന്നതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നതെന്നും നിലവിൽ ട്രഷറി അക്കൗണ്ട് വഴിയായതിനാൽ മാർച്ച് 31-നകം റെസ്യൂം ചെയ്ത് പോകുന്നതുകൊണ്ട് മറ്റ് പ്രശ്നങ്ങൾ വരുന്നില്ലെന്നും മുൻവർഷങ്ങളിലാണ് അപ്രകാരം ചെയ്തതെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി.

183. പദ്ധതി ധനസഹായം 37.44 കോടി രൂപയായിരുന്നു എങ്കിലും 2020-21-ലെ വാർഷിക കണക്കുപ്രകാരം 9.83 കോടി രൂപ മാത്രമാണ് പ്രസ്തുത ഇനത്തിൽ വിനിയോഗിച്ചിട്ടുള്ളതെന്നും തെറ്റായ വിനിയോഗ സർട്ടിഫിക്കറ്റ് നൽകിയെന്നാണ് ഓഡിറ്റ് പരാമർശമെന്നും സമിതി ചൂണ്ടിക്കാട്ടിയപ്പോൾ, പ്ലാൻ ഫണ്ടിന്റെ വിനിയോഗം കൃത്യമല്ലെന്നും ലഭിക്കുന്ന തുക കൃത്യമായി വിനിയോഗിക്കേണ്ടതുണ്ടെന്നും സർക്കാരിന്റെ വികസനത്തിന് വളരെയധികം സ്വാധീനിക്കുന്ന പ്ലാൻ ഫണ്ടുപയോഗിച്ച് പദ്ധതികൾ

കൃത്യമായും സമയബന്ധിതമായും നടപ്പിലാക്കാൻ സാധിക്കുന്നില്ലെന്നതാണ് പ്രധാന വിഷയമെന്നും മുൻ വർഷങ്ങളിൽ (2017-18) ലഭിച്ച ഗ്രാന്റിന്റെ വിശദാംശം പരിശോധിക്കുമ്പോൾ 38.90 കോടി രൂപയിൽ 11.12 കോടി രൂപ (ഏകദേശം 28.50%) മാത്രമാണ് 2018-19-ൽ വിനിയോഗിച്ചതെന്നും  വിനിയോഗത്തിൽ വരുന്ന കാലതാമസം ഒഴിവാക്കണമെന്നുള്ളതാണ് പ്രധാന നിർദ്ദേശമെന്നും ഓഡിറ്റ് വകുപ്പ് വിശദീകരിച്ചു.

184. കേരളത്തിലെ എല്ലാ സർക്കാർ സംവിധാനങ്ങളിലുമുള്ള പോരായ്മയാണ് കാർഷിക സർവകലാശാലയ്ക്കും സംഭവിച്ചിട്ടുള്ളതെന്ന് കേരള കാർഷിക സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ വിശദീകരണം നൽകിയപ്പോൾ മറ്റ് സർക്കാർ വകുപ്പുകളുടെ പേര് പരാമർശിച്ച്  ന്യായീകരിക്കേണ്ടതില്ലെന്ന് സമിതി വ്യക്തമാക്കി.

185. ഒരു പ്ലാൻ പ്രോജക്ടിന് മൂന്ന് വർഷത്തേയ്ക്കാണ് ഭരണാനുമതി ലഭിക്കുന്നതെന്നും ആദ്യ വർഷം അതിന്റെ പ്രോസ്സസിംഗ് കൃത്യമായി ചെയ്യുന്നുണ്ടെന്നും രണ്ടാമത്തെ വർഷം ആവശ്യപ്പെടുന്ന അലോക്കേഷൻ മുഴുവൻ തുകയുമാണെന്നും മൂന്ന് വർഷത്തെ കാലയളവിൽ നടപ്പിലാക്കേണ്ട ഒരു കോടി രൂപയുടെ പ്രോജക്ടിനുവേണ്ടി  ആവശ്യപ്പെടുന്നത് പൂർണ്ണ വിഹിതമാണെന്നും മേൽ തുക മുഴുവനായി ചെലവഴിക്കാൻ സാധിക്കില്ലെന്നും അതു കൊണ്ടാണ് അടുത്തവർഷത്തേയ്ക്ക് പ്രസ്തുത തുക തന്നെ ആവശ്യപ്പെടുന്നതെന്നും ആകെ 75 കോടി രൂപയുടെ പ്ലാൻ വിഹിതത്തിൽ 20 കോടി രൂപയിൽ താഴെ മാത്രമാണ് ഒരു വർഷം പ്ലാൻ വിഹിതമായി ലഭിക്കുന്നതെന്നും പ്രസ്തുത തുക പ്രോജക്ടുകൾക്കെല്ലാം നീതിയുക്തമായി വീതംവച്ചുനൽകാൻ മാത്രമേ സാധിക്കുകയുള്ളൂവെന്നും  ഓരോ വർഷവും പരമാവധി തുക ചെലവഴിക്കുമെന്നും ചില സാങ്കേതിക പ്രശ്നങ്ങളാൽ തുക മുഴുവൻ ചെലവാക്കാൻ സാധിക്കാതെയും വരുമെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ സമിതിയെ അറിയിച്ചു.

186. തുക നീതിയുക്തമായി ചെലവാക്കുന്നില്ലെന്നും ചെലവഴിക്കാത്ത തുകയ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് നൽകിയെന്നുമുള്ള ഓഡിറ്റ്  പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, അലോക്കേഷൻ ട്രഷറിയിൽ നിന്നും പിൻവലിക്കുമ്പോൾ പിൻവലിക്കുന്ന തുകയ്ക്ക് മാത്രമാണ് വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നതെന്നും പിൻവലിക്കുന്ന തുക ഓരോ ഇംപ്ലിമെന്റിംഗ് ഓഫീസറുടെയും പ്ലാൻ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് മാറ്റുകയാണ്  ചെയ്യുന്നതെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി.

187. പ്രശ്ന പരിഹാരത്തെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന്, മൂന്ന് ഗഡുക്കളായി ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ ആദ്യത്തെ ഗഡു ആഗസ്റ്റ്-സെപ്റ്റംബറിലും (പ്ലാൻ ഫണ്ടിന്റെ 10-20 ശതമാനം മാത്രമാണ് ലഭിക്കുന്നത്) രണ്ടാമത്തെ ഗഡു ഡിസംബറിലും മൂന്നാമത്തേത് മാർച്ച് 15-നുശേഷവുമാണ് ലഭിക്കുന്നതെന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ചെയ്തുതീർക്കേണ്ട ഒരു കാർഷികാനുബന്ധ പദ്ധതിയാണെങ്കിൽ ആഗസ്റ്റിലോ സെപ്റ്റംബറിലോ ലഭിക്കുന്ന ഫണ്ടുകൊണ്ട് ചെയ്യാൻ സാധിക്കില്ലെന്നും അത് അടുത്ത വർഷത്തേയ്ക്ക് കൈമാറുമെന്നും കൃഷിഭവനോ മറ്റേതൊരു സർക്കാർ സ്ഥാപനമോ ചെയ്യുന്നതുപോലെ ഗുണഭോക്താവിന് ആനുകൂല്യം കൊടുക്കുന്നതല്ലെന്നും ഒരു വർഷത്തെ പ്രോജക്ടിനുവേണ്ട ഗവേഷണം നടത്തുമ്പോൾ ഒരു വർഷത്തെ ഗവേഷണം രണ്ടാഴ്ച കൊണ്ട് ചെയ്തുതീർക്കാൻ സാധിക്കില്ലെന്നും അപ്രകാരമുള്ള ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്നും സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) സമിതി മുമ്പാകെ വിശദീകരണം നൽകി.

188. പ്രസ്തുത വിശദീകരണം അംഗീകരിച്ച സമിതി വിനിയോഗിക്കാത്ത തുകയ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കൊടുക്കുന്നത് എങ്ങനെയെന്ന് ആരാഞ്ഞതിന്, ട്രഷറിയിൽ നിന്ന് അതത് സ്റ്റേഷനുകളിലെ ട്രഷറി അക്കൗണ്ടുകളിലേയ്ക്ക് കൈമാറ്റം ചെയ്തുകഴിഞ്ഞാൽ വിനിയോഗിച്ചുവെന്ന കണക്കിലാണ് സർട്ടിഫിക്കറ്റ് കൊടുക്കുന്നതെന്ന് സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) മറുപടി നൽകി. തുക കൈമാറ്റം ചെയ്താലുടൻ വിനിയോഗ സർട്ടിഫിക്കറ്റ് കൊടുക്കുന്നത് എങ്ങനെയാണെന്ന് സമിതി അന്വേഷിക്കുകയും സമിതി മുമ്പാകെ നൽകുന്ന വിവരണത്തിൽ കൃത്യത ഉണ്ടാകണമെന്നും അല്ലാത്തവ അംഗീകരിക്കാൻ കഴിയില്ലെന്നും ജില്ലാ പഞ്ചായത്തുകളിൽ പ്ലാൻ ഫണ്ട് വന്നാൽ ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിലേയ്ക്ക് മാറ്റി പദ്ധതി 100 ശതമാനമാക്കുന്ന രീതി ഇവിടെ തുടരാൻ സാധിക്കില്ലെന്നും അത്തരത്തിലുള്ള നടപടികൾ ന്യായീകരിക്കാൻ സാധിക്കുന്നതല്ലെന്നും വ്യക്തമാക്കുകയും ചെയ്തു.

189. അനുവദിച്ച 37 കോടി രൂപയിൽ 9 കോടി രൂപ ചെലവഴിച്ച ശേഷം 37 കോടി രൂപയ്ക്കും വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നത് ശരിയല്ലെന്ന് സമിതി വ്യക്തമാക്കിയതിന് പ്രസ്തുത തുക കൃത്യമായ രീതിയിൽ വിനിയോഗിച്ചിട്ടുണ്ടെന്ന് ഡയറക്ടർ (ഗവേഷണ വിഭാഗം) മറുപടി നൽകി.

190. സർവകലാശാലയുടെ അക്കൗണ്ടിലുള്ള തുക മുഴുവൻ സ്റ്റേഷനുകളിലെ ട്രഷറികളിലേയ്ക്ക് മാർച്ച് 31-ന് കൈമാറ്റം ചെയ്തുകഴിഞ്ഞു എന്നതുകൊണ്ടാണ് വിനിയോഗ സർട്ടിഫിക്കറ്റ് കൊടുത്തതെന്ന് ഡയറക്ടർ (ഗവേഷണ വിഭാഗം) വിശദീകരിച്ചപ്പോൾ പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് സർവകലാശാല പരിശോധിക്കേണ്ടതായിരുന്നുവെന്ന് സമിതി സൂചിപ്പിച്ചു.

191. പ്രോജക്ടുകൾക്ക് ഇക്കൊല്ലം റെസ്യൂം ചെയ്തുപോയ 12 കോടി ഉൾപ്പെടെ 2022-23-ൽ 42 കോടി രൂപയിലധികമായിരുന്ന സ്റ്റേഷനുകളിലേക്ക് കൈമാറ്റം ചെയ്തിരുന്നതെന്നും പദ്ധതി പുനരാരംഭിക്കുമ്പോൾ ലഭിക്കുന്ന തുക അതത് വർഷത്തേക്കാണ് അനുവദിക്കുന്നതെന്നും അത് മുഴുവൻ ചെലവഴിച്ചുകഴിഞ്ഞാൽ മാത്രമേ അലോക്കേഷൻ ആവശ്യപ്പെടാൻ സാധിക്കുകയുള്ളൂവെന്നും അങ്ങനെ ഒരിക്കലും സംഭവിക്കാറില്ലെന്നും റെസ്യൂം ചെയ്തുപോകുന്ന തുക അതത് വർഷത്തെ അലോക്കേഷനിൽപ്പെടുത്തിയാണ് സാമ്പത്തിക വർഷം തിരിച്ചുതരുന്നതെന്നും അപ്രകാരം അധികം തുക നൽകുകയോ അടുത്തവർഷത്തേയ്ക്ക് കൈമാറ്റം ചെയ്യുകയോ ചെയ്യുന്നില്ലെന്നും സർവകലാശാല ഗവേഷണ വിഭാഗം ഡയറക്ടർ സമിതിയെ അറിയിച്ചു.

192. തുക ചെലവഴിച്ചത് സംബന്ധിച്ച രേഖകളില്ലെന്നും കൃത്യമായ രീതിയിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായമല്ല സ്വീകരിച്ചിരിക്കുന്നതെന്ന് വിലയിരുത്തിയ സമിതി നടപടികൾ കൃത്യമായി വിശദീകരിക്കുന്ന രീതിയിലുള്ള മറുപടി സർവകലാശാലയിൽ നിന്നും ലഭിച്ചാൽ മാത്രമേ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കുകയുള്ളൂവെന്ന് വ്യക്തമാക്കി. സർവകലാശാലയുടെ റിപ്പോർട്ട് ഓഡിറ്റ് വിഭാഗം പരിശോധിച്ചശേഷം അന്തിമ തീരുമാനമെടുക്കാമെന്ന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**193. സർക്കാരിൽ നിന്നും പ്ലാൻ ഫണ്ടിനത്തിൽ സർവകലാശാലയ്ക്ക് ലഭ്യമായ ധനസഹായത്തിന്റെ വിനിയോഗ നടപടികൾ തൃപ്തികരമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. വിനിയോഗിക്കാത്ത തുകയ്ക്കും തുക കൈമാറ്റം ചെയ്താലുടനെയും വിനിയോഗ സർട്ടിഫിക്കറ്റ് കൊടുക്കുന്നത് ന്യായീകരിക്കാനാകാത്ത നടപടിയാണെന്നും ജില്ലാ പഞ്ചായത്തിലെ പ്ലാൻ ഫണ്ട് ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിലേക്ക് മാറ്റി പദ്ധതി 100% ആക്കുന്ന രീതി തെറ്റാണെന്നും സമിതി മുമ്പാകെ നൽകുന്ന വിവരങ്ങളിൽ വ്യക്തത ഉണ്ടാകണമെന്നും അല്ലാത്തവ അംഗീകരിക്കാൻ സാധിക്കില്ലെന്നും സമിതി വ്യക്തമാക്കുന്നു.**

**194. സർവകലാശാല പിന്തുടരുന്ന അക്കൗണ്ടിംഗ് സംവിധാനത്തിൽ അപാകതകളുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. സർവകലാശാലയുടെ തുക കൃത്യമായ അക്കൗണ്ടിംഗ് സമ്പ്രദായത്തിലൂടെ ചെലവഴിച്ചതിന്റെ രേഖകളടങ്ങുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**1-3-1-4 ബജറ്റ് അനുപാതം - ആസൂത്രണവും വ്യക്തമായ മാനദണ്ഡങ്ങളും നിലവിലില്ല**

സംസ്ഥാന ബജറ്റിൽ അംഗീകരിച്ച അതേ തുകകൾ തന്നെ സർവകലാശാലക്ക് ലഭിക്കാറില്ല. എന്നാൽ ലഭ്യമാവുന്ന തുക വിനിയോഗിക്കുമ്പോൾ തുകകൾ ഇനം തിരിച്ച് വകയിരുത്തുന്നത് മുൻ ബജറ്റ് പ്രാഥമികമായി നിർദ്ദേശിച്ച അനുപാതത്തിലല്ല. ബജറ്റ് അംഗീകരിച്ച തുകകളിൽ കുറവുണ്ടാവുമ്പോൾ ലഭ്യമായ തുകയെ ഇനം തിരിച്ച് വകയിരുത്തുന്നതിൽ കൃത്യമായ മാനദണ്ഡങ്ങൾ നിലവിലില്ല. ഉദാഹരണമായി 2017-18-ലെ സംസ്ഥാന ബജറ്റിൽ പ്ലാൻ ഫണ്ടിനത്തിൽ സർവകലാശാലയ്ക്ക് വകയിരുത്തിയത് 75 കോടി രൂപയാണ്. കൃഷി(ഫാം)വകുപ്പിന്റെ ഉത്തരവ് നമ്പർ ജി. ഒ. (ആർ.ടി.) നമ്പർ 1113/2017/അഗ്രി. തീയതി 16-11-2017 പ്രകാരം മേൽ തുകയ്ക്ക് ഇനം തിരിച്ചുള്ള അലോക്കേഷൻ നൽകിയിട്ടുമുണ്ട്. ഇതു പ്രകാരം ഗവേഷണത്തിന് വകയിരുത്തിയിരിക്കുന്നത് 34.50 കോടിയാണ്. ഇതിൽ, തുടരുന്ന പ്രോജക്ടുകളുടെ (Continuing Projects) സ്റ്റേഷൻ ഫണ്ടിംഗ് എന്ന ഇനത്തിൽ 6.33 കോടി രൂപയാണ് നൽകിയിരിക്കുന്നത്. അതായത് ഗവേഷണത്തിനായി വകയിരുത്തിയിരിക്കുന്ന ആകെ തുകയുടെ 18.35%. എന്നാൽ അനുവദിച്ച 75 കോടി രൂപയിൽ ഈ വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭിച്ച തുക 28.75 കോടി രൂപയാണ്. ഇതിൽ 13.76 കോടി രൂപയാണ് ഗവേഷണത്തിനായി വകയിരുത്തിയിരിക്കുന്നത്. എന്നാൽ ഇതിൽ 4.33 കോടി രൂപ സ്റ്റേഷൻ ഫണ്ടിംഗ് (Continuing Projects-20011- Station wise funding on on-going research projects and minor infrastructure support- 1.9766, 20020- Annual Plan 2017-18 continuing project/Spill over strengthening production of quality planting materials and bioinputs in KAU "Seed and Nurssery Programme" - 2.3693) ഇനത്തിലാണ് നൽകിയിരിക്കുന്നത് (31.47%).

സർക്കാർ ഉത്തരവിൽ ഗവേഷണത്തിന് നൽകിയ അലോക്കേഷനിൽ 18.35% മാണ് സ്റ്റേഷൻ ഫണ്ടിംഗിന് (Continuing Projects) നീക്കിവച്ചിരിക്കുന്നത്. എന്നാൽ ലഭ്യമായ തുകയെ ഇനം തിരിച്ച് വകയിരുത്തിയപ്പോൾ ഗവേഷണത്തിന്റെ 31.47%വും സ്റ്റേഷൻ ഫണ്ടിംഗിനാണ്(Continuing Projects) വകയിരുത്തിയത്. ഗവേഷണത്തിനായി വകയിരുത്തിയതിന്റെ 31.47% ഈ ഇനത്തിലേക്ക് മാറിപ്പോവുമ്പോൾ പരിഗണന ലഭിക്കേണ്ട പല പ്രോജക്ടുകൾക്കും അർഹമായ അലോക്കേഷൻ ലഭിക്കാതെ വരുന്നുണ്ട്; പ്രത്യേകിച്ചും ഗവേഷണ പ്രാധാന്യമുള്ള ഇതര പ്രോജക്ടുകൾക്ക്. ഈ വർഷം ലഭിച്ച ഫണ്ടിലെ ഗവേഷണത്തിന്റെ ചെലവുവിശദാംശങ്ങൾ പരിശോധിക്കുമ്പോൾ മേൽ സൂചിപ്പിച്ച കാര്യം വ്യക്തമാവുന്നതുമാണ്. 2017-18, 2018-19 വർഷങ്ങളിലായി ഈ വർഷം ലഭിച്ച ധനസഹായത്തിൽ കാർഷിക ഗവേഷണത്തിന് വന്ന ആകെ ചെലവ് 6.73 കോടി രൂപയാണ് ("Funding Agency Function Code Wise Accounts and

Budget"- Function Code 31). ഇതിൽ 3.91 കോടി രൂപയുടെയും ചെലവ് വന്നിരിക്കുന്നത് മേൽ സൂചിപ്പിച്ച 20011, 20020 എന്നീ രണ്ട് പ്രോജക്ടുകളിലാണ്. അതായത് ഗവേഷണ ഇനത്തിൽ ചെലവായ മൊത്തം തുകയുടെ 58%വും ഈ രണ്ട് പ്രോജക്ടുകളുടേത് മാത്രമാണ്. ഈ പ്രോജക്ടുകളാവട്ടെ നേരിട്ടുള്ള വിത്ത് നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനും, അടിസ്ഥാന സൗകര്യങ്ങൾക്കുമായി വിവിധ സ്റ്റേഷനുകൾക്ക് വീതിച്ചു നൽകിയ തുകകളുമാണ്. ലഭ്യമായ തുകകൾക്ക് ഇനം തിരിച്ച് അലോക്കേഷൻ നൽകുമ്പോൾ ഇത്തരത്തിൽ അനുപാതത്തിലുണ്ടാവുന്ന വലിയ വ്യത്യാസം മൂലം പ്രാധാന്യം ലഭിക്കേണ്ട പല മേഖലകളും അവഗണിക്കപ്പെട്ടേക്കാം. അതുകൊണ്ട് തന്നെ മികച്ച ആസൂത്രണവും വ്യക്തമായ മാനദണ്ഡങ്ങളും ഈ വിഷയത്തിൽ ആവശ്യമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം-1, അദ്ധ്യായം 2, ഓഡിറ്റ് ഖണ്ഡിക 2.12.(c)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

195. പ്ലാൻ ഫണ്ട് ഒരോ ഗഡുവായാണ് ലഭിക്കുന്നതെന്നും അതത് സമയത്തെ അത്യാവശ്യങ്ങൾ നിറവേറ്റുന്നതിനു മാത്രമേ പ്രസ്തുത തുക കൊണ്ട് സാധിക്കുകയുള്ളൂവെന്നും ഫണ്ട് ഒരുമിച്ച് കിട്ടുകയാണെങ്കിൽ എല്ലാ ആവശ്യങ്ങൾക്കുമുള്ള തുക കൃത്യമായ അനുപാതത്തിൽ നൽകാൻ സാധിക്കുമെന്നും ഗഡുക്കളായി ലഭിക്കുമ്പോൾ അതത് സമയത്തെ ആവശ്യകതയാണ് പരിഗണിക്കുന്നതെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ വിശദീകരിച്ചു.

196. വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**197. വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബജറ്റ് അനുപാതം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**1-3-1-5 പ്ലാൻ ഫണ്ട് വിനിയോഗം - വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ല**

അതത് വർഷങ്ങളിൽ പ്ലാൻ ഫണ്ട് നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകളിൽ അതിന്റെ വിനിയോഗത്തിൽ പാലിക്കേണ്ട വ്യവസ്ഥകളും നൽകാറുണ്ട്. എന്നാൽ സർവകലാശാല ഈ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ല.

**ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പ് കുറവ് - സർക്കാർ നിബന്ധനകളുടെ ലംഘനം**

1-3-1-2-ലെ പട്ടിക പ്രകാരം അഞ്ച് വർഷത്തെ മാത്രമായി പ്ലാൻ ഫണ്ടിനത്തിൽ 60.56 കോടി രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്ലാൻ ഫണ്ടുകളുമായി ബന്ധപ്പെട്ട സർവകലാശാലയുടെ കീഴിലുള്ള ട്രഷറി അക്കൗണ്ടുകളിൽ 11.83 കോടി രൂപ മാത്രമാണ് നീക്കിയിരിപ്പായി കാണുന്നത്. സംസ്ഥാന സർക്കാർ നൽകിയ പ്ലാൻ ഫണ്ട് ട്രഷറിയിൽ നിന്നും പിൻവലിച്ച് വിനിയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഫണ്ട് നൽകിക്കൊണ്ടുള്ള ഓരോ ഉത്തരവിലും ഇത് വ്യക്തമായി രേഖപ്പെടുത്തിയിട്ടുമുണ്ട്. കൂടാതെ ഫണ്ട് റിലീസ് സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ സർക്കുലർ നമ്പർ 84/2008/ഫിൻ. തീയതി 9-12-2008, ജി.ഒ.(പി.)നമ്പർ 156/2017/ഫിൻ. തീയതി 14-12-17, ജി.ഒ.(പി.) നമ്പർ 51/2018/ഫിൻ. തീയതി 28-3-18, ജി.ഒ.(പി.)നമ്പർ 55/2018/ഫിൻ. തീയതി 31-3-18 എന്നീ ഉത്തരവുകളിൽ ഇതു സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ നിലവിലുണ്ട്. എന്നാൽ ഇവയൊന്നും 2017-18 വരെ സർവകലാശാല പാലിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം-1, അദ്ധ്യായം 2, ഓഡിറ്റ് ഖണ്ഡിക 2.12.(d)(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

198. സംസ്ഥാന സർക്കാർ നൽകിയ പ്ലാൻ ഫണ്ട് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടും വിനിയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ് എന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, 2016-17 വരെ ബാങ്ക് വഴിയായിരുന്നു കൈമാറ്റം നടത്തിയിരുന്നതെന്നും ട്രഷറിയിൽ നിന്നും ബാങ്ക് അക്കൗണ്ടിലേക്ക് തുക മാറ്റിയിട്ടില്ലെന്നും പ്രസ്തുത തുക മുഴുവൻ ചെലവഴിച്ചുകഴിഞ്ഞുവെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി.

199. കൂടാതെ ഓഡിറ്റ് പരാമർശിക്കുന്ന ബാലൻസ് തുക തന്നെയാണ് 2018-19-ൽ സർവകലാശാലയുടെ ട്രഷറി അക്കൗണ്ടുകളിൽ നീക്കിയിരുപ്പുണ്ടായിരുന്നതെന്നും 2014-15 മുതൽ 2017-18 വരെ പ്ലാൻ ഫണ്ട് തുക സർവകലാശാലയുടെ പ്ലാൻ ഫണ്ടിലുള്ള സേവിംഗ്സ് ബാങ്ക് പ്ലസ് അക്കൗണ്ടിലാണ് ലഭ്യമായിരുന്നതെന്നുമുള്ള റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ സമിതിയെ അറിയിച്ചു.

200. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമായിട്ടില്ലെന്ന് സമിതി സൂചിപ്പിച്ചപ്പോൾ, ബാക്കിത്തുക ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നതാണെന്നാണ് അറിയിച്ചിരുന്നതെന്ന് ഓഡിറ്റ് വകുപ്പ് വ്യക്തമാക്കി.

201. ഓഡിറ്റ് നടത്തിയപ്പോൾ ബാങ്ക് അക്കൗണ്ടിലുണ്ടായിരുന്ന മിച്ചത്തുക തുടർ വർഷങ്ങളിൽ ചെലവഴിച്ചിട്ടുണ്ടെന്നും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ പ്രശ്നത്താലാണ് ഒരു വർഷത്തിൽ നീക്കിയിരിപ്പുണ്ടെങ്കിൽ അടുത്ത വർഷം അക്കൗണ്ട് ചെയ്യപ്പെടുമ്പോൾ ബാലൻസ് ഷീറ്റിൽ അത് ഉൾപ്പെടുത്താൻ സാധിക്കാതെ ആ വർഷത്തെ ചെലവിനുശേഷമുള്ള തുകയുടെ കണക്കുകൾ ലഭിക്കാതെ വരുന്നതെന്നും എല്ലാ തുകയും ചെലവഴിച്ചിട്ടുണ്ടെന്നും ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ ബോധിപ്പിച്ചു.

202. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ച സമിതി ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ചശേഷം നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**203. അക്കൗണ്ടിംഗ് സമ്പ്രദായത്തിലെ പിഴവ് മൂലം പരാമർശിത വർഷങ്ങളിലെ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്താൻ സാധിക്കാത്ത ബാങ്ക് അക്കൗണ്ടിലുണ്ടായിരുന്ന നീക്കിയിരിപ്പുതുക തുടർ വർഷങ്ങളിൽ ചെലവഴിച്ചതിന്റെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മനുഷ്യാധ്വാനത്തിന് പ്രൊജക്ട് ചെലവിന്റെ 20%ലും കൂടിയ തുക നൽകുന്നു.**

2017-18 വർഷത്തെ പ്ലാൻ ഫണ്ടനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ(നമ്പർ ജി.ഒ.(ആർ.ടി.) നമ്പർ 1113/2017/അഗ്രി., തീയതി 16-11-2017) ഗവേഷണവുമായി ബന്ധപ്പെട്ട പ്രോജക്ടുകളിൽ പ്രോജക്ടുചെലവിന്റെ 20% അധികരിച്ച തുക മനുഷ്യാധ്വാനത്തിന് നൽകാൻ പാടില്ല എന്ന വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ഇത് രണ്ടുതരത്തിലാണ് ലംഘിക്കപ്പെടുന്നത്. ഈ പ്രോജക്ടുകളിൽ ഓപ്പറേഷൻ കോസ്റ്റ് **(214)** എന്ന ശീർഷകം അനുവദിക്കുകയും ഈ ശീർഷകത്തിനകത്ത് മനുഷ്യാധ്വാനത്തിന്റെ ചെലവ് ഉൾപ്പെടുത്തുകയും ചെയ്യുന്നു. രണ്ടാമത്തേത് ശമ്പള ശീർഷകത്തിൽ തന്നെ **(121 SRF/JRF/RA)** ചെലവ് ബുക്കുചെയ്യുന്നു. വാർഷിക കണക്ക് മാത്രം പരിശോധിച്ചാൽ ഓപ്പറേഷൻ കോസ്റ്റ് **(214)** എന്ന ശീർഷകത്തിലെ ചെലവുകളിൽ നിന്നും മനുഷ്യാധ്വാനത്തിന്റെ ചെലവുകൾ പ്രത്യേകമായി കണ്ടെത്തുക സാധ്യമല്ല.

| നിർദ്ദേശങ്ങൾ | |
|---|---|
| 1. | ഫണ്ടുതിരിച്ചുള്ള കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്. |
| 2. | വിനിയോഗത്തിലെ കാലതാമസം പരിഹരിക്കാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. |
| 3. | ബജറ്റ് അനുപാതം വിവിധ മേഖലകളിൽ നിശ്ചയിക്കുന്നതിൽ മികച്ച ആസൂത്രണവും വ്യക്തമായ മാനദണ്ഡങ്ങളും രൂപീകരിക്കേണ്ടതാണ്. |
| 4. | പ്ലാൻ ഫണ്ട് വിനിയോഗത്തിലെ സർക്കാർ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം-1, അദ്ധ്യായം 2, ഓഡിറ്റ് ഖണ്ഡിക 2.12.(d)(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

204. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

205. 2020-21-ലെ എ.ഐ.സി.ആർ.പി. പ്രോജക്ടുകളുടെ പ്ലാൻ വിഹിതം(25%)- 2.04 കോടി രൂപ അധികമായി നൽകിയതുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ ആകെ 24 കോടി രൂപ വകയിരുത്തിയ എ.ഐ.സി.ആർ.പി. പദ്ധതിക്ക് 6.5 കോടി രൂപയാണ് ചെലവായതെന്നും ആയതിലേക്ക് സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതമായി 4.45 കോടി രൂപയാണ് നൽകേണ്ടതെന്നും വിലയിരുത്തിയ സമിതി അധികമായി 2.04 കോടി രൂപ സർവകലാശാലയുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിയത് എന്തിനാണെന്ന് ആരാഞ്ഞു. സംസ്ഥാന വിഹിതമായി ലഭിക്കേണ്ട 25 ശതമാനം തുക സർവകലാശാലയുടെ ഫണ്ടിൽനിന്നുമെടുത്താണ് ചെലവഴിക്കുന്നതെന്നും നിലവിൽ 7 കോടി രൂപ പ്ലാൻ ഫണ്ടിൽ ലഭിക്കാനുണ്ടെന്നും ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി. ഇത് ഒരു തുടർ പദ്ധതിയാണോയെന്നും തുക എസ്.ബി. പ്ലസ് അക്കൗണ്ടിലേക്ക് മാറ്റാനുള്ള കാരണം എന്താണെന്നും സമിതി ആരാഞ്ഞു. ഇത് ഒരു തുടർ പദ്ധതിയാണെന്നും എ.ഐ.സി.ആർ.പി. ഫണ്ട് ഒരു പൂൾ അക്കൗണ്ടായ എസ്.ബി.പ്ലസ് അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്യുന്നതെന്നും ഇതിലേയ്ക്കുതന്നെയാണ് പ്ലാൻ ഫണ്ടും

നിക്ഷേപിക്കുന്നതെന്നും അതിനുശേഷം നൂറുശതമാനം ക്യാഷായി കൊടുക്കുകയാണ് ചെയ്യുന്നതെന്നും ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി. ഇതും അക്കൗണ്ടിങ്ങിൽ വന്നിട്ടുള്ള പ്രശ്നമാണോയെന്ന് സമിതി ആരാഞ്ഞതിന് അക്കാര്യം വിശദമായി പരിശോധിക്കണമെന്ന് ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകി.

206. തെളിവെടുപ്പിന്റെ തുടക്കം മുതൽ, സർവകലാശാല പിന്തുടർന്നുവരുന്ന അക്കൗണ്ടിംഗ് സിസ്റ്റത്തിന്റെ അപാകതകളാണ് മനസ്സിലാകുന്നതെന്ന് വ്യക്തമാക്കിയ സമിതി ഇതിൽ നിരവധി പ്രശ്നങ്ങളുണ്ടെന്നും ചെലവഴിച്ച തുക നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്കായി മാറ്റിയതോ പ്ലാൻ ഫണ്ട് ലഭിച്ചതിനുശേഷം മാറ്റിയതോ ആകാമെന്നും എന്നാൽ കണക്കിൽ 2.04 കോടി രൂപ അധികമായി വന്നിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടി.

207. പ്രസ്തുത തുക തുടർന്നുള്ള വർഷങ്ങളിൽ ചെലവഴിച്ചിട്ടുണ്ടാകാമെന്നും പ്ലാൻ ഫണ്ട് കിട്ടാതായപ്പോഴാണ് 7 കോടി രൂപയുടെ കുറവ് വന്നിരിക്കുന്നതെന്നും ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ വിശദീകരണം നൽകി.

208. പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**209. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ചെലവിലും അധികരിച്ച തുക നൽകിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**210. 2020-21-ലെ എ.ഐ.സി.ആർ.പി. പ്രോജക്ടുകളുടെ പ്ലാൻ വിഹിതം (25%) 2.04 കോടി അധികമായി നൽകിയതുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പരീക്ഷ നടത്തിപ്പ് - യു.ജി.സി. അധ്യാപകർക്ക് പ്രതിഫലം നൽകുന്നത് മാനദണ്ഡങ്ങൾക്ക് വിരുദ്ധം - 8,51,699 തിരികെ ഈടാക്കേണ്ടതാണ്.**

(കേരള കാർഷിക സർവകലാശാല ഓഡിറ്റ് റിപ്പോർട്ട് 2018-19 ഖണ്ഡിക. 1.3.10)

| | |
|---|---|
| ലക്ഷ്യം | പരീക്ഷ നടത്തിപ്പ് യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അധ്യാപകർക്ക് പ്രതിഫലം നൽകിയിട്ടുണ്ടോ എന്നുള്ള തുടർപരിശോധന |
| മാനദണ്ഡം | • 98-ലെ യു.ജി.സി. നോട്ടിഫിക്കേഷൻ(F3-1/94(Ps)/1998/ 24.12. 98)<br>• 2010-ലെ യു.ജി.സി. റെഗുലേഷൻസിലെ കോഡ് ഓഫ് പ്രൊഫഷണൽ എത്തിക്സ് (F3-1/2009/30-6-2010 ഖണ്ഡിക 17.0-I(VII))<br>• കേരള സർക്കാർ ഹയർ എജ്യുക്കേഷൻ വകുപ്പ് ഉത്തരവ് ജി. ഒ. പി. നമ്പർ 5/2001/എച്ച്. എജ്യു./3-1-2001 |

2018-19 വർഷത്തെ കേരള കാർഷിക സർവകലാശാലയിലെ വിവിധ കോളേജുകളിലെ റെഗുലർ വിദ്യാർത്ഥികളുടെ ഉത്തരപേപ്പർ മൂല്യനിർണ്ണയം, ചോദ്യപേപ്പർ തയ്യാറാക്കൽ എന്നിവയുമായി ബന്ധപ്പെട്ട് 8,51,699/-രൂപ അധ്യാപകർക്ക് നൽകിയിട്ടുണ്ട്. ഇത് യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഭരണപരവും അക്കാദമികവുമായ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് യു.ജി.സി. കാലാകാലങ്ങളിൽ വിവിധ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. 1998-ലെ യു.ജി.സി. നോട്ടിഫിക്കേഷന് (F3-1/94(Ps)/1998 dated 24.12.1998) അനുസരണമായ പരിഷ്കരണങ്ങൾ കേരളത്തിലെ സർവകലാശാലകൾക്ക് 1996 ജനുവരി 1 മുതൽ മുൻകാലപ്രാബല്യത്തോടെ ബാധകമാക്കിക്കൊണ്ട് കേരള സർക്കാർ ഉത്തരവിറക്കുക യുണ്ടായി (ഹയർ എജ്യുക്കേഷൻ(സി) വകുപ്പ് ജി.ഒ.(പി) നമ്പർ 171/99/എച്ച്.എജ്യു./ 21-12-1999). ഈ ഉത്തരവുപ്രകാരം പരീക്ഷാജോലികൾ ഔദ്യോഗിക ചുമതലയുടെ ഭാഗമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇത് പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ടിന്റെ ഭാഗം കൂടിയാണ്. കേരള സർക്കാരിന്റെ 2001-ലെ ഉത്തരവ് പ്രകാരം (ജി. ഒ. (പി) നമ്പർ-5/2001/എച്ച്. എജ്യു./3-1-2001/ ഹയർ എജ്യുക്കേഷൻ വകുപ്പ്) റെഗുലർ വിദ്യാർത്ഥികളുടെ പരീക്ഷാ നടത്തിപ്പ്, പരീക്ഷാപേപ്പർ പരിശോധന എന്നിവ യു.ജി.സി. ശമ്പള സ്കെയിലിൽപ്പെട്ട അധ്യാപകരുടെ ഡ്യൂട്ടിയുടെ അവിഭാജ്യ ഘടകമാണെന്നും ആയതിനായി പ്രത്യേക പ്രതിഫലം നൽകാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2010-ലെ യു.ജി.സി. റെഗുലേഷൻസിലെ കോഡ് ഓഫ് പ്രൊഫണൽ എത്തിക്സ് (F3-1/2009 dated 30-6-2010 ഖണ്ഡിക 17.0-I(VII)) പ്രകാരം സർവ്വകലാശാലയുടെയും അനുബന്ധ കോളേജുകളുടെയും പരീക്ഷാനടത്തിപ്പ്, മേൽനോട്ടം, ഇൻവിജിലേഷൻ, മൂല്യനിർണ്ണയം എന്നിവ അധ്യാപകരുടെ ഉത്തരവാദിത്വമാണ്. കേരള സർക്കാർ ഹയർ എജ്യുക്കേഷൻ(സി) വകുപ്പ് ജി. ഒ.(ആർ ടി) നമ്പർ 1260/2018/എച്ച്. എജ്യു./ 26-6-18 ഇത് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്.

എന്നാൽ സർവകലാശാലാ ഉത്തരവ് നമ്പർ Acad/E1/10826/2016/9-3-17 പ്രകാരം ഉത്തരപേപ്പർ മൂല്യനിർണ്ണയം, ചോദ്യപേപ്പർ തയ്യാറാക്കൽ, കോ-ഓർഡിനേഷൻ എന്നിവയ്ക്കായി കാർഷിക സർവകലാശാല അധ്യാപകർക്കും, അല്ലാത്തവർക്കും നൽകേണ്ട പ്രതിഫലത്തിന്റെ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. പരീക്ഷനടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് സർവകലാശാലയിൽ തന്നെയുള്ള യു.ജി.സി. അധ്യാപകർക്ക് പ്രതിഫലം നൽകാനുള്ള ഈ ഉത്തരവ് മേൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. 2018-19 വർഷത്തിൽ ഇത്തരത്തിൽ പ്രതിഫലം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, ചെക്ക് നമ്പർ | ശീർഷകം | തുക | റിമാർക്സ് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | 0068/05-2018/594 643/25-5-18 | 0029 നോൺ പ്ലാൻ | 65,844 | ബി-ടെക്ക്, ബി.എസ്.സി. അഗ്രി. വിദ്യാർത്ഥികൾക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കൽ, ഉത്തരപേപ്പർ മൂല്യനിർണ്ണയം. ആകെ 83 അധ്യാപകർക്കായി 1,24,095/-രൂപ നൽകിയിട്ടുണ്ട്. ഇതിൽ സർവകലാശാലയ്ക്ക് പുറത്തുനിന്നുള്ള 38 അധ്യാപകർക്ക് നൽകിയ വേതനം കുറച്ചുള്ള തുക. |
| 2. | 0090/7-18/12547 7/2.8.18 | 0029 നോൺ പ്ലാൻ | 56,950 | ബി. എസ്. സി. അഗ്രി. ചോദ്യപേപ്പർ തയ്യാറാക്കൽ. |
| 3. | 0111/09-18/ 268037/ 12.09.18 | 0029 നോൺ പ്ലാൻ | 32,751 | ബി. എസ്. സി. അഗ്രി. ചോദ്യപേപ്പർ തയ്യാറാക്കൽ. |
| 4. | 0076/10-18/ 268181/ 17-10-2018 | 0029 നോൺ പ്ലാൻ | 12,727 | ബി.ടെക്ക്, ബി.എസ്.സി. വിദ്യാർത്ഥികൾക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കൽ, ഉത്തരപേപ്പർ മൂല്യനിർണ്ണയം. |
| 5. | 0070/6-18/ 594722/ 22-6-18 | 0029 നോൺ പ്ലാൻ | 3,23,990 | കേന്ദ്രീകൃത മൂല്യനിർണ്ണയം (21-6-18 മുതൽ 30-6-18) – ആകെ നൽകിയ 4,82,000/-രൂപയിൽ കാർഷിക സർവകലാശാലയിലെ അധ്യാപകർക്ക് ഉത്തരപേപ്പർ മൂല്യനിർണ്ണയത്തിന് നൽകിയ വേതനം (94000+118740+91750+5050+ 3300+11150) |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6. | 0127/3-19/ 385175/ 28-3-19 | 0029 നോൺ പ്ലാൻ | 15,087 | ബി.ടെക്ക്, ബി.എസ്.സി. അഗ്രി. വിദ്യാർത്ഥികൾക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കൽ. |
| 7. | 0002/0003/ 0004/11-18/ 690786/ 2-11-2018 | 5200 ഡവലപ്പ് മെന്റ് ഗ്രാന്റ് | 3,44,350 | കേന്ദ്രീകൃത മൂല്യനിർണ്ണയം (29.10.18 മുതൽ 07.11.18) - ആകെ നൽകിയ 5,27,955/- രൂപയിൽ കാർഷിക സർവകലാശാലയിലെ അധ്യാപകർക്ക് ഉത്തരപേപ്പർ മൂല്യനിർണ്ണയത്തിന് നൽകിയ വേതനം. (1,28,870+1,13,550+1,01,930) |
| **ആകെ** | | | **8,51,699** | |

പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് യു.ജി.സി. സ്കീമിലുൾപ്പെട്ട അധ്യാപകർക്ക് പ്രതിഫലം നൽകുന്നത് സർവകലാശാല പുനഃപരിശോധിക്കുവാനും ഈ ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കാനും 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-3-6 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് നടപടി സ്വീകരിച്ചിട്ടില്ല. ഈ സാമ്പത്തിക വർഷത്തിലാവട്ടെ 8,51,699/- രൂപയാണ് ഇതേരീതിയിൽ ചെലവാക്കി യിരിക്കുന്നത്. യു. ജി. സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഈ ഇനത്തിൽ സർവകലാശാല അധ്യാപകർക്ക് നൽകിയ 8,51,699/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

| **നിർദ്ദേശങ്ങൾ** | |
|---|---|
| 1 | യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് യു.ജി.സി. സ്കീമിലുൾപ്പെട്ട അധ്യാപകർക്ക് പ്രതിഫലം നൽകുന്നത് സർവകലാശാല പുനഃപരിശോധിക്കേണ്ടതാണ്. |
| 2 | ഈ ഇനത്തിൽ സർവകകലാശാല അധ്യാപകർക്ക് നൽകിയ പ്രതിഫലം തിരികെ ഈടാക്കേണ്ടതാണ്. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം-1, അദ്ധ്യായം 2, ഓഡിറ്റ് ഖണ്ഡിക 2.13)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

211. പ്രസ്തുത പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഓഡിറ്റ് പരാമർശം വന്നതിനുശേഷം തുക നൽകിയിട്ടില്ലെന്നും വിഷയം അക്കാദമിക് കൗൺസിൽ പരിശോധിക്കുകയും ജനറൽ കൗൺസിൽ അത് തുടരാമെന്ന് പറഞ്ഞിരിക്കുകയുമാണെന്നും ഭരണസമിതിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും വിഷയം അവതരിപ്പിച്ചിട്ടുണ്ടെന്നും സ്പെഷ്യലൈസ്ഡ് സർവകലാശാലയായതുകൊണ്ട് മേൽ വിഷയങ്ങളിലെ എക്സാമിനേഴ്സിനെ ലഭിക്കാനുള്ള ബുദ്ധിമുട്ടുണ്ടെന്നും സർവകലാശാല രജിസ്ട്രാർ മറുപടി നൽകി.

212. യു.ജി.സി. സ്കെയിലിൽ ശമ്പളം വാങ്ങുന്ന അധ്യാപകരുടെ ചുമതലയിൽപ്പെട്ടതാണ് പരീക്ഷയും മൂല്യനിർണ്ണയവും എന്നിരിക്കെ അതിന് പ്രത്യേകം തുക കൊടുക്കുന്നത് ശരിയാണോയെന്ന സമിതിയുടെ ചോദ്യത്തിന്, കുറച്ചുവർഷങ്ങൾക്കു മുമ്പുവരെ പരീക്ഷാ പേപ്പർ പുറത്തുകൊടുത്ത് മൂല്യനിർണ്ണയം നടത്തിയിരുന്നതിനാൽ ഫലം പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം വന്നിരുന്നുവെന്നും കുറച്ച് വിഷയങ്ങളുടെ പേപ്പറുകൾ നിലവിലും പുറത്ത് കൊടുത്ത് മൂല്യനിർണ്ണയം നടത്തുന്നുണ്ടെന്നും മറ്റ് ചില വിഷയങ്ങൾ പുറത്തുനിന്നുള്ളവരും സർവ്വകലാശാലയിലെ അധ്യാപകരും ചേർന്ന് മൂല്യനിർണ്ണയം നടത്തുന്നുണ്ടെന്നും കോഴ്സ് എടുക്കാത്തവർ അധിക ജോലിയായി മൂല്യനിർണ്ണയം നടത്തുമെന്നും അവർക്കും സർവ്വകലാശാലാ അധ്യാപകർക്കും അധികച്ചുമതല എന്നനിലയിൽ പേയ്മെന്റ് കൊടുക്കുമെന്നും അവരവരുടെ കോഴ്സുകളിലെ ഇന്റേണൽ മൂല്യനിർണ്ണയങ്ങൾക്കൊന്നും പേയ്മെന്റ് കൊടുക്കാറില്ലെന്നും പ്രസ്തുത വിഷയം അക്കാദമിക് കൗൺസിൽ പരിഗണിച്ചപ്പോൾ നടപടി തുടർന്നുകൊണ്ടുപോകണമെന്നാണ് നിർദ്ദേശിച്ചതെന്നും ആത്യന്തികമായി ശമ്പളം ഫിക്സ് ചെയ്യാൻ അധികാരപ്പെട്ട കേരള കാർഷിക സർവകലാശാലയുടെ സ്റ്റാറ്റ്യൂട്ടറി ബോഡി ഭരണസമിതിയാണെന്നും പ്രസ്തുത സമിതി അംഗീകരിക്കുകയാണെങ്കിൽ അത് തുടരാമെന്നും അല്ലാത്തപക്ഷം വേണ്ടെന്നുവയ്ക്കാമെന്നും ചില വിഷയങ്ങളിൽ പഠിപ്പിച്ച അധ്യാപക രായിരിക്കില്ല മൂല്യനിർണ്ണയം നടത്തുന്നതെന്നും മൂല്യനിർണ്ണയത്തിനായി പൂർണ്ണമായും പുറത്തുള്ളവരെ ആശ്രയിക്കേണ്ടിവരുമെന്നും എത്രയും വേഗം ഫലം പ്രസിദ്ധീകരിക്കുന്നതിനു വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നതെന്നും അതുകൊണ്ടുതന്നെ പരമാവധി രണ്ടുമൂന്ന് മാസത്തിനുള്ളിൽ ഫലം പ്രസിദ്ധീകരിക്കാൻ സാധിക്കുന്നുണ്ടെന്നും സർവകലാശാല രജിസ്ട്രാർ മറുപടി നൽകി.

213. യു.ജി.സി. സ്കെയിലിൽ ശമ്പളം വാങ്ങുന്നവർക്ക് പ്രതിഫലം നൽകാൻ പാടില്ല എന്നതാണ് ഓഡിറ്റ് പരാമർശമെന്ന് സമിതി വ്യക്തമാക്കിയപ്പോൾ അധിക ജോലിയായതിനാലാണ് അങ്ങനെ ചെയ്യുന്നതെന്നും അടിയന്തരമായി ഫലം പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി അക്കാദമിക് കൗൺസിലെടുത്ത തീരുമാനമാണിതെന്നും സർവകലാശാല രജിസ്ട്രാർ മറുപടി നൽകി.

214. പരാമർശം സംബന്ധിച്ച് വിശദവിവരമടങ്ങിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**215. യു.ജി.സി. അധ്യാപകർക്ക് മാദണ്ഡങ്ങൾക്ക് വിരുദ്ധമായ പ്രതിഫലം നൽകിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദവിവരമടങ്ങിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിങ്ങ് സോഫ്റ്റ്‌വെയർ പാക്കേജ് നടപ്പാക്കിയത് വൻപരാജയം - ലക്ഷങ്ങൾ പാഴായി**

(കേരള കാർഷിക സർവകലാശാല ഓഡിറ്റ് റിപ്പോർട്ട് 2018-19 ഖണ്ഡിക 1.3.16)

| | |
|---|---|
| ലക്ഷ്യം | എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിങ്ങ് സോഫ്റ്റ്‌വെയർ പാക്കേജ് "യൂണിവേഴ്സിറ്റി സ്യൂട്ട്" എന്ന പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തൽ |
| മാനദണ്ഡം | • സർവകലാശാല നിയമം<br>• സ്യൂട്ട് നിർവഹണവുമായി ബന്ധപ്പെട്ട വിവിധ കമ്മിറ്റി മീറ്റിങ്ങുകളിലെ തീരുമാനങ്ങൾ, സർവകലാശാലാ ഉത്തരവുകൾ |

കേന്ദ്രസർക്കാർ ഏജൻസിയായ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി.) സാങ്കേതിക നേതൃത്വത്തിൽ 2013-ൽ ആരംഭിച്ച ഭരണ നടപടികളുടെ കമ്പ്യൂട്ടർവൽക്കരണം തൻവർഷത്തിലും അപൂർണ്ണവും അപ്രായോഗികവുമായി തുടരുകയാണ്. ഇത് സംബന്ധിച്ച ഫയൽ വിശദ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ വെളിച്ചത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

എൻ.ഐ.സി.യുടെ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിങ്ങ് സോഫ്റ്റ്‌വെയർ പാക്കേജായ "യൂണിവേഴ്സിറ്റി സ്യൂട്ട്" കേരള കാർഷിക സർവകലാശാലയിൽ നടപ്പാക്കുന്നതിനായി ബഹു. വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ 12-6-2013-ൽ കൂടിയ പ്രത്യേക യോഗത്തിന്റെ നിർദ്ദേശം സർവകലാശാലയുടെ 31-8-2013-ലെ 505-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയുണ്ടായി. ഇ-ഫയൽ ഫ്ലോ, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, പേറോൾ, ബജറ്റിംഗ്, അക്കൗണ്ടിംഗ്, അക്കാദമിക് മാനേജ്മെന്റ്, ഡിജിറ്റൽ സിഗ്നേച്ചർ തുടങ്ങിയ മോഡ്യൂൾ അടങ്ങിയ പാക്കേജാണിത്. എൻ.ഐ.സി. സമർപ്പിച്ച പദ്ധതി നിർദ്ദേശം (NIC/KLSC/TSRDC/University Suite/KAU01/13/ 29-3-2013) സർവകലാശാല അംഗീകരിച്ചതിനെ തുടർന്ന് കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക ഗ്രാന്റിലെ ഇ-ഗവേണൻസിനായുള്ള രണ്ട് കോടി രൂപയിൽ നിന്ന് 47.75 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തുകയും 2012-13 വർഷത്തിൽ 40 ലക്ഷം രൂപ അനുവദിക്കുകയും

ചെയ്തു. തുടർന്ന് സോഫ്റ്റ്‌വെയറിലെ വിദ്യാർത്ഥി രജിസ്ട്രേഷൻ മോഡ്യൂൾ അക്കാദമിക് മാനേജ്മെന്റിന് അനുഗുണമല്ലായെന്ന സർവകലാശാലയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ, സ്യൂട്ടിൽ സമ്പൂർണ്ണമായ അക്കാദമിക് മാനേജ്മെന്റ് സിസ്റ്റം സമന്വയിപ്പിക്കുംവിധം എൻ.ഐ.സി. പുതുക്കി നൽകിയ 47.75 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശം (നമ്പർ S-130668/GNKL/28-3-2014) സർവകലാശാല അംഗീകരിച്ചിട്ടുണ്ട് (സർവകലാശാല ഉത്തരവ് നമ്പർ GA/D2/180709/13/08.10.2013, GA/D2/6905/13/ 7-10-2014). 2012-13 വർഷം അനുവദിച്ച 40 ലക്ഷം രൂപയിൽ തൽസമയം ചെലവ് കഴിച്ച് എൻ.ഐ.സി. വശം ബാക്കിയുള്ള 6,53,965/- രൂപയും, പുതുക്കിയ അടങ്കൽ 47.75 ലക്ഷം രൂപയിൽ എൻ.ഐ.സി.-ക്ക് നൽകാനുള്ള 7.75 (47.75-40) ലക്ഷം രൂപയും അടക്കം 14,28,965/- രൂപ അടങ്കലുള്ള പുതുക്കിയ പദ്ധതി നിർദ്ദേശമാണ് ഇപ്രകാരം 2014-15 വർഷത്തേക്ക് എൻ.ഐ.സി. നൽകിയത്. സാങ്കേതികവും ഘടനാപരവുമായ കുറവുകൾ പരിഹരിച്ച് "സ്യൂട്ട്" കൂടുതൽ പരിഷ്ക്കരിക്കുന്നതിന് ഏജൻസിയുടെ മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തുന്നതിനായി 2018-19 വർഷം വരെ എൻ.ഐ.സി.യുമായി കരാറിലേർപ്പെട്ടിട്ടുമുണ്ട്.

**എൻ.ഐ.സി.-ക്ക് വിവിധ ഘട്ടങ്ങളിലായി നൽകിയ തുകകളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | സി.ബി.വി. നമ്പർ/ ചെക്ക് നമ്പർ/ഉത്തരവ് നമ്പർ/തീയതി | തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | 1034/12-13/31.03.2013<br>585/1415/29.10.2014 | 40,00,000<br>7,75,000 | |
| 2 | ചെക്ക് നമ്പർ 135910/31-3-2015 | 4,20,211 | എൻ.ഐ.സി.യുടെ 29-6-2017-ലെ ഇ-മെയിൽ, പ്രോജക്ട് നമ്പർ S-130668/ GNKL/2007/ 1-5-2017 നമ്പർ കത്തുകൾ പ്രകാരം |
| 3 | ഉത്തരവ് നമ്പർ/ ജി.എ.ഡി2/18709/13/ 4-5-2017 | 12,93,903 | ഇൻവോയിസ് നമ്പർ PMPKL/ 166811/15.03.2017 പ്രകാരം പ്രോജക്ട് നമ്പർ 5170239MKPL-ന് ആയി അടച്ച തുക |
| **ആകെ** | | **64,89,114** | |

### 1-3-16-1 സർവകലാശാലയുടെ യഥാർത്ഥ ആവശ്യങ്ങൾ കണക്കിലെടുക്കാതെ കരാറിലേർപ്പെട്ടു

യൂണിവേഴ്സിറ്റി സ്യൂട്ടിനായി എൻ.ഐ.സി.യുമായി കരാർ ഉണ്ടാക്കുന്നതിനു മുമ്പേ സർവകലാശാലയുടെ തനത് സോഫ്റ്റ്‌വെയറായ യൂഫാസ്റ്റ്, അക്കൗണ്ടിംഗ്/ബജറ്റിംഗ്/പേറോൾ/എച്ച്.ആർ. തുടങ്ങിയ ആവശ്യങ്ങൾക്കായി സാമാന്യം തൃപ്തികരമായി തന്നെ ഉപയോഗിക്കുന്നുണ്ട്. സർവകലാശാലയുടെ യഥാർത്ഥ ആവശ്യങ്ങൾക്കനുസരിച്ച് യൂഫാസ്റ്റ് 'user friendly' ആക്കുന്നതിനായി സർവകലാശാലാ ഭരണതലത്തിലും ഓഡിറ്റ് തലത്തിലും (2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക കാണുക) സെന്റർ ഫോർ ഇ-ഗവേണൻസിലുമായി നിരവധി പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കെയാണ് ഒട്ടുവളരെ പണച്ചെലവും നിലവിലെ സംവിധാനങ്ങളിൽ പൊളിച്ചെഴുത്തും ആവശ്യമായി വരുന്ന എൻ.ഐ.സി. സോഫ്റ്റ്‌വെയറിന്റെ പൊതു പ്ലാറ്റ്ഫോമിലേക്ക് കൂടുമാറാൻ സർവകലാശാല ലക്ഷ്യമിട്ടത്. എന്നാൽ സർവകലാശാലയുടെ പൊതുഭരണ സംവിധാനങ്ങൾ, അക്കാദമിക്-ഗവേഷണ-വ്യാപന പ്രവർത്തനങ്ങൾ, ജീവനക്കാരുടെ സേവന-വേതന ആവശ്യങ്ങൾ തുടങ്ങി സ്ഥാപനത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അനുയോജ്യമായ സമഗ്രവും ഏകീകൃതവുമായ പ്രോഗ്രാമാണ് 'യൂണിവേഴ്സിറ്റി സ്യൂട്ട് ' കൊണ്ട് ലക്ഷ്യമിട്ടിരുന്നതെങ്കിലും ആയത് അതിനുതകുന്ന തരത്തിലുള്ളതല്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

### 1-3-16-2 'സ്യൂട്ട്' - യൂണിവേഴ്സിറ്റിയുടെ തനത് പ്രോഗ്രാമുകളിൽ നിന്നും കൂടുതൽ കാര്യക്ഷമവും ഗുണകരവുമല്ല

യൂണിവേഴ്സിറ്റിയുടെ തനത് പ്രോഗ്രാമുകളിൽ നിന്നും കൂടുതൽ കാര്യക്ഷമവും ഗുണകരവുമല്ല 'സ്യൂട്ട്' പ്രോഗ്രാം എന്ന അഭിപ്രായമാണ് സർവകലാശാലാ ഭരണവിഭാഗത്തിൽ പൊതുവെ നിലവിലുള്ളത്. വിവിധ കമ്മിറ്റി മീറ്റിങ്ങുകൾ, വിവരാവകാശ നിയമപ്രകാരമുള്ള മറുപടി എന്നിവയിൽ ഇക്കാര്യം വ്യക്തമാകുന്നുണ്ട്. പ്രോഗ്രാം സംബന്ധിച്ച് മിനിറ്റ്സുകളിലെ ചില തീരുമാനങ്ങൾ/ചർച്ചകൾ ഇപ്രകാരമാണ്.

**i. മീറ്റിങ് തീയതി 22-3-2016**

i. " Sri. T. M. Asokan, Section Officer, KAU has informed that there are problems in the payroll system and functionally there is no difference between old system and new one. He also argued that consulting the IT Team of KAU is hassle free compared to contacting the NIC."

ii. " System manager further informed the UFAST, the existing finance application is running smooth and he asked Senior Deputy Comptroller if there is

any complaints or issues reported regarding the current financial management system. She didn't mentioned any issues in the system".

**ii. മീറ്റിങ് തീയതി 22-9-2016**

i. "Joint Registrar I and Assistant Comptroller B&M remarked that the UFAST software developed internally by the CeG is working more smoothly compared to the NIC software and that issues, if any, are addressed promptly with former while latter lags heavily in addressing issues in a proper time bound manner."

**iii. മീറ്റിങ് തീയതി 28-11-2017**

i. " The Deputy Registrar (Acad) also pointed that the purpose of implementation of University Suite Package and e-file flow was to save time, but practically, the same has not been achieved"

ii. " While taking up discussion of evaluating the implementation of package in finance wing, Deputy Comptroller/Assistant Comptroller (CR), Assistant Comptroller (DD&A), Section Officer (Bills), Section Officer EPB section expressed the opinion that the payroll module available in the UFAST package is more friendly and would like to continue with that package."

iii. " UFAST will continue to be used for payroll operation in future also, without switching over to module in the 'UNIVERSITY SUITE' package."

**വിവരാവകാശ നിയമപ്രകാരമുള്ള മറുപടി**

ശ്രീമതി എം. വിജയകുമാരിയുടെ 20-10-2016-ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലെ ചില ചോദ്യങ്ങൾക്കുള്ള മറുപടി ഇപ്രകാരമാണ്. (സി.ഇ.ജി./0011/ 2016/04.11.2016)

ചോദ്യം: എത്ര മൊഡ്യൂളുകൾ ഉൾപ്പെടുന്നതാണ് ഈ പാക്കേജ്? അവ ഏതൊക്കെ? വിശദാംശങ്ങൾ.

ഉത്തരം: നിലവിൽ നാല് മൊഡ്യൂളുകളാണ് യൂണിവേഴ്സിറ്റി സ്യൂട്ട് വഴി നടപ്പാക്കിയിട്ടുള്ളത്. 1. ഫയൽഫ്ലോ, 2. പേറോൾ, 3. അക്കാദമിക് മാനേജ്മെന്റ്, 4. അഡ്മിഷൻ മാനേജ്മെന്റ്

ചോദ്യം: ജീവനക്കാരുടെ ശമ്പളം, പെൻഷൻ, ലീവ്, മറ്റ് സേവന സംബന്ധമായ കാര്യങ്ങൾക്ക് ഈ പാക്കേജ് ബാധകമാണോ?

ഉത്തരം: നിലവിൽ സർവകലാശാല ആസ്ഥാനത്തെ ജീവനക്കാരുടെ ശമ്പളം മാത്രമാണ് സ്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ സർവ്വീസ് സംബന്ധിച്ച കാര്യങ്ങളും പെൻഷനും മറ്റു കാര്യങ്ങളും സർവ്വകലാശാലയുടെ തനത് സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്.

### 1-3-16-3 നിർവ്വഹണത്തിലെ സാങ്കേതികപ്പിഴവുകൾ

സ്യൂട്ട് നടപ്പാക്കുന്നതിൽ നിരവധി സാങ്കേതികപ്പിഴവുകൾ ഉണ്ടായിട്ടുണ്ട്

i. സ്യൂട്ടിൽ ഉൾപ്പെട്ട ഫയൽ ഫ്ലോ മോഡ്യൂളിലെ മാറ്റങ്ങൾക്കായി/ പുതുക്കലിനായി പണം ചെലവഴിച്ചതിനു ശേഷം, ഫയൽ ഫ്ലോ ഓപ്പറേഷനായുള്ള കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദിഷ്ട "ഇ-ഓഫീസിന്റെ" പുതിയ വേർഷനിലേക്ക് ഡാറ്റ പോർട്ട് ചെയ്യാൻ തീരുമാനമെടുത്തു കാണുന്നു (തീരുമാനം 10-1-2018). ഇ-ഓഫീസിന്റെ പുതിയ വേർഷൻ ലഭ്യമാണെന്നിരിക്കെ പഴയ മോഡ്യൂൾ പുതുക്കുന്നതിന് എൻ.ഐ.സി.-യെ ചുമതലപ്പെടുത്തിയതിന്റെ കാരണവും വ്യക്തമല്ല.

ii. 10-1-2018-ലെ യോഗത്തിൽ പേറോൾ, എച്ച്.ആർ. മോഡ്യൂൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ രണ്ടാം ഘട്ടത്തിൽ എൻ.ഐ.സി. ഏറ്റെടുക്കാത്തതിനാൽ അതിനായി വകയിരുത്തിയ മനുഷ്യവിഭവശേഷി അക്കാദമിക് മോഡ്യൂൾ വികസനത്തിനായി ഉപയോഗപ്പെടുത്തുവാൻ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഇത് പ്രാവർത്തികമായോയെന്ന് വ്യക്തമല്ല. മാത്രമല്ല യൂസർ റിക്വയർമെന്റ് സ്പെസിഫിക്കേഷനിൽ (യു.ആർ.എസ്.) ഇതു സംബന്ധിച്ച പ്രവർത്തികളും ഉൾപ്പെട്ടുകാണുന്നു.

iii. കൂടുതൽ യൂസർ ഫ്രന്റ്ലി ആയതിനാൽ യൂണിവേഴ്സിറ്റി തനത് സോഫ്റ്റ്‌വെയറായ "UFAST" തന്നെ തുടർന്നും ഈ ആവശ്യത്തിനായി ഉപയോഗപ്പെടുത്തുവാൻ തീരുമാനമെടുത്തിട്ടുണ്ട് (തീരുമാനം 28-11-2017).

### 1-3-16-4 സർവകലാശാലയുടെ ആവശ്യങ്ങൾ പരിഗണിക്കാതെ എൻ.ഐ.സി. യൂസർ റിക്വയർമെന്റ് സ്പെസിഫിക്കേഷൻ (യു.ആർ.എസ്.) തയ്യാറാക്കി

എൻ.ഐ.സി.-യുമായി നടത്തിയ വിവിധ കൂടിക്കാഴ്ചകളിലും കത്തിടപാടുകളിലുമായി സർവകലാശാലാധികൃതർ പ്രോഗ്രാമിൽ നിരവധി മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും ആവശ്യപ്പെട്ടിരുന്നു. അവയെല്ലാം 'Not Possible' 'Out of Scope' 'to be treated as a

separate project and can be taken up if University Wishes So' 'Presently focussing on Academic management തുടങ്ങിയ വിവിധ കാരണങ്ങളോ ന്യായങ്ങളോ നിരത്തി നിരസിക്കുകയും തങ്ങളുടെ ആവശ്യങ്ങൾ മുഴുവനായും കണക്കിലെടുക്കാതെയുള്ള യു.ആർ.എസ് സർവകലാശാല അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ ജി.എ/ഡി2/18709/13/25-1-2017 പ്രകാരം 2016-17-ലെ പ്രോജക്ടിന്റെ ഭാഗമായി (പ്രോജക്ട് നമ്പർ S170239MKPL) സർവകലാശാല സമർപ്പിച്ച യു.ആർ.എസ്.-ലെ വിവിധ ആവശ്യങ്ങൾ 'Deep Structural changes' ആവശ്യമാണെന്ന കാരണത്താൽ എൻ.ഐ.സി നിരസിച്ചിട്ടുണ്ട് (ഇതുസംബന്ധമായ എൻ.ഐ.സി.-യുടെ 9-2-2017, 22-2-2017 തീയതികളിലെ മെയിലുകൾ ഫയലിലുണ്ട്). തുടർന്ന് 30-5-2017-ൽ എൻ.ഐ.സി സമർപ്പിച്ച യു.ആർ.എസ് സർവകലാശാല അംഗീകരിക്കുകയാണ് ചെയ്തത് (സർവകലാശാല ഉത്തരവ് നമ്പർ ജി.എ/ഡി2/187019/ 13/02-6-2017). തങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കാതെയുള്ള നിരുപാധികമായ ഈ അംഗീകാരത്തിന്റെ അടിസ്ഥാനം വ്യക്തമല്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം-1, അദ്ധ്യായം 2, ഓഡിറ്റ് ഖണ്ഡിക 2.14(a),(b),(c),(d)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

216. 2013-ലാണ് എൻ.ഐ.സി. ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തതെന്നും പ്രസ്തുത സോഫ്റ്റ്‌വെയർ സർവകലാശാലയിൽ പൂർണ്ണമായി നടപ്പാക്കാമെന്ന് വിഭാവനം ചെയ്തിരുന്നെങ്കിലും അന്ന് ഹാർഡ്‌വെയറിന് കുറച്ച് പോരായ്മകളുണ്ടായിരുന്നു വെന്നും ആ സമയം കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച 100 കോടി രൂപയുടെ പദ്ധതിയിലുൾപ്പെടുത്തി ഹാർഡ്‌വെയർ വാങ്ങാമെന്നാണ് ധരിച്ചിരുന്നതെന്നും പക്ഷേ 56 കോടി രൂപ മാത്രമേ കിട്ടിയിട്ടുള്ളൂവെന്നും അതുകൊണ്ട് സർവകലാശാലയിൽ പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചിട്ടില്ലെന്നും എന്നാൽ 2013 മുതൽ അഡ്മിനിസ്ട്രേഷൻ വിംഗിൽ ഭാഗികമായും അക്കാദമിക് വിംഗിൽ പൂർണ്ണമായും നടപ്പിലാക്കിയെന്നും ഓഡിറ്റ് പരാമർശത്തിൽ വന്ന പേറോളും ഹ്യൂമൻ റിസോഴ്സസും ഇതിൽ വന്നിട്ടില്ലെന്നതാണെന്നും ഇവ എൻ.ഐ.സി.-ൽ വരുന്നതല്ലെന്നും തുടക്കത്തിൽ എൻ.ഐ.സി.-യുടെ വേർഷൻ 4 ആയിരുന്നെങ്കിൽ 2023 ജൂൺ 5-ാം തീയതി എൻ.ഐ.സി.-യുടെ ഏറ്റവും പുതിയ വേർഷനായ 7.2.5 നടപ്പാക്കിയെന്നും പുതിയ വേർഷനിലും ഫയൽ ഫ്ലോ മാത്രമേയുള്ളൂവെന്നും ബാക്കിയുള്ള കാര്യങ്ങൾ വരുന്നില്ലെന്നും പരാമർശത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് സർവകലാശാല തലത്തിലൊരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും കമ്മിറ്റി പരിശോധിച്ചശേഷം വിശദമായ റിപ്പോർട്ട് നൽകാമെന്നും ഇടക്കാല റിപ്പോർട്ട് നിലവിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും സർവകലാശാല ഡയറക്ടർ (ഇൻഫർമേഷൻ സിസ്റ്റം) വിശദീകരിച്ചു.

217. സർവകലാശാല നിലവിൽ ഉപയോഗിക്കുന്ന മൊഡ്യൂളുകളുടെ വിശദാംശം ഓഡിറ്റിന് കൊടുത്തിട്ടില്ലായെന്നുള്ളതാണ് പ്രധാനപ്പെട്ട വിഷയമെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ, നാല് പേജുള്ള റിപ്പോർട്ട് ഓഡിറ്റിന് നൽകിയിട്ടുണ്ടെന്നും ലഭ്യമായിട്ടില്ലെങ്കിൽ വിശദമായ റിപ്പോർട്ട് ഒരിക്കൽ കൂടി സമർപ്പിക്കാമെന്നും സർവകലാശാല ഡയറക്ടർ (ഇൻഫർമേഷൻ സിസ്റ്റം) സമിതിയെ ബോധിപ്പിച്ചു.

218. മേൽ റിപ്പോർട്ടിൽ ഏതൊക്കെ മൊഡ്യൂളുകളാണെന്നും അതിന്റെ സവിശേഷതകൾ എന്താണെന്നും ആയത് തൃപ്തികരമാണോ ഇല്ലയോ എന്നുള്ളവ കൃത്യമായി ഒബ്ജക്ടീവ് ടൈപ്പായി ആണ് ഉൾപ്പെടുത്തേണ്ടതെന്ന് ഓഡിറ്റ് വകുപ്പ് വ്യക്തമാക്കി.

219. പ്രസ്തുത വിവരങ്ങളെല്ലാം ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് ഒന്നുകൂടി സമർപ്പിക്കാമെന്നും സർവകലാശാല ഡയറക്ടർ (ഇൻഫർമേഷൻ സിസ്റ്റം) സമിതിയെ അറിയിച്ചു. വകുപ്പുകളിൽ നിന്നും സമർപ്പിക്കുന്ന റിപ്പോർട്ടുകൾ ഓഡിറ്റ് വിഭാഗത്തിന് കൃത്യമായി ലഭിക്കാത്തതിന്റെ കാരണം എന്താണ് എന്ന് സമിതി ആരാഞ്ഞതിന്, റിപ്പോർട്ടുകളെല്ലാം എ.എം.എസ്. മുഖേനയാണ് സമർപ്പിക്കുന്നതെന്നും ഓൺലൈൻ വഴി അയയ്ക്കുന്നതിനാൽ ഓഡിറ്റ് വിഭാഗത്തിന് റിപ്പോർട്ട് ലഭിക്കാതിരിക്കാൻ സാധ്യതയില്ലെന്നും ഡയറക്ടർ (ഇൻഫർമേഷൻ സിസ്റ്റം) വ്യക്തമാക്കി.

220. സർവകലാശാലയിൽ സോഫ്റ്റ്‌വെയർ പൂർണ്ണമായും ഉപയോഗിക്കുന്നുണ്ടോയെന്ന ഓഡിറ്റിന്റെ അന്വേഷണത്തിന്, വൈസ് ചാൻസലർ ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ്‌വെയറിന്റെ പുതിയ വേർഷൻ സർവകലാശാലയ്ക്ക് സൗജന്യമായാണ് എൻ.ഐ.സി. നൽകിയിരിക്കുന്നതെന്നും ജൂൺ മാസം 5-ാം തീയതി മുതൽ പൂർണ്ണ തോതിൽ നടപ്പിലാക്കുകയാണെന്നും സർവകലാശാല രജിസ്ട്രാർ മറുപടി നൽകി.

221. ഇതുസംബന്ധിച്ച മറുപടി ഓഡിറ്റിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**222. സർവകലാശാലയ്ക്ക് നിലവിൽ എൻ.ഐ.സി.-ൽ നിന്നും സൗജന്യമായി ലഭിച്ച പുതിയ വേർഷൻ സോഫ്റ്റ്‌വെയറിന്റെ പൂർണ്ണ തോതിലുള്ള ഉപയോഗം അടങ്ങുന്ന വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**1-3-16-6 പ്രോജക്ടുകൾ അവസാനിപ്പിച്ച് കണക്കും ഇൻവോയ്സുകളും കൈമാറിയിട്ടില്ല; ഗണ്യമായ തുക എൻ.ഐ.സി. വശം ബാക്കിനിൽക്കുന്നു.**

"സ്യൂട്ട്" പ്രോഗ്രാമുമായി ബന്ധപ്പെട്ട് ഇതുവരെ 64,89,114/-രൂപ എൻ.ഐ.സി.-ക്ക് നൽകിയിട്ടുണ്ട് (പട്ടിക കാണുക). പ്രോജക്ട് 31-5-2018-ൽ അവസാനിച്ചെങ്കിലും ഇതുമായി ബന്ധപ്പെട്ട ക്ലോഷർ സ്റ്റേറ്റ്മെന്റും വരവ് ചെലവ് കണക്കുകളും ഇൻവോയ്സുകളും എൻ.ഐ.സി. സർവ്വകലാശാലയ്ക്ക് നൽകിയിട്ടില്ല. 19-5-2017-ൽ ഒന്നാംഘട്ടവുമായി ബന്ധപ്പെട്ട ക്ലോഷർ സ്റ്റേറ്റ്മെന്റ് നൽകിയിരുന്നെങ്കിലും കണക്കുകളിലെ വ്യക്തതക്കുറവ്, ഐ.റ്റി.സപ്പോർട്ട് ചാർജ്ജസ് (മനുഷ്യവിഭവശേഷി), ഹാർഡ്വെയർ സപ്ലൈ, ഹാർഡ്വെയർ വില, അഡ്മിനിസ്ട്രേഷൻ ചാർജ്ജസ് തുടങ്ങിയ ഇനങ്ങളിൽ പ്രോജക്ട് പ്രൊപ്പോസലുകളിൽ നിന്നുള്ള വലിയ വ്യത്യാസത്തിനും, ഹാർഡ്വെയർ വില സംബന്ധിച്ച് വെന്ററുടേയും എൻ.ഐ.സി.-യുടെയും ഇൻവോയ്സുകളിലെ വിലവ്യത്യാസത്തിനും, ചില ഹാർഡ്വെയർ വാങ്ങലുമായി ബന്ധപ്പെട്ട ഇൻവോയ്സുകൾ ലഭ്യമല്ലാത്തതിനും, സെക്യൂരിറ്റി ഓഡിറ്റ്, ആർ.എച്ച്.ഇ.എൽ. ലൈസൻസ് തുടങ്ങിയ വിഷയങ്ങളിലും വ്യക്തതക്കുറവുള്ളതിനാൽ സർവകലാശാല എൻ.ഐ.സി.-ൽ നിന്നും വിശദാംശങ്ങൾ തേടിയിട്ടുണ്ട് (നമ്പർ ജി.എ/ഡി2/18709/2013/15-2-2018, 10-1-2018-ലെ യോഗതീരുമാനം). ഒന്നാംഘട്ടവുമായി ബന്ധപ്പെട്ട പ്രോജക്ട് പ്രൊപ്പോസൽ ഫയലിൽ ലഭ്യമല്ലാത്തതിനാൽ ഐ.റ്റി.സപ്പോർട്ട് ചാർജ്ജസ്, ഹാർഡ്വെയർ വില തുടങ്ങിയ കാര്യങ്ങളിൽ പ്രൊപ്പോസലിൽ നിന്നും വ്യതിയാനമുണ്ടായിട്ടുണ്ടോയെന്ന് ഓഡിറ്റിന് പരിശോധിക്കുവാനായിട്ടില്ല. മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തുന്ന രണ്ടാംഘട്ടവുമായി ബന്ധപ്പെട്ട് 12,93,903/-രൂപ എൻ.ഐ.സി.-ക്ക് നൽകിയിട്ടുണ്ടെങ്കിലും 7,15,028/- രൂപയുടെ വർക്ക് ഓഡർ മാത്രമേ എൻ.ഐ.സി. നൽകിയിട്ടുള്ളൂ. ഈയിനത്തിൽ മാത്രം 5,78,875/- രൂപ എൻ.ഐ.സി. വശം നീക്കിയിരിപ്പുണ്ട്. പ്രോജക്ടുകൾ അവസാനിപ്പിച്ച് ക്ലോഷർ സ്റ്റേറ്റ്മെന്റും ഇൻവോയ്സുകളും വാങ്ങുന്നതിനും പ്രൊപ്പോസലിൽ നിന്നും യഥാർത്ഥ ചെലവുകൾക്ക് വ്യത്യാസമില്ലെന്ന് ഉറപ്പുവരുത്തി ചെലവ് കഴിച്ച് ബാക്കിയുള്ള തുക തിരികെ ഈടാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം-1, അധ്യായം 2, ഓഡിറ്റ് ഖണ്ഡിക 2.14(e))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

223. എൻ.ഐ.സി.-യുടെ കൈവശം ബാക്കി നിൽക്കുന്ന തുക സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ബാക്കിയുള്ള തുക എൻ.ഐ.സി. കൈമാറുകയും ആയത് കൃഷി

വകുപ്പിൽ ലഭ്യമായിട്ടുണ്ടെന്നുമാണ് അറിയാൻ കഴിഞ്ഞതെന്നും സർവകലാശാല രജിസ്ട്രാർ വ്യക്തമാക്കി. അന്തിമ സെറ്റിൽമെന്റ് ബില്ലുകൾ ഇതിനകം ഓഡിറ്റ് പരിശോധനയ്ക്ക് നൽകിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് എൻ.ഐ.സി.-യുടെ കൈവശമുള്ള ബാക്കി തുക തിരിച്ചടച്ചിട്ടുണ്ടെന്നും ആയത് തുടർന്നുള്ള നടപടിക്രമമനുസരിച്ച് സർക്കാർ വഴി സർവകലാശാലയ്ക്ക് ലഭിക്കുന്ന മുറയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാമെന്നും സർവകലാശാല രജിസ്ട്രാർ മറുപടി നൽകി.

224. ചർച്ചയിൽ നിന്നും കണ്ടെത്തിയ പ്രധാനപ്പെട്ട കാര്യം അക്കൗണ്ടിംഗ് സംവിധാനത്തിന്റെ അപാകതയാണെന്ന് വിലയിരുത്തിയ സമിതി കൃത്യമായ സംവിധാനം രൂപപ്പെടുത്തിയില്ലെങ്കിൽ ഭാവിയിൽ ഇതുപോലുള്ള പ്രശ്നങ്ങൾ നേരിടേണ്ടി വരുമെന്നും മറ്റ് സർവകലാശാലകളിൽ നിന്നും വ്യത്യസ്തമായി കാർഷിക സർവകലാശാലയുടെ പദ്ധതികൾക്ക് തുടർച്ചാ സ്വഭാവമുള്ളതുകൊണ്ട് അവരുടെ അക്കൗണ്ടിംഗ് രീതി ഓഡിറ്റിന്റെ അക്കൗണ്ടിംഗ് രീതിയിൽ നിന്നും തികച്ചും വ്യത്യസ്തമാണെന്നും സംസ്ഥാന ഓഡിറ്റ് വിഭാഗം അവരുടെ രീതിയനുസരിച്ച് പരിശോധിക്കുമ്പോൾ സർവകലാശാലയ്ക്ക് ലഭിക്കുന്ന തുകയും ചെലവഴിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നുവെന്നും പ്രസ്തുത സാഹചര്യത്തിലാണ് പദ്ധതികൾ മുന്നോട്ട് പോകാത്ത അവസ്ഥയുണ്ടാകുന്നതെന്നും സമിതി വിലയിരുത്തി. വിനിയോഗം റദ്ദ് ചെയ്ത് പണം കൊടുത്തുവെന്ന് പറയുന്നത് ശരിയായിരിക്കാമെന്നും എന്നാൽ കണക്കുകൾപ്രകാരമുള്ള രേഖകൾ ലഭ്യമല്ലെന്നും ഓഡിറ്റ് വിഭാഗം പിൻതുടരുന്ന സംവിധാനത്തിലേയ്ക്ക് വന്നില്ലെങ്കിൽ ഭാവിയിൽ തെറ്റുകൾ ആവർത്തിക്കാനുള്ള സാധ്യതയുണ്ടെന്നും സമിതി വ്യക്തമാക്കി. സർവകലാശാലയുടെ കുറേ പ്രവൃത്തികൾ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമാക്കി മാറ്റുകയെന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട വിഷയമെന്നും പ്രസ്തുത പ്രവർത്തനം മറ്റൊരു ഭാഗത്തും പോകുന്നത് ഗുണകരമായ രീതിയല്ലെന്നും അതുകൊണ്ട് അതിനൊരു നടപടിയുണ്ടാകണമെന്നും ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്താനുള്ള നിർദ്ദേശമുണ്ടെങ്കിലും സർക്കാർ തലത്തിൽ നല്ല രീതിയിലുള്ള ഇടപെടൽ നടത്തി ആവശ്യമായ ഭേദഗതി വരുത്തിയില്ലെങ്കിൽ ഓഡിറ്റ് പരാമർശങ്ങൾ വരും വർഷത്തിലും ആവർത്തിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

225. സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ കേന്ദ്രത്തിൽ ധാരാളം പുതിയ സംവിധാനങ്ങളും കണ്ടുപിടിത്തങ്ങളുമൊക്കെ നടക്കുന്നതായി ചൂണ്ടിക്കാട്ടിയ സമിതി ആധുനിക കാലഘട്ടത്തിനനുസരിച്ച് പുതിയ സ്റ്റാർട്ട്അപ്പ് പരിപാടി ആരംഭിക്കുന്നതും അതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതും ഉചിതമായിരിക്കുമെന്ന് കൂട്ടിച്ചേർത്തു.

226. പൊതുമേഖലയിൽ ഏറ്റവും കൂടുതൽ സ്റ്റാർട്ടപ്പുകളുള്ളത് കേരള കാർഷിക സർവകലാശാലയ്ക്കാണെന്നും 150-ഓളം സ്റ്റാർട്ടപ്പുകളാണ് കഴിഞ്ഞ മൂന്ന് വർഷത്തിനിട യിലുണ്ടായിട്ടുള്ളതെന്നും അതിനുള്ള സ്ഥിരം സംവിധാനമായ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ കീഴിൽ പ്രൈം മിനിസ്റ്റേഴ്സ് പ്രോഗ്രാം ഇൻ മൈക്രോ എന്റർപ്രൈസസിന്റെ ഭാഗമായി ഓരോ വർഷവും 47 പേരടങ്ങുന്ന ബാച്ചിന് സൗകര്യം ചെയ്തുകൊടുക്കുന്നുണ്ടെന്നും സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) സമിതിയെ അറിയിച്ചു.

227. ജാതിത്തൊണ്ടിൽനിന്നും വൈൻ ഉൽപ്പാദിപ്പിക്കുന്നതിനായുള്ള പദ്ധതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, വൈൻ ഉൽപ്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ പുതിയതല്ലെന്നും എന്നാൽ വ്യാവസായികാടിസ്ഥാനത്തിൽ ഒരു പ്ലാന്റ് സ്ഥാപിക്കുകയെന്നതായിരുന്നു വ്യാവസായിക ഡിമാന്റെന്നും അതിനനുസരിച്ച് 100 ലിറ്റർ വരെ വൈൻ ഉൽപ്പാദിപ്പിക്കാവുന്ന പ്ലാന്റാണ് സ്ഥാപിച്ചതെന്നും പാളയൻകോടൻ പഴം, പൈനാപ്പിൾ, കശുമാങ്ങ, ജാതിത്തൊണ്ട്, കൊക്കോ എന്നിവയിൽനിന്ന് വൈൻ ഉല്പ്പാദിപ്പിക്കുന്നുണ്ടെന്നും ജാതിത്തൊണ്ടിൽ നിന്നും വ്യാവസായി കാടിസ്ഥാനത്തിൽ വൈൻ നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ തയ്യാറാവുന്നതേയുള്ളൂവെന്നും സർവകലാശാല ഗവേഷണ വിഭാഗം ഡയറക്ടർ വിശദമാക്കി. പദ്ധതിക്ക് പ്രത്യേക ലൈസൻസ് ആവശ്യമില്ലേയെന്ന് സമിതി ആരാഞ്ഞതിന് ഗവേഷണത്തിനായി എക്സൈസ് വകുപ്പിന്റെ അനുമതി വാങ്ങിയിട്ടുണ്ടെന്നും ഉൽപ്പാദിപ്പിച്ച ശേഷം സാങ്കേതികവിദ്യ ഉപയോഗിച്ച് സ്റ്റാൻഡേർഡൈസ് ചെയ്യുകയോ അല്ലെങ്കിൽ സ്വകാര്യ വ്യക്തികൾക്ക് ഫീസിന് കൈമാറുകയോ ചെയ്യുക എന്നതാണ് നിലവിലെ നടപടിയെന്നും ഉൽപ്പാദിപ്പിക്കുന്ന വൈൻ ബിവറേജ് കോർപ്പറേഷനും കൂടി കൊടുക്കാൻ സാധിക്കുമോയെന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്നും ഡയറക്ടർ വ്യക്തമാക്കി. കൊക്കോ യൂണിറ്റ്, കാഡ്ബറിയുമായി ധാരണയുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് സ്വകാര്യ പങ്കാളിത്തത്തിന്റെ ഭാഗമായി കാഡ്ബറി യൂണിറ്റുമായി 37 വർഷങ്ങൾക്കുമുമ്പുണ്ടാക്കിയ ധാരണ നിലവിലും തുടരുന്നുണ്ടെന്നും ഉൽപ്പാദിപ്പിക്കുന്ന കൊക്കോ തൈകൾ കാഡ്ബറി നിർദ്ദേശിക്കുന്നവർക്ക് പുറമേ പൊതുജനങ്ങൾക്കുകൂടി കൊടുക്കാൻ സാധിക്കുന്നുണ്ടെന്നും ഗവേഷണ വിഭാഗം ഡയറക്ടർ വിശദമാക്കി. കേരളത്തിൽ ആവശ്യകതയുടെ 30 ശതമാനം കാഡ്ബറി പോലും ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നില്ലെന്ന് അഭിപ്രായപ്പെട്ട സമിതി ആവശ്യകത കണക്കിലെടുത്ത് ഇതിനെ ജനകീയമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോയെന്നും ആരാഞ്ഞു. ഇത്തരം സാഹചര്യത്തിൽ സർവകലാശാല കൊക്കോയുടെ ഉൽപ്പാദനം ജനകീയമാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നും എന്നാൽ പ്രാദേശിക സംവിധാനങ്ങളുടെ അപര്യാപ്തതയുണ്ടെന്നും സർവകലാശാല ഡയറക്ടർ (ഗവേഷണ വിഭാഗം) അറിയിച്ചു.

228. ഓഡിറ്റ് വകുപ്പിൽ നിന്നും സ്റ്റേഷനുകളിലേയ്ക്ക് പരിശോധനയ്ക്ക് വരുമ്പോഴുണ്ടാകുന്ന അന്വേഷണങ്ങൾക്ക് അപ്പോൾത്തന്നെ മറുപടി ലഭ്യമാക്കുകയോ അല്ലെങ്കിൽ പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുകയോ ചെയ്താൽ ഇത്തരത്തിലുള്ള ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സാധിക്കുമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

**നിഗമനങ്ങളും ശിപാർശകളും**

**229. കൃത്യമായ അക്കൗണ്ടിംഗ് സംവിധാനം രൂപപ്പെടുത്തിയില്ലെങ്കിൽ ഭാവിയിൽ പ്രശ്നങ്ങൾ നേരിടേണ്ടി വരുമെന്നും മറ്റ് സർവകലാശാലകളിൽ നിന്നും വ്യത്യസ്തമായി കാർഷിക സർവകലാശാലയുടെ പദ്ധതികൾക്ക് തുടർച്ചാ സ്വഭാവമുള്ളതുകൊണ്ട് അവരുടെ അക്കൗണ്ടിംഗ് രീതി ഓഡിറ്റിന്റെ അക്കൗണ്ടിംഗ് രീതിയിൽ നിന്നും തികച്ചും വ്യത്യസ്തമാണെന്നും സംസ്ഥാന ഓഡിറ്റ് വിഭാഗം അവരുടെ രീതിയനുസരിച്ച് പരിശോധിക്കുമ്പോൾ സർവകലാശാലയ്ക്ക് ലഭിക്കുന്ന തുകയും ചെലവഴിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നുണ്ടെന്നും പ്രസ്തുത സാഹചര്യത്തിലാണ് പദ്ധതികൾ മുന്നോട്ടു പോകാത്ത അവസ്ഥയുണ്ടാകുന്നതെന്നും സമിതി വിലയിരുത്തുന്നു.**

**230. വിനിയോഗം റദ്ദ് ചെയ്ത് പണം കൊടുത്തുവെന്ന് പറയുന്നത് ശരിയായിരിക്കാമെന്നും എന്നാൽ കണക്കുകൾ പ്രകാരമുള്ള രേഖകൾ ലഭ്യമല്ലെന്നും ഓഡിറ്റ് വിഭാഗം പിൻതുടരുന്ന സംവിധാനത്തിലേയ്ക്ക് വന്നില്ലെങ്കിൽ ഭാവിയിൽ തെറ്റുകൾ ആവർത്തിക്കാനുള്ള സാധ്യതയുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു.**

**231. സർവകലാശാലയുടെ കുറേ പ്രവൃത്തികൾ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമാക്കി മാറ്റുകയെന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട വിഷയമെന്നും പ്രസ്തുത പ്രവർത്തനം മറ്റൊരു ഭാഗത്തും പോകുന്നത് ഗുണകരമായ രീതിയല്ലെന്നും അതുകൊണ്ട് ഇക്കാര്യത്തിൽ ക്രിയാത്മകമായ നടപടിയുണ്ടാകണമെന്നും ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്താനുള്ള നിർദ്ദേശമുണ്ടെങ്കിലും സർക്കാർ തലത്തിൽ നല്ല രീതിയിലുള്ള ഇടപെടൽ നടത്തി ആവശ്യമായ ഭേദഗതി വരുത്തിയില്ലെങ്കിൽ ഓഡിറ്റ് പരാമർശങ്ങൾ വരും വർഷത്തിലും ആവർത്തിക്കുമെന്നും സമിതി വ്യക്തമാക്കുന്നു**

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2024 ഒക്ടോബർ 7.

## അനുബന്ധം - I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | 4 | കൃഷി (ഫാംസ്) വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 2. | 6 | " | സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു. |
| 3. | 8 | " | പുതുക്കി അംഗീകരിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ഖണ്ഡിക നമ്പർ VI-ൽ കർശനമായ നിയന്ത്രണ സംവിധാനങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടി അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 4. | 10 | " | കൃത്യമായ അക്കൗണ്ടിംഗ് സംവിധാനം, അത് കർശനമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം എന്നിവ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിൻപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുമുണ്ടെന്ന സർക്കാർ മറുപടി സമിതി അംഗീകരിക്കുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 5. | 32 | " | റിവോൾവിംഗ് ഫണ്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർവകലാശാലയ്ക്ക് കൃത്യമായ കണക്കുകൾ സൂക്ഷിക്കാൻ കഴിയുന്നില്ലായെന്നത് ഒരു പ്രധാന പോരായ്മയാണെന്ന് സമിതി നിരീക്ഷിക്കുന്നു. അക്കൗണ്ട് ബുക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണെന്നും അവ ഓഡിറ്റിന് വിധേയമാക്കുമ്പോൾ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന രീതിയിലായിരിക്കണമെന്നും ബാലൻസ് ഷീറ്റ് മോഡിലേയ്ക്ക് മാറുകയാണെങ്കിൽ കൂടുതൽ സുതാര്യതയുണ്ടാകുമെന്നും സമിതി വിലയിരുത്തുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 6. | 33 | കൃഷി (ഫാംസ്) വകുപ്പ് | കാർഷിക സർവകലാശാലയും ഓഡിറ്റ് വകുപ്പും പിന്തുടർന്ന അക്കൗണ്ടിംഗ് രീതികളിൽ വൈരുദ്ധ്യമുള്ളതിനാൽ ഓഡിറ്റ് വകുപ്പും സർവകലാശാലയും ചർച്ച ചെയ്ത് പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും കണക്കുകൾ കൃത്യമാക്കാനും ഉതകുന്ന സംവിധാനമുണ്ടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 7. | 50 | " | കേരള കാർഷിക സർവകലാശാലയ്ക്ക് മുൻകൂർ അനുമതിയോടെ നടീൽ വസ്തുക്കൾ പുറത്തുനിന്നും വാങ്ങി വിതരണം ചെയ്യാമെന്നിരിക്കെ അപ്രകാരം ചെയ്യാതിരുന്നതിനുള്ള കാരണം സംബന്ധിച്ചും ആയതിന് ഉത്തരവാദി ആരാണ് എന്നത് സംബന്ധിച്ചും അന്വേഷണം നടത്തി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 8. | 51 | " | സർവകലാശാല നടത്തുന്ന പ്രവർത്തനങ്ങളിൽ നിലവിൽ മെച്ചപ്പെട്ട പുരോഗതിയുണ്ടെന്നും തെറ്റുകൾ ആവർത്തിക്കുകയില്ലെന്നുമുള്ള സർവകലാശാലയുടെ മറുപടി സമിതി അംഗീകരിക്കുന്നു. എന്നിരുന്നാലും ഓഡിറ്റ് പരാമർശം വന്ന ഓരോ കേന്ദ്രത്തെയും സംബന്ധിച്ച പരാമർശങ്ങൾ കൃത്യമായി അന്വേഷിച്ച് അനന്തര നടപടി സ്വീകരിക്കാമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ സമിതിക്ക് സമർപ്പിക്കാമെന്നും തെളിവെടുപ്പ് വേളയിൽ സർവകലാശാല ഗവേഷണ വിഭാഗം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഡയറക്ടർ സമിതി മുൻപാകെ നൽകിയ ഉറപ്പ് പാലിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഇക്കാര്യത്തിൽ താമസംവിനാ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. റിവോൾവിംഗ് ഫണ്ടുമായി ബന്ധപ്പെട്ട് വിവിധ സ്റ്റേഷനുകളിൽ വിവിധ അക്കൗണ്ടിംഗ് രീതിയാണ് സർവകലാശാലയ്ക്ക് നിലനിൽക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ഓഡിറ്റ് ചെയ്യപ്പെടുന്ന സമയത്തുതന്നെ ഓഡിറ്റ് വിഭാഗവുമായി ചർച്ച നടത്തി ഇക്കാര്യത്തിൽ തീരുമാനങ്ങളെടുത്ത് പ്രശ്ന പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 9. | 57 | ,, | 2015-16 കാലയളവിലെ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഓഡിറ്റ് സമയത്ത് തിരുത്തൽ വരുത്താൻ ശ്രമിച്ചിരുന്നെങ്കിൽ ആയവ അന്നുതന്നെ ഒഴിവാക്കാമായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരം സാഹചര്യം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ഫാം ജീവനക്കാരുടെയും ശാസ്ത്രജ്ഞൻമാരുടെയും ശമ്പളം നൽകുന്നത് റിവോൾവിംഗ് ഫണ്ടിന്റെ കണക്കുകളിലും ഉൾപ്പെടുത്തണമെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 10. | 64 | " | സാമൂഹിക പ്രതിബദ്ധതയുള്ള കാര്യങ്ങൾ ചെയ്യുന്നതിനായി സർവകലാശാല റിവോൾവിംഗ് ഫണ്ട് എന്ന് ആശയം കൊണ്ടുവന്നതിൽ എതിർപ്പ് ഒന്നും ഇല്ലെന്നും എന്നാൽ പ്രസ്തുത ആശയം സർവകലാശാലയുടെ നിയമപ്രകാരമുള്ള പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തി നിയമസാധുത നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശങ്ങളിൽ വേണ്ടത്ര ഗൗരവം നൽകാത്തത് ഇതിന് കാരണമായും സമിതി നിരീക്ഷിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 11. | 65 | " | പൊതുജനങ്ങൾക്ക് ഗുണകരമായ നിരവധി പ്രോജക്ടുകൾ നടപ്പാക്കാൻ സാധിച്ചതും സാമൂഹ്യ പ്രതിബദ്ധതയുള്ളതുമായ റിവോൾവിംഗ് ഫണ്ട് എന്ന സംവിധാനത്തെ നിയമവിധേയമാക്കി പ്രവർത്തിപ്പിച്ച് ഓഡിറ്റ് പരാമർശത്തിൽ നിന്ന് ഒഴിവാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 12. | 66 | " | 2018-ലെ ഉത്തരവുപ്രകാരം റിവോൾവിംഗ് ഫണ്ടുമായി ബന്ധപ്പെട്ട് കുറേ ഇടപെടലുകൾ സർവകലാശാല നടത്തിയിട്ടുണ്ടെന്നതിനാൽ അതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13. | 82 | " | ഓഡിറ്റ് ചൂണ്ടിക്കാട്ടിയ രണ്ടുവർഷങ്ങളിൽ മാത്ര തൈകൾ വാങ്ങിയ വകയിലും തൈകൾ വിറ്റതിന്റെ 35 ശതമാനം എസ്.എച്ച്.ജി.-കൾക്ക് കൊടുത്ത വകയിലും 6,33,725/- രൂപയാണ് ചെലവായിട്ടുള്ള തെന്നും തൈകൾ വിറ്റതിൽ നിന്നും 8,94,450/- രൂപ ലഭിച്ചിട്ടുണ്ടെന്നും യഥാർത്ഥ ചെലവ് കണക്കാക്കുമ്പോൾ 2,60,725/- രൂപ ലാഭമായാണ് കാണുന്നതെന്നും ആനക്കയം അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ മേധാവി അറിയിച്ച സാഹചര്യത്തിൽ ഇതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 14. | 83 | " | ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 15. | 86 | " | കൊക്കോ ഫാം ഏരിയായിലെ റബ്ബർ മരങ്ങളുടെ ലേലം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാ നത്തിൽ ആയത് ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 16. | 92 | " | ഗുണമേന്മയുള്ള വിത്ത്, നടീൽ വസ്തുക്കളുടെ ഉല്പാദനം എന്നിവ സംബന്ധിച്ച പരിശോധനയ്ക്കായി അന്വേഷണ കമ്മീഷനെ നിയമിച്ചതിനുശേഷം ആയത് സംബന്ധിച്ച പഠന റിപ്പോർട്ട് സമർപ്പി ക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 17. | 108 | " | സർവകലാശാല പിന്തുടർന്നു വരുന്ന അക്കൗണ്ടിംഗ് സിസ്റ്റം, സർവകലാശാലയുടെ വാർഷിക കണക്കുകൾ സംബന്ധിക്കുന്ന ഏറ്റവും പുതിയ വിവരങ്ങൾ തുടങ്ങിയവ അടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്നും പ്രസ്തുത റിപ്പോർട്ടിൽ സർവകലാശാലയുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് നവീകരിക്കുമ്പോൾ ഭാവിയിൽ ഇൻവോയിസ് പ്രകാരം കിട്ടാനുള്ള തുകകൾ സംബന്ധിച്ച പ്രശ്നമുണ്ടാകില്ലെന്ന വിവരം ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 18. | 109 | " | ഓഡിറ്റ് വകുപ്പും സർവകലാശാലയും പിന്തുടരുന്ന അക്കൗണ്ടിംഗ് സമ്പ്രദായത്തിലുള്ള വൈരുദ്ധ്യമാണ് ഓഡിറ്റ് ചൂണ്ടിക്കാട്ടിയിട്ടുള്ള പ്രശ്നങ്ങൾക്ക് പ്രധാന കാരണമെന്ന് സമിതി വിലയിരുത്തുന്നു. ആയത് ഓഡിറ്റ് വിഭാഗത്തിന്റെ കൂടി സമ്മതപ്രകാരം തീർപ്പാക്കണമെന്നും മറ്റ് വിഷയങ്ങൾ റിപ്പോർട്ടാക്കി സമിതിക്ക് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 19. | 110 | " | കേരളത്തിലെ എല്ലാ സർവകലാശാലകൾക്കും നിയതമായൊരു അക്കൗണ്ടിംഗ് സമ്പ്രദായമില്ലെന്നുള്ളതാണ് അടിസ്ഥാന പ്രശ്നമെന്നും ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയാൽ ഒരു പരിധിവരെ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നും സർവകലാശാല ഫിനാൻസ് ഓഫീസർ & കംപ്ട്രോളർ മറുപടി നൽകിയ സാഹചര്യത്തിൽ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മറുപടി ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 20. | 113 | " | സർവകലാശാലയിലെ ഒരു കേന്ദ്രത്തിന് ഇൻവോയ്സുകൾ മുഖേന ആർക്കൊക്കെ ഉൽപ്പന്നങ്ങൾ നൽകാമെന്നും എത്ര തുക വരെ ഇത്തരത്തിൽ വിൽപ്പന നടത്താമെന്നും ക്രെഡിറ്റ് സെയിൽ തീർപ്പാക്കാനുള്ള കാലാവധി എത്ര ദിവസമാണെന്നും കാലാവധി കഴിഞ്ഞ തുക തിരിച്ചുപിടിക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നുമുള്ള കാര്യങ്ങൾക്ക് മാനദണ്ഡം തയ്യാറാക്കിയശേഷം ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 21. | 116 | " | ഇൻവോയിസ് വഴിയുള്ള വിൽപ്പനയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ചും ഓഡിറ്റ് നിർദ്ദേശത്തിന്മേലും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 22. | 129 | " | കാർഷിക സർവകലാശാലയിലെ അധ്യാപക/ അനധ്യാപക തസ്തികകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച കൃത്യമായ വിശദീകരണമുൾക്കൊള്ളുന്ന റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 23. | 130 | " | തസ്തിക രൂപീകരണം സർവകലാശാലയുടെ അധികാരപരിധിയിൽ വരുന്നതാണെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് തസ്തിക രൂപീകരിച്ചതെന്നും അനുമതി ലഭിക്കുന്നതിലെ കാലതാമസമാണ് ഉണ്ടായിട്ടുള്ളതെന്നും ചൂണ്ടിക്കാട്ടി ഓഡിറ്റ് വകുപ്പിന് മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 24. | 131 | " | പുനർ നാമകരണം/പുനർ വിന്യാസം ചെയ്യുന്ന തസ്തികകളിൽ സ്റ്റാറ്റ്യൂട്ട് രൂപീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 25. | 135 | " | വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക സർവകലാശാലയിലെ ബോട്ട് ഡ്രൈവർ തസ്തികയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 26. | 140 | " | ശമ്പളപരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതും സർക്കാർ അനുമതി ലഭിച്ചിട്ടില്ലാത്തതുമായ തസ്തികകൾക്ക് സർക്കാരിൽ നിന്നും അനുമതി ലഭിക്കാൻ വേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 27. | 144 | " | വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളപരിഷ്കരണ ഉത്തരവുകളെ മറികടന്നു കൊണ്ട് ഉയർന്ന സ്കെയിൽ അനുവദിച്ചു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 28. | 149 | " | ഓഡിറ്റ് വകുപ്പ് ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കണമെന്ന കർശന നിർദ്ദേശം ഓരോ സ്റ്റേഷനിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകണമെന്നും ആയത് ലഭ്യമാക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 29. | 150 | " | അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30. | 153 | " | താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയായിരിക്കണമെന്ന ഉത്തരവ് കൃത്യമായി പാലിക്കുന്നുണ്ട് എന്നും അധ്യാപക തസ്തികയിൽ വർഷാവർഷം കരാറടിസ്ഥാനത്തിൽ UGC മാർഗ്ഗനിർദ്ദേശപ്രകാരമാണ് നിയമനം നടത്തുന്നത് എന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 31. | 157 | " | കോടതി 80 ശതമാനം പെൻഷൻ ആനുകൂല്യം അനുവദിക്കാൻ ഉത്തരവിട്ടപ്പോൾ സർവകലാശാല 100 ശതമാനവും നൽകിയത് എങ്ങനെയെന്നത് സംബന്ധിച്ചും അധികമായി കൈപ്പറ്റിയ തുക തിരിച്ചുപിടിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 32. | 159 | " | കാർഷിക സർവകലാശാലയിലെ പെൻഷൻ ഫണ്ട് സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു. |
| 33. | 170 | " | വാർഷിക കണക്കുകൾ വൈസ് ചാൻസലർ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിച്ച് ജനറൽ കൗൺസിലിന് സമർപ്പിക്കേണ്ടതും അവ ജനറൽ കൗൺസിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നിരിക്കെ സർവകലാശാല അങ്ങനെ ചെയ്യുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 34. | 171 | " | ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള നടപടി റിപ്പോർട്ട് വൈസ് ചാൻസലറുടെ അംഗീകാരം വാങ്ങി സമർപ്പിക്കുകയും പിന്നീട് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ജനറൽ കൗൺസിലിന്റെയും സാധൂകരണം തേടുകയും ചെയ്യുമെന്ന വിവരം ഉൾപ്പെടുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 35. | 175 | " | അക്കൗണ്ടിംഗ് ചട്ടങ്ങൾ ആവിഷ്കരിക്കുന്നതിന് സർവകലാശാല തീരുമാനിച്ചിട്ടുണ്ടെന്നും ഹരിയാന കാർഷിക സർവകലാശാല പിന്തുടരുന്ന അക്കൗണ്ടിംഗ് സിസ്റ്റം ചില ഭേദഗതികളോടെ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. അക്കൗണ്ടിംഗ് ചട്ടങ്ങൾ ആവിഷ്കരിച്ച് പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 36. | 178 | " | വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയുടെ പെൻഷൻ ഫണ്ട് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 37. | 181 | " | സർവകലാശാലയുടെ വരവ് ചെലവ് കണക്കുകളുടെ അതത് വർഷങ്ങളിലെ ഫണ്ട് തിരിച്ചുള്ള ശരിയായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നിലവിലെ അക്കൗണ്ടിംഗ് സിസ്റ്റത്തിലെ അപാകത പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 38. | 193 | " | സർക്കാരിൽ നിന്നും പ്ലാൻ ഫണ്ടിനത്തിൽ സർവകലാശാലയ്ക്ക് ലഭ്യമായ ധനസഹായത്തിന്റെ വിനിയോഗ നടപടികൾ തൃപ്തികരമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. വിനിയോഗിക്കാത്ത തുകയ്ക്കും തുക കൈമാറ്റം ചെയ്യാലുടനെയും വിനിയോഗ സർട്ടിഫിക്കറ്റ് കൊടുക്കുന്നത് ന്യായീകരിക്കാനാകാത്ത നടപടിയാണെന്നും ജില്ലാ പഞ്ചായത്തിലെ പ്ലാൻ ഫണ്ട് ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിലേക്ക് മാറ്റി പദ്ധതി 100% ആക്കുന്ന രീതി തെറ്റാണെന്നും സമിതി മുമ്പാകെ നൽകുന്ന വിവരങ്ങളിൽ വ്യക്തത ഉണ്ടാകണമെന്നും അല്ലാത്തവ അംഗീകരിക്കാൻ സാധിക്കില്ലെന്നും സമിതി വ്യക്തമാക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 39. | 194 | " | സർവകലാശാല പിന്തുടരുന്ന അക്കൗണ്ടിംഗ് സംവിധാനത്തിൽ അപാകതകളുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. സർവകലാശാലയുടെ തുക കൃത്യമായ അക്കൗണ്ടിംഗ് സമ്പ്രദായത്തിലൂടെ ചെലവഴിച്ചതിന്റെ രേഖകളടങ്ങുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 40. | 197 | " | വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബജറ്റ് അനുപാതം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 41. | 203 | " | അക്കൗണ്ടിംഗ് സമ്പ്രദായത്തിലെ പിഴവു മൂലം പരാമർശിത വർഷങ്ങളിലെ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്താൻ സാധിക്കാത്ത ബാങ്ക് അക്കൗണ്ടിലുണ്ടായിരുന്ന നീക്കിയിരിപ്പുതുക തുടർ വർഷങ്ങളിൽ ചെലവഴിച്ചതിന്റെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 42. | 209 | " | ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ചെലവിലും അധികരിച്ച തുക നൽകിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 43. | 210 | " | 2020-21-ലെ എ.ഐ.സി.ആർ.പി. പ്രോജക്ടുകളുടെ പ്ലാൻ വിഹിതം (25%) 2.04 കോടി അധികമായി നൽകിയതുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 44. | 215 | " | യു.ജി.സി.അധ്യാപകർക്ക് മാദണ്ഡങ്ങൾക്ക് വിരുദ്ധമായ പ്രതിഫലം നൽകിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദവിവരമടങ്ങിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 45. | 222 | " | സർവകലാശാലയ്ക്ക് നിലവിൽ എൻ.ഐ.സി.-ൽ നിന്നും സൗജന്യമായി ലഭിച്ച പുതിയ വേർഷൻ സോഫ്റ്റ്‌വെയറിന്റെ പൂർണ്ണ തോതിലുള്ള ഉപയോഗം അടങ്ങുന്ന വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 46. | 229 | " | കൃത്യമായ അക്കൗണ്ടിംഗ് സംവിധാനം രൂപപ്പെടുത്തിയില്ലെങ്കിൽ ഭാവിയിൽ പ്രശ്നങ്ങൾ നേരിടേണ്ടി വരുമെന്നും മറ്റ് സർവകലാശാലകളിൽ നിന്നും വ്യത്യസ്തമായി കാർഷിക സർവകലാശാലയുടെ പദ്ധതികൾക്ക് തുടർച്ചാ സ്വഭാവമുള്ളതുകൊണ്ട് അവരുടെ അക്കൗണ്ടിംഗ് രീതി ഓഡിറ്റിന്റെ അക്കൗണ്ടിംഗ് രീതിയിൽ നിന്നും തികച്ചും വ്യത്യസ്തമാണെന്നും സംസ്ഥാന ഓഡിറ്റ് വിഭാഗം അവരുടെ രീതിയനുസരിച്ച് പരിശോധിക്കുമ്പോൾ സർവകലാശാലയ്ക്ക് ലഭിക്കുന്ന തുകയും ചെലവഴിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നുണ്ടെന്നും പ്രസ്തുത സാഹചര്യത്തിലാണ് പദ്ധതികൾ മുന്നോട്ടു പോകാത്ത അവസ്ഥയുണ്ടാകുന്നതെന്നും സമിതി വിലയിരുത്തുന്നു. |
| 47. | 230 | " | വിനിയോഗം റദ്ദ് ചെയ്ത് പണം കൊടുത്തുവെന്ന് പറയുന്നത് ശരിയായിരിക്കാമെന്നും എന്നാൽ കണക്കുകൾ പ്രകാരമുള്ള രേഖകൾ ലഭ്യമല്ലെന്നും ഓഡിറ്റ് വിഭാഗം പിൻതുടരുന്ന സംവിധാനത്തിലേയ്ക്ക് വന്നില്ലെങ്കിൽ ഭാവിയിൽ തെറ്റുകൾ ആവർത്തിക്കാനുള്ള സാധ്യതയുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു |
| 48. | 231 | " | സർവകലാശാലയുടെ കുറേ പ്രവൃത്തികൾ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമാക്കി മാറ്റുകയെന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട വിഷയമെന്നും പ്രസ്തുത പ്രവർത്തനം മറ്റൊരു ഭാഗത്തും പോകുന്നത് ഗുണകരമായ രീതിയല്ലെന്നും അതുകൊണ്ട് ഇക്കാര്യത്തിൽ ക്രിയാത്മകമായ നടപടിയുണ്ടാകണമെന്നും ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്താനുള്ള നിർദ്ദേശമുണ്ടെങ്കിലും സർക്കാർ തലത്തിൽ നല്ല രീതിയിലുള്ള ഇടപെടൽ നടത്തി ആവശ്യമായ ഭേദഗതി വരുത്തിയില്ലെങ്കിൽ ഓഡിറ്റ് പരാമർശങ്ങൾ വരും വർഷത്തിലും ആവർത്തിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.